# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

പുസ്തകം 62 ലക്കം 8 നവംബർ 2022




## ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം



'നമ്മുടെ നാട്
ശുചിത്വത്തിന്റെ പാതയിൽ
നാടിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'
നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം
പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

നവംബർ 2022

## അകത്ത്






ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം 5

2023 ന്റെ പ്രതീക്ഷകൾ
ടി. ഷാഹുൽ ഹമീദ് 9

എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് പരിശീലന പരിപാടി തദ്ദേശ വകുപ്പിലെ ഉദ്യോഗസ്ഥർക്കായുള്ള പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം 12

ആരോഗ്യം വിസ്മരിക്കുന്ന കുടിയേറ്റ ജനത
ലോക കുടിയേറ്റ ദിനം ഡിസംബർ 18 14

ജൈവവൈവിധ്യത്തിന്റെ സുസ്ഥിര വിനിയോഗം വെല്ലുവിളികളും അവസരങ്ങളും
അജിത് വെണ്ണിയൂർ 17

ഓൺലൈൻ ഗെയിമുകൾക്ക് മൂക്കുകയർ വീഴുമോ? കേന്ദ്രസർക്കാർ പുതിയ കരട് ചട്ടം പുറത്തിറക്കി അഭിപ്രായങ്ങൾ ജനുവരി 17 നകം നൽകണം 21

കുറ്റമാറ്റത്തിന്റെ പിന്നാമ്പുറങ്ങൾ
അഡ്വ. വിനോദ് കായ്പ്പാടി 25

തളിർക്കുന്ന പ്രതീക്ഷകൾ
സിന്ധു തോമസ് 27

എച്ച് ഐ വി ബാധിതർ നേരിടുന്ന മനുഷ്യാവകാശ പ്രശ്നങ്ങൾ
ഡോ. പി. കെ. രാജഗോപാൽ 30

കുടുംബശ്രീ മൃഗസംരക്ഷണ പദ്ധതികൾ പ്രാദേശികതലത്തിൽ ഊർജിതമാക്കാൻ ഇനി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ സേവനം
ആശ എസ്. പണിക്കർ 32

നയി ചേത്ന
ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ കുടുംബശ്രീയുടെ സംസ്ഥാനതല ക്യാമ്പയിൻ 38

കഥ കഴിയുന്ന കളിത്തട്ടുകൾ
മുരളീധരൻ തഴക്കര 40


### പംക്തികൾ


വാർത്തകൾ വിശേഷങ്ങൾ 34

ഊരും പേരും - 28 35

എന്റെ മലയാളം 36

എന്ന് വായനക്കാർ 42

നവംബർ 2022
പുസ്തകം 62 ലക്കം 8
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഉപദേശക സമിതി

ചെയർമാൻ
**എം.ബി. രാജേഷ്**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
ശാരദാ മുരളീധരൻ ഐ.എ.എസ്.
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
എസ്. ഹരികിഷോർ ഐ.എ.എസ്.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. എം. ഉഷ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
സാബ്ലു തോമസ്
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ഷിബു കെ.കെ.
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എച്ച്. ദിനേശൻ ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
എച്ച്. ദിനേശൻ ഐ.എ.എസ്.
Email: directorofpanchayat@gmail.com
ഫോൺ: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ഷിബു കെ.കെ.
Email: prmdp2020@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 9847235884

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത്‌രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, കവടിയാർ പി.ഒ.
തിരുവനന്തപുരം 695003

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

**എഡിറ്റോറിയൽ**

# സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിന് സർക്കാരിനൊപ്പം

2022 നവംബർ പതിനാലാം തീയതി കൊച്ചിയിലെ സിയാൽ കൺവെൻഷൻ സെന്ററിൽ "ദാരിദ്ര്യരഹിതവും മെച്ചപ്പെട്ട ഉപജീവനമാർഗ്ഗങ്ങൾ ഉള്ളതുമായ ഗ്രാമപഞ്ചായത്തുകൾ" എന്ന വിഷയത്തിൽ ഒരു ദേശീയ ശില്പശാല സംഘടിപ്പിക്കുകയും ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തെക്കുറിച്ചുള്ള മൂന്ന ദിവസത്തെ പ്രസ്തുത ശില്പശാല മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി ഓരോരുത്തർക്കും തങ്ങളുടെ അനുഭവങ്ങൾ പങ്കിടാനുള്ള മികച്ച അവസരം സൃഷ്ടിച്ചതിലൂടെ പരസ്പര പ്രയോജനകരമായ ഒരു പുത്തൻ പഠനാനുഭവമായിത്തീരുകയും ചെയ്തത് സ്വാഭിമാനം പറയട്ടെ. ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം സാധ്യമാക്കുന്നതിൽ നമുക്ക് നേരിടേണ്ടിവരുന്ന വെല്ലുവിളികൾക്ക് സാധുവായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കണ്ടെത്തുന്നതിന് ഇത്തരം ശില്പശാലകളിലെ ചർച്ചകൾ വഴിയൊരുക്കുമെന്നത് നിസ്തർക്കമാണ്. സാമ്പ്രദായിക വികസന സങ്കല്പത്തിന്റെ സൂചികകളിൽ പൊളിച്ചെഴുത്തുനടത്തി ഇന്ത്യക്ക് തന്നെ മാതൃകയായി തീർന്ന കേരളം ഇത്തരമൊരു ശില്പശാലക്ക് ആതിഥേയത്വം വഹിച്ചത് അഭിമാനകരമാണ്. കേരളത്തിന്റെ ജനസംഖ്യയുടെ 0.64 ശതമാനം മാത്രം വരുന്ന അതിദരിദ്രരുടെ സവിശേഷമായ പ്രശ്നം ശാസ്ത്രീയമായി വിശകലനം നടത്തി സൂക്ഷ്മതല പങ്കാളിത്ത ആസൂത്രണത്തിലൂടെ അവർക്ക് പുതുജീവിതം ഉണ്ടാക്കികൊടുക്കുകയെന്ന പ്രത്യാശാനിർഭരമായ ദൗത്യമാണ് പ്രാദേശിക സർക്കാരുകളുടെ സഹായത്തോടെ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുള്ളത്.

മനുഷ്യനായി ജീവിക്കാൻ വിഘാതം സൃഷ്ടിക്കുന്ന എല്ലാ തടസ്സങ്ങളെയും സാമൂഹ്യ സുരക്ഷാകവചം ഒരുക്കി ഇല്ലാതാക്കി ദൃഢമായ സാമൂഹിക വലയം സൃഷ്ടിക്കുന്ന പ്രവർത്തനത്തിലാണ് ഇന്ന് കേരളം. കേരളം ലോകത്തിന് മുമ്പിൽ കാഴ്ചവെച്ച സാക്ഷരതാ പ്രസ്ഥാനം, ജനകീയാസൂത്രണം, കുടുംബശ്രീ, ആശ്രയ പദ്ധതി, വിശപ്പ് രഹിത കേരളം, സാമൂഹിക അടുക്കള എന്നിവക്കുശേഷം സ്വപ്നസദൃശമായ പുത്തൻ കാൽവെയ്പുകളിലാണ് കേരളം.

കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ ദൃശ്യാവിഷ്കാരങ്ങളും പാനൽ ചർച്ചകളും നടത്തി "ദാരിദ്ര്യരഹിതവും മെച്ചപ്പെട്ട ഉപജീവനമാർഗ്ഗങ്ങൾ ഉള്ളതുമായ ഗ്രാമപഞ്ചായത്തുകൾ" എന്ന വിഷയത്തിലെ ദേശിയ ശില്പശാല സജീവമാക്കി. കേരളസർക്കാർ അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള പദ്ധതി ആരംഭിക്കുകയും അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള ബഹുമുഖവും ബഹുകാലയളവുകളിലുള്ളതുമായ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ആസൂത്രണം ചെയ്തുവരുകയുംചെയ്യുമ്പോൾ ആധുനിക സമൂഹത്തിനുമുമ്പിൽ കേരളമോഡൽ എന്ന പുതിയ കാൽവെയ്പിൽ അണിചേർന്ന് നമുക്കും അഭിമാനിക്കാം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
ഡയറക്ടർ, എൽ.എസ്.ജി.ഡി (റൂറൽ)

> **"ഒരു മനുഷ്യൻ എന്നത് അയാളുടെ ചിന്തകളുടെ ഉല്പന്നമാണ്."**
> - മഹാത്മാ ഗാന്ധി




# ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണം

"ദാരിദ്ര്യരഹിതവും മെച്ചപ്പെട്ട ഉപജീവന മാർഗ്ഗങ്ങൾ ഉള്ളതുമായ ഗ്രാമപഞ്ചായത്തുകൾ" എന്ന വിഷയത്തിൽ 2022 നവംബർ പതിനാലാം തീയതി കൊച്ചിയിലെ സിയാൽ കൺവെൻഷൻ സെന്ററിൽ ഒരു ദേശീയ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകളിലെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തെക്കുറിച്ചുള്ള മൂന്നു ദിവസത്തെ ശില്പശാല പ്രമേയപരമായ ഔന്നത്യം കൊണ്ടും സംഘാടക മികവ് കൊണ്ടും ഏറെ ശ്രദ്ധിക്കപ്പെട്ടു. സെമിനാറിൽ കേന്ദ്ര പഞ്ചായത്തീരാജ് സഹമന്ത്രി ശ്രീ കപിൽ മുരേശ്വർ പാട്ടീൽ, കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശ്രീ വി .മുരളീധരൻ, കേരള സംസ്ഥാന തദ്ദേശ സ്വയം ഭരണ എക്സൈസ് വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് എന്നിവർ പങ്കെടുത്തു.

കേന്ദ്ര പഞ്ചായത്തീരാജ് സഹമന്ത്രി ശ്രീ. കപിൽ മുരേശ്വർ പാട്ടീൽ ദാരിദ്ര്യനിർമ്മാർജനത്തിൽ കേരളം മികച്ച നേട്ടമാണ് കൈവരിച്ചിരിക്കുന്നത് എന്ന് ചൂണ്ടിക്കാട്ടി.കേരളത്തിന്റെ ബജറ്റ് വിഹിതത്തിന്റെ നല്ലഭാഗം ദാരിദ്ര്യനിർമ്മാർജന പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചുവെന്നത് ഏറ്റവും പ്രശംസനീയമാണെന്ന് കൂടി അദ്ദേഹം കൂട്ടിച്ചേർത്തു. രാഷ്ട്രപിതാവ് മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമങ്ങളുടെ വികസനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ ഐക്യത്തോടെ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉദ്ഘാടന പ്രസംഗത്തിൽ കേന്ദ്രമന്ത്രി സൂചിപ്പിച്ചു. ഈ ലക്ഷ്യത്തിനായി പ്രവർത്തിക്കുമ്പോൾ നാം നേരിടുന്ന വെല്ലുവിളികളെ ലഘൂകരിക്കുന്നതിന് ബന്ധപ്പെട്ടവർക്കിടയിൽ ചർച്ചയിലൂടെ വഴികൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയാണ് ഇത്തരം ശില്പശാലകൾ സംഘടിപ്പിക്കുന്നതെന്ന് കേന്ദ്രമന്ത്രി കൂട്ടിച്ചേർത്തു. ഓരോ പഞ്ചായത്തിന്റെയും മൊത്തത്തിലുള്ള വികസനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പഞ്ചായത്തുകളുടെ തലവന്മാരോട് ആഹ്വാനം ചെയ്തു. പഞ്ചായത്തുകൾ സ്വന്തം നിലയിൽ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതിന്റെ അനിവാര്യതെ കേന്ദ്രമന്ത്രി സൂചിപ്പിച്ചു.




തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് ഇത്തരത്തിലുള്ള ഒരു ദേശീയ സമ്മേളനത്തിന് ആതിഥേയത്വം വഹിക്കാൻ കേരള സംസ്ഥാനത്തിന് അവസരം ലഭിച്ചത് ഏറെ അഭിമാനകരമാണെന്ന് അഭിപ്രായപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി തങ്ങളുടെ അനുഭവങ്ങൾ പങ്കിടാനുള്ള മികച്ച അവസരമാണിതെന്നും, ഇത് പരസ്പര പ്രയോജനകരമായ ഒരു പഠനാനുഭവമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു. ഒമ്പത് തീമുകളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവത്കരണത്തിന്റെ സാധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള വിപുലമായ അജണ്ടയാണ് ഈ സമ്മേളനത്തിലുള്ളതെന്നും അദ്ദേഹം സൂചിപ്പിച്ചു. പാർശ്വവൽക്കരണ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യേണ്ടതിന്റെ ദേശീയതല പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയാണ് ചർച്ച ലക്ഷ്യമിടുന്നത്. ഗ്രാമപഞ്ചായത്തുകൾ മുഖേനയുള്ള അടിസ്ഥാന സേവനങ്ങൾ വർദ്ധിപ്പിക്കുന്നതിനും, മെച്ചപ്പെട്ട സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനും ചർച്ചകൾ പ്രയോജനപ്പെടണം. ദാരിദ്ര്യം എന്നത് ബഹുമുഖം ആണെന്നും അതുകൊണ്ടുതന്നെ ദാരിദ്ര്യത്തിന് വിവിധ സൂചകങ്ങളെ കൂടി പരിഗണിക്കേണ്ടതായിട്ടുണ്ടെന്നും അദ്ദേഹം സൂചിപ്പിച്ചു. കേരളത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ വർഷങ്ങളിൽ പ്രളയം കോവിഡ് തുടങ്ങിയ ദുരന്തങ്ങളെ നേരിടേണ്ടിവന്ന അവസരത്തിൽ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വളരെ പ്രധാനപ്പെട്ടതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ദാരിദ്ര്യനിർമ്മാർജനത്തിൽ കേരളം ഒന്നാമതാണെന്ന് നീതി ആയോഗിന്റെ സൂചകങ്ങളിൽ പറയുന്നു. ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം എന്നീ സൂചകങ്ങളെ അടിസ്ഥാനപ്പെടുത്തി കേരളത്തിലെ ദാരിദ്ര്യ ശതമാനം എന്നതു ലേശം തുച്ഛമാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇപ്പോൾ കേരള സർക്കാർ അതിദരിദ്രരെ കണ്ടെത്താനുള്ള പദ്ധതി ആരംഭിച്ചിരിക്കുകയാണ്. സംസ്ഥാനത്തൊട്ടാകെ 64000 ദരിദ്രരെയാണ് ഈ പദ്ധതി പ്രകാരം കണ്ടെത്തിയിട്ടുള്ളത്. ഇവരുടെ ജീവിത നിലവാരം ഉയർത്താനുള്ള ഹ്രസ്വ ദീർഘകാല പദ്ധതികൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്തുവരികയാണ്. വരും വർഷങ്ങളിൽ കേരള സംസ്ഥാനത്തിലെ ദാരിദ്ര്യം ഉന്മൂലനം ചെയ്യുന്നതിൽ സംസ്ഥാനത്തിന് വിജയിക്കാൻ സാധിക്കും എന്ന് ഉറപ്പുണ്ടെന്ന് മന്ത്രി കൂട്ടിച്ചേർത്തു. സമ്മേളനത്തിൽ തുടർന്ന് നിരവധി വീഡിയോ അവതരണങ്ങളും പാനൽ ചർച്ചകളും നടന്നു.

**തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ എം ബി രാജേഷ് ഇത്തരത്തിലുള്ള ഒരു ദേശീയ സമ്മേളനത്തിന് ആതിഥേയത്വം വഹിക്കാൻ കേരള സംസ്ഥാനത്തിന് അവസരം ലഭിച്ചത് ഏറെ അഭിമാനകരമാണെന്ന് അഭിപ്രായപ്പെട്ടു. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി തങ്ങളുടെ അനുഭവങ്ങൾ പങ്കിടാനുള്ള മികച്ച അവസരമാണിതെന്നും ഇത് പരസ്പര പ്രയോജനകരമായ ഒരു പഠനാനുഭവമാണെന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചു.**

ദരിദ്രരെയും പ്രായമായവരെയും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെയും ലക്ഷ്യമിട്ടുള്ള "ഡിജിറ്റൽ ഉൾപ്പെടുത്തൽ" എന്ന വിഷയത്തെ സംബന്ധിച്ചാണ് കേരളത്തിൽ നിന്നുമുള്ള പുല്ലമ്പാറ പഞ്ചായത്തിലെ പ്രസിഡന്റ് ശ്രീ ബി രാജേഷ് വീഡിയോ അവതരണം നടത്തിയത്. ഇന്ത്യയിലെ തന്നെ ആദ്യത്തെ പൂർണ്ണ ഡിജിറ്റലൈസ്ഡ് ഗ്രാമമാണ് പുല്ലമ്പാറ. "ഡിജിറ്റൽ ഉൾപ്പെടുത്തൽ" പ്രധാനമായും രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും ഡിജിറ്റൽ സാക്ഷരതയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. പാവപ്പെട്ടവർക്കും പ്രായമായവർക്കും പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനും പ്രത്യേക ഊന്നൽ നൽകുന്ന പഞ്ചായത്താണിത്. ഡിജിറ്റൽ ഇടം ലഭ്യമാക്കാൻ പോലും സാധ്യമല്ലാത്ത ദുർബല ഗ്രൂപ്പുകൾക്ക് ഇത് അവർക്ക് പ്രാപ്യമാക്കാൻ ഈ പദ്ധതിയിലൂടെ സാധിച്ചു. ശ്രീ എം ബി രാജേഷിനോട് ഡിജിറ്റൽ ഇൻക്ലൂഷൻ പദ്ധതി നടപ്പിലാക്കിയപ്പോൾ ഇത് പഠിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളുടെ ലഭ്യത എങ്ങനെ കണ്ടെത്താൻ സാധിച്ചു, ഈ പദ്ധതി എങ്ങനെ നടപ്പിലാക്കി എന്നീ ചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. ബഹു. മുഖ്യമന്ത്രി വീഡിയോ കോൾ ചെയ്തു കൊണ്ടാണ് സമ്പൂർണ്ണ ഡിജിറ്റലൈസ്ഡ് ഗ്രാമം എന്ന പ്രഖ്യാപനം നടത്തിയതെന്നും ശ്രീ എം ബി. രാജേഷ് കൂട്ടിച്ചേർത്തു. എന്നാൽ നെറ്റ് വർക്ക് കവറേജ് എന്നത് ഇവർ നേരിട്ട വലിയൊരു പ്രശ്നമായിരുന്നു. പക്ഷേ ഇവയൊക്കെ മറികടക്കാനായി.

ഉത്തർപ്രദേശ് രാംപുര ഗ്രാമപഞ്ചായത്തിൽ നിന്നുള്ള ശ്രീ ഓംകാർ പാൽ പ്രധാൻ

ആണ് ശേഷം വീഡിയോ അവതരിപ്പിച്ചത്. ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള ഏകീകൃത സമീപനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വിവിധ പ്രവർത്തനങ്ങളെക്കുറിച്ചാണ് ഈ വീഡിയോയിൽ പ്രതിപാദിക്കുന്നത്. ഈ പഞ്ചായത്തിന്റെ പ്രധാന ലക്ഷ്യത്തിൽ പെടുന്നതായിരുന്നു ജലലഭ്യത ഉറപ്പാക്കുകയെന്നത്. ദാരിദ്ര്യ നിർമ്മാർജ്ജനം, ശിശുക്ഷേമം, ജലലഭ്യത ഉറപ്പാക്കൽ, ലിംഗസമത്വം, സാമൂഹിക സുരക്ഷ ഉറപ്പാക്കൽ, നല്ല ഭരണം തുടങ്ങിയ നിരവധി വ്യത്യസ്ത സ്കീമുകൾ സംയോജിപ്പിക്കുകയും രൂപപ്പെടുത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിലൂടെ എല്ലാവർക്കും വിദ്യാഭ്യാസവും ആരോഗ്യസുരക്ഷയും ഉറപ്പാക്കുകയെന്നതാണ് രാംപുര ഗ്രാമപഞ്ചായത്ത് മുന്നോട്ടു വയ്ക്കുന്ന ലക്ഷ്യം.

സാമൂഹിക വികസനത്തിലും വരുമാന വർദ്ധനവിലും സ്വയം സഹായ സംഘങ്ങളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്ന വീഡിയോ ഗ്രാമീണ വികസന മന്ത്രാലയം അവതരിപ്പിച്ചു. ആരോഗ്യം, പോഷകാഹാരം, ശുചിത്വം കൂടാതെ സ്വയം സഹായ സംഘങ്ങൾ ചലിപ്പിക്കുന്നതിനാവശ്യമായ അറിവുകൾ എന്നിവ നൽകുന്നതുവഴി സ്ത്രീകളുടെ മുഖ്യധാരാവത്കരണത്തിന് എത്രമാത്രം സഹായകമായി എന്ന് അവതരണത്തിൽ പ്രതിപാദിക്കുകയുണ്ടായി. ഇത്തരം പരിശീലനം ലഭിച്ച സ്വയം സഹായ സംഘങ്ങൾ സാമൂഹ്യ അവബോധം വളർത്തുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിലും വഹിച്ച പങ്ക് അവതരണത്തിൽ എടുത്തുപറഞ്ഞിട്ടുണ്ട്.

പരസ്പരബന്ധിതമായ വ്യത്യസ്ത തരം ഉപജീവനമാർഗ്ഗങ്ങളും, ഉൽപ്പന്നങ്ങളുടെ വിപണന സാധ്യതകളും സംബന്ധിച്ചുമുള്ള വീഡിയോ മിസ്സോറാം വില്ലേജ് കൗൺസിൽ അംഗമായ ശ്രീമതി ആർ. ലാൽ ബിയാഡ്കി അവതരിപ്പിച്ചു. സ്വയം സഹായ സംഘങ്ങളുടെ കഴിവുകളെ പരമാവധി പ്രയോജനപ്പെടുത്തി പ്രാദേശികമായ വികസന സാധ്യതകളെ തിരിച്ചറിഞ്ഞതിന്റെ നേർചിത്രമായിരുന്നു അവതരണം.ഇതിന്റെ ഭാഗമായി വനിത കർഷകരുടെ ക്ലബ്ബ് രൂപീകരിച്ചു.ഈ ക്ലബ്ബിലെ അംഗങ്ങൾ വിവിധ തരത്തിലുള്ള ഉപജീവന മാർഗ്ഗങ്ങളായ കോഴി വളർത്തൽ, പാള പ്ലേറ്റ് നിർമ്മാണം, അച്ചാർ നിർമ്മാണം, പന്നി വളർത്തൽ, നെയ്ത്ത്, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയിലൂടെ സുസ്ഥിര വരുമാനം കണ്ടെത്തി.

സ്വയം സഹായ സംഘങ്ങളും തൊഴിലും സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട വീഡിയോ ഒഡീഷയിലെ സുന്ദർ ഗാഹ് ജില്ല പഞ്ചായത്ത് മെമ്പർ ശ്രീമതി ജയന്തി എക്ക അവതരിപ്പിച്ചു. ഇവിടെയുള്ള ഗ്രാമീണ വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിൽ സ്വയം സഹായം /സംഘങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. സംരംഭകത്വ വികസനവുമായി ബന്ധപ്പെട്ട് പല തരത്തിലുള്ള വൈദഗ്ധ്യ പരിശീലനങ്ങളിൽ ഏർപ്പെടുകയും പഞ്ചായത്തിലെ ഓരോ വനിതകൾക്കും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ സ്വയം സഹായ സംഘങ്ങൾക്ക് വലിയ പങ്കുണ്ട്. ഗ്രാമീണ ദാരിദ്ര്യ ലഘൂകരണ പദ്ധതിയുടെ ഭാഗമായി ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ സ്വയം സഹായ സംഘങ്ങൾ എന്നും മുൻപന്തിയിൽ നിൽക്കുന്നു.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളും കമ്മ്യൂണിറ്റി ഓർഗനൈസേഷൻ/സ്വയം സഹായ സംഘങ്ങൾ എന്നിവയുടെ കൺവേർജൻസ് പരിപാടികളെക്കുറിച്ച് കുടുംബശ്രീ നാഷണൽ റിസോഴ്സ് ഓർഗനൈസേഷൻ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശ്രീ സജിത് സുകുമാരൻ വീഡിയോ അവതരിപ്പിച്ചു. ഗ്രാമസഭകളിൽ സ്വയം സഹായ സംഘങ്ങളിലെ വനിതകളുടെ പങ്കാളിത്തം, തീരുമാനമെടുക്കൽ പ്രക്രിയയിൽ അവരുടെ പങ്കിനെ വർദ്ധിപ്പിക്കുന്നു. അടിസ്ഥാന സൗകര്യ വികസനം, സാക്ഷരത, നേത്രരോഗ ക്യാമ്പുകൾ, ന്യൂട്രി ഗാർഡൻ തുടങ്ങിയ പ്രവർത്തനങ്ങൾ വനിതകളുടെ നേതൃത്വത്തിൽ നടക്കുമ്പോൾ സമൂഹത്തിൽ അവരുടെ പദവി ഉയരുകയും മുഖ്യധാരാവത്കരണവും കൂടി നടക്കുന്നതായി അവതരണത്തിൽ പറയുന്നു.

മൃഗസംരക്ഷണം/ക്ഷീരോൽപ്പാദനം ഉൾനാടൻ മത്സ്യബന്ധനം/പൂന്തോട്ടപരി



**സാമൂഹിക വികസനത്തിലും വരുമാന വർദ്ധനവിലും സ്വയം സഹായ സംഘങ്ങളുടെ പ്രാധാന്യത്തെ സൂചിപ്പിക്കുന്ന വീഡിയോ ഗ്രാമീണ വികസന മന്ത്രാലയം അവതരിപ്പിച്ചു. ആരോഗ്യം, പോഷകാഹാരം, ശുചിത്വം കൂടാതെ സ്വയം സഹായ സംഘങ്ങൾ ചലിപ്പിക്കുന്നതിനാവശ്യമായ അറിവുകൾ എന്നിവ നൽകുന്നതുവഴി സ്ത്രീകളുടെ മുഖ്യധാരാവൽക്കരണത്തിന് എത്രമാത്രം സഹായകമായി എന്ന് അവതരണത്തിൽ പ്രതിപാദിക്കുകയുണ്ടായി.**




പാലനം/ചെറുകിട വ്യവസായ വികസനം ചെറുകിട/ കുടിൽ വ്യവസായം എന്നിവയിലൂടെ അനുബന്ധ വരുമാനം വർധിപ്പിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ പങ്കിനെക്കുറിച്ചുള്ള വീഡിയോ അവതരിപ്പിച്ചത് ജൽഖാന ബത്തുഖാന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. മീരാ ദേവിയായിരുന്നു. ജൽഖാന ബത്തുഖാന പഞ്ചായത്തിനെ ദാരിദ്ര്യരഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു. വിവിധ സർക്കാർ പദ്ധതികളുടെ സഹായത്തോടെ, തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ജനങ്ങളുടെ ജീവിതവും ഉപജീവനവും മെച്ചപ്പെടുത്താൻ സഹായിക്കുന്നു. യന്ത്രസാമഗ്രികൾ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് അവർ സ്വന്തമായി കാർഷിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്തു. പാൽ, പാൽ ഉൽപന്നങ്ങൾ, കൂൺ എന്നിവയുടെ ഉത്പാദനം കൂലി വരുമാനത്തിന്റെയും ഉപജീവനമാർഗത്തിന്റെയും ഉറവിടമാണ്. പഞ്ചായത്തും തങ്ങളുടെ പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

സോളാർ എനർജിയെക്കുറിച്ചുള്ള വീഡിയോ അവതരിപ്പിച്ചത് പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വിനീത മോഹൻദാസ് ആയിരുന്നു. തൃശ്ശൂർ ജില്ലയിലെ ഒരു ചെറിയ ഗ്രാമപഞ്ചായത്താണ് പെരിഞ്ഞനം. ഈ പഞ്ചായത്ത് 2015-2020 വർഷത്തിലാണ് സമ്പൂർണ്ണ സോളാർ പദ്ധതി നടപ്പിലാക്കിയത്. സോളാർ റൂഫ്ടോപ്പ് എനർജിയെക്കുറിച്ചും അതിന്റെ ഗുണങ്ങളെക്കുറിച്ചും ഗ്രാമപഞ്ചായത്ത് നിവാസികളെ ബോധവത്കരിക്കുന്നതിന് സെമിനാറുകൾ നടത്തി. ബോധവൽക്കരണ പരിപാടിയിൽ ഓരോ തവണയും വൻ ജനക്കൂട്ടം പങ്കെടുത്തു. ഇതിന്റെയെല്ലാം ഫലമായി 352 വീടുകളിൽ സോളാർ സെൽ ഘടിപ്പിക്കാനായി. തൽഫലമായി വീടുകളിലെ ഇലക്ട്രിസിറ്റി ബില്ലിൽ വൻതോതിൽ കുറവ് വരുത്തുവാൻ സാധിച്ചുവെന്നത് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടമാണ്. ഊർജ്ജ ഉപഭോക്താക്കൾ എന്ന നിലയിൽ നിന്നും ഊർജ്ജ ഉൽപ്പാദകരായി പെരിഞ്ഞനം ഗ്രാമവാസികൾ മാറിക്കഴിഞ്ഞു.

**സോളാർ എനർജിയെക്കുറിച്ചുള്ള വീഡിയോ അവതരിപ്പിച്ചത് പെരിഞ്ഞനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വിനീത മോഹൻദാസ് ആയിരുന്നു. തൃശ്ശൂർ ജില്ലയിലെ ഒരു ചെറിയ ഗ്രാമപഞ്ചായത്താണ് പെരിഞ്ഞനം. ഈ പഞ്ചായത്ത് 2015-2020 വർഷത്തിലാണ് സമ്പൂർണ്ണ സോളാർ പദ്ധതി നടപ്പിലാക്കിയത്**

ദാരിദ്ര്യം പരിഹരിക്കുന്നതിൽ പഞ്ചായത്തുകളുടെ പങ്ക് എന്ന വിഷയത്തിൽ പാനൽ ചർച്ച നടന്നു. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം സെക്രട്ടറി ശ്രീ. സുനിൽ കുമാർ ചർച്ചയിൽ അധ്യക്ഷനായി. ഗ്രാമീണ മേഖലയിലെ ദാരിദ്ര്യം പരിഹരിക്കുന്നതിൽ പഞ്ചായത്തുകളുടെ പങ്കിന്റെ സാധ്യതയും പ്രാധാന്യവും ചർച്ചയിൽ ഉയർന്നുവന്നു. ഗ്രാമപഞ്ചായത്തുകളിലെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉദ്യോഗസ്ഥർ, ഡൊമെയ്ൻ വിദഗ്ധർ, പ്രശസ്ത അക്കാദമിക്, ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവർ പാനൽ ചർച്ചയിൽ പങ്കെടുത്തു. പഞ്ചായത്തുകൾ മുഖേനയുള്ള സാമൂഹിക, സാമ്പത്തിക, പരിസ്ഥിതി സംരക്ഷണത്തിനുള്ള സുരക്ഷാ വലയത്തെക്കുറിച്ചുള്ള ചർച്ചയിൽ കേരള സർക്കാർ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഷർമിള മേരി ജോസഫ് അധ്യക്ഷത വഹിച്ചു. ഗ്രാമവികസന മന്ത്രാലയത്തിന്റെ ദേശീയ സാമൂഹിക സഹായ പദ്ധതിയെക്കുറിച്ചുള്ള വീഡിയോ ഫിലിം ശ്രീ റോബിൻ ജോർജ്ജ് (ജോയിന്റ് ഡയറക്ടർ, ഗ്രാമവികസന വകുപ്പ്, ഹിമാചൽ പ്രദേശ്) അവതരിപ്പിച്ചു.കേരളത്തിൽ നിന്നുള്ള ദാരിദ്ര്യരഹിതവും മെച്ചപ്പെടുത്തിയതുമായതും ഉപജീവന സാഹചര്യങ്ങളുള്ളതുമായ ഗ്രാമപഞ്ചായത്തുകൾ എന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ചയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീമതി. ശാരദാ മുരളീധരൻ അധ്യക്ഷത വഹിച്ചു.

ഗ്രാമീണ മേഖലയിലെ ദാരിദ്ര്യ ലഘൂകരണത്തിൽ സ്വയം സഹായ സംഘങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ.ജാഫർ മാലിക് ഐഎഎസ് വീഡിയോ ഫിലിം അവതരിപ്പിച്ചു സംസാരിച്ചു.

കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളിലെ പ്രതിനിധികളുടെ ക്രിയാത്മക പങ്കാളിത്തംകൊണ്ടും ശാസ്ത്രീയമായി വിവിധ വിഷയങ്ങളിൽ ദൃശ്യാവിഷ്കാരങ്ങളും പാനൽ ചർച്ചകളും ക്രമീകരിച്ചതും ശില്പശാല വേറിട്ട ഒരു ദൃശ്യശ്രാവ്യ അനുഭവമായി തീർന്നു. □




# 2023 ന്റെ പ്രതീക്ഷകൾ

■ ടി. ഷാഹൽ ഹമീദ്

2022 വിട പറയുമ്പോൾ ലോകത്ത് പുതിയ രാഷ്ട്രീയ പ്രശ്നങ്ങൾ ഉയർന്നു വരികയാണ്. റഷ്യ ഉക്രൈൻ യുദ്ധം പുതിയ തലത്തിലേക്ക് വളർന്ന് രാജ്യങ്ങളുടെ സമ്പദ് വ്യവസ്ഥകളെ പോലും തകിടം മറിക്കുന്ന രീതിയിൽ ആഗോള പ്രശ്നമായിട്ടും അത് പരിഹരിക്കുവാനുള്ള സംവിധാനത്തിന്റെ അപര്യാപ്തത നേരിൽ കണ്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് 2023 പിറന്നുവീഴാൻ വേണ്ടി പോകുന്നത്. കോവിഡ് 19 ലോക സമ്പദ് വ്യവസ്ഥയിൽ ഉണ്ടാക്കിയ 3.7 ട്രില്യൺ യുഎസ് ഡോളർ സാമ്പത്തിക വിടവിന്റെ കൈപ്പേറിയ അനുഭവങ്ങളിൽ നിന്നും ലോകം രക്ഷപ്പെടുന്ന ഘട്ടത്തിലാണ് കോവിഡ് 19 ന്റെ പുതിയ വകഭേദം BF. 7 ചില രാജ്യങ്ങളിൽ കൂടി വരുന്നത് 2023ന്റെ നെഞ്ചിടിപ്പാണ്. നാലാം വ്യവസായ വിപ്ലവം സാങ്കേതിക മുന്നേറ്റം യാഥാർത്ഥ്യമാക്കിയെങ്കിലും ലോകത്ത് ഇത് അപായസാധ്യതയും തലമുറകൾ തമ്മിലുള്ള വിടവും വർദ്ധിക്കാൻ ഇടയാക്കി. യൂണിസെഫിന്റെ അഭിപ്രായത്തിൽ ലോകത്ത് 1.8 ട്രില്യൺ മണിക്കൂർ വിദ്യാഭ്യാസമാണ് കോവിഡ് 19 നഷ്ടപ്പെടുത്തിയത്, അത് പരിഹരിച്ച് വിദ്യാഭ്യാസം സാധാരണ നിലയിലേക്കാകുമ്പോഴേക്കാണ് പുതിയ കോവിഡ് ഭീഷണി 2023 ന്റെ വലിയ വെല്ലുവിളിയായി ഉയർന്നുവരുന്നത്.

2022ൽ 95 ദശലക്ഷം പേർ അതിദാരിദ്ര്യത്തിലേക്ക് പുതുതായി കടന്നുവന്നു എന്ന സാഹചര്യം 2023ലും തുടരുമെന്നാണ് വിവിധ രാജ്യങ്ങളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുമ്പോൾ മനസ്സിലാകുന്നത്. ലോകത്ത് വ്യക്തികളുടെയും രാജ്യങ്ങളുടെയും കടം വർദ്ധിക്കുന്നു. കോർപ്പറേറ്റുകളുടെ കടം രാജ്യങ്ങൾ ഏറ്റെടുക്കുമ്പോൾ വ്യക്തികൾ കൂടുതൽ കടത്തിലെ കാണാക്കയത്തിൽ അകപ്പെടുന്നു. ലോകത്ത് 483 ബില്യൺ യുഎസ് ഡോളറിന്റെ നികുതിവെട്ടിപ്പുകൾ കോർപ്പറേറ്റുകളുടെ നേതൃത്വത്തിൽ നടക്കുന്നു എന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പ്രസ്തുത നികുതിവെട്ടിപ്പുകൾ തടഞ്ഞു കോർപ്പറേറ്റുകളിൽ നിന്നും വലിയ നികുതി ഈടാക്കി സോളിഡാരിറ്റി ടാക്സ് ഏർപ്പെടുത്തി പ്രയാസം അനുഭവിക്കുന്ന ജനതയെ സഹായിക്കണമെന്ന പുതിയ ആവശ്യം 2023ൽ ഉയർന്നുവരാൻ സാധ്യതയുണ്ട്. കാരണം ലോകത്തിലെ 70% ജനങ്ങളും ഏതെങ്കിലും തരത്തിലുള്ള അസമത്വം നേരിടുന്നു, കൂടാതെ 274 ദശ ലക്ഷം പേർക്ക് അടിയന്തിര മാനുഷിക പരിഗണന ലഭിക്കേണ്ടതായിട്ടുണ്ട്. ഇതിന് 141 ബില്യൺ യു എസ് ഡോളർ പണം ആവശ്യമാണ്. ഇത് കണ്ടെത്താനുള്ള എളുപ്പ മാർഗമാണ് വരുമാനം കൂടുതൽ ഉള്ളവരിൽ നിന്ന് നികുതി ചുമത്തുക



എന്നത്. ഇന്ത്യയിൽ മാത്രം കഴിഞ്ഞ ആറ് വർഷത്തിനിടയിൽ 11.18 ലക്ഷം കോടി രൂപയുടെ കോർപ്പറേറ്റുകളുടെ വായ്പയാണ് എഴുതി തള്ളിയത്, 2022ൽ മാത്രം ഒരു ലക്ഷം കോടി രൂപ എഴുതിത്തള്ളി എന്നാണ് പാർലമെന്റ് രേഖകൾ വ്യക്തമാക്കുന്നത്. 2023 ൽ ഈ പ്രവണത വർധിക്കാനാണ് സാധ്യത.

രാജ്യങ്ങൾ നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭരണപരിഷ്കാരങ്ങൾ ജനങ്ങളെ ചിലയിടങ്ങളിലെങ്കിലും അരക്ഷിതാവസ്ഥയിലേക്ക് തള്ളിവിടുന്നു. റഷ്യ ഉക്രൈൻ യുദ്ധം ലോകത്ത് സൃഷ്ടിച്ച വിപത്ത് 2023ലും തുടരും. ജനങ്ങൾ പുതിയ സ്വഭാവങ്ങളെയും ഇഷ്ടങ്ങളെയും തേടി സഞ്ചരിക്കുമ്പോൾ സാമ്പ്രദായിക ഭരണവുമായി പോകുന്ന രാജ്യങ്ങൾ ബുദ്ധിമുട്ടിലാകുന്നത് 2022 ന്റെ ബാക്കി പത്രമാണ്.

2021 ൽ ലോകത്താകമാനം 3330 സാമൂഹിക സുരക്ഷാ പദ്ധതികൾ ഉണ്ടായെങ്കിലും അത് ലോക ജനസംഖ്യയിലെ തൊഴിലെടുക്കുന്ന വിഭാഗങ്ങളിലെ 30.6% ന് മാത്രമേ സുരക്ഷിതത്വം ഉണ്ടാകുന്നുള്ളൂ. 2021ൽ 53 രാജ്യങ്ങളിലായി 19.3 കോടി ജനങ്ങൾ ഭക്ഷ്യ പ്രതിസന്ധി നേരിട്ടു എന്നത് 2023 ലും തുടരും എന്നാണ് ഊഹിക്കുന്നത്. ഇന്റർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്ചർ (ഐ യു സി എൻ)ന്റെ അഭിപ്രായത്തിൽ ലോകത്തെ 25% നിലവിലുള്ള സസ്യങ്ങളും ജീവജാലങ്ങളും വംശനാശം നേരിടുന്നു. ഇത് 2023 ൽ ഒരു വലിയ അജണ്ടയായി ലോകരാജ്യങ്ങൾക്ക് മുമ്പിൽ മാറേണ്ടതായിട്ടുണ്ട്.

**അന്താരാഷ്ട്ര വിമാന യാത്രക്കാരുടെ എണ്ണം 50 വർഷത്തിനിടയിൽ 200 ദശലക്ഷത്തിൽ നിന്നും 150 കോടിയായി വർധിച്ചത് 2023 ലും തുടരാൻ സാധ്യത ഉള്ളപ്പോൾ അത് ഉണ്ടാകുന്ന പാരിസ്ഥിതിക ബുദ്ധിമുട്ട് പരിഹരിക്കുവാൻ ലോകത്ത് കൂട്ടായ പരിശ്രമങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്.**

അന്താരാഷ്ട്ര വിമാന യാത്രക്കാരുടെ എണ്ണം 50 വർഷത്തിനിടയിൽ 200 ദശലക്ഷത്തിൽ നിന്നും 150 കോടിയായി വർധിച്ചത് 2023 ലും തുടരാൻ സാധ്യത ഉള്ളപ്പോൾ അത് ഉണ്ടാകുന്ന പാരിസ്ഥിതിക ബുദ്ധിമുട്ട് പരിഹരിക്കുവാൻ ലോകത്ത് കൂട്ടായ പരിശ്രമങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ അഭിപ്രായത്തിൽ 52 ദശലക്ഷം പേർ നിലവിലുള്ള തൊഴിലിടങ്ങളിൽ നിന്നും അപ്രത്യക്ഷമാകും. പാരീസ് ഉടമ്പടി പ്രകാരം ലോകത്തിന്റെ ചൂട് 2 ഡിഗ്രി സെൽഷ്യസ് താഴെയാക്കുന്നതിന് വേണ്ടി വിവിധ രാജ്യങ്ങളിൽ 18 ദശലക്ഷം പുതിയ തൊഴിലവസരങ്ങൾ 2023 ൽ ഉണ്ടാകുമെന്ന് കാണാക്കപ്പെടുന്നു. ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ അഭിപ്രായത്തിൽ 187 രാജ്യങ്ങളിൽ 90% തൊഴിലാളികൾക്കും അന്താരാഷ്ട്ര നിലവാരത്തിലുള്ള മിനിമം കൂലി ലഭിക്കുന്നില്ല എന്നത് 2023ലും തുടരുമെന്ന് ഏതാണ്ട് ഉറപ്പാണ്.

ആഗോള ആഭ്യന്തര ഉൽപാദനത്തിന്റെ വളർച്ച നിലവിലുള്ള 3.2 % ൽ നിന്നും 2023 ൽ 2.7 % ആയി കുറയുമെന്ന് പ്രവചിക്കപ്പെടുന്നു, ലോകത്തെ 3 വലിയ സാമ്പത്തിക ശക്തികളായ അമേരിക്ക, യൂറോപ്യൻ യൂണിയൻ, ചൈന എന്നീ സമ്പദ്‌വ്യവസ്ഥകൾ വലിയ പ്രതിസന്ധി 2023 ൽ നേരിടുമെന്ന് ഉറപ്പാണ്. 2023 ആകുമ്പോഴേക്കും ചൈനയുടെ അപ്രമാദിത്വം പല മേഖലകളിലും കുറയുമെന്ന് പ്രവചിക്കപ്പെടുന്നു.

ഇന്റർനാഷണൽ മോണിറ്ററിംഗ് ഫണ്ടിന്റെ കണക്കുപ്രകാരം ഹരിത ഗൃഹ വാതകങ്ങളുടെ ബഹിർഗമനം 2030 ആകുമ്പോഴേക്കും 20% വർദ്ധിക്കും, കാർബൺ പുറത്തുവിടുന്നതിന് പണം ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കുവാൻ 2023ൽ കൂടുതൽ രാജ്യങ്ങൾ മുന്നോട്ടു വരും. നിലവിൽ ഉൽപാദിക്കപ്പെടുന്ന ഉത്പന്നങ്ങളിൽ 78% വും പ്രകൃതിക്ക് ഇണങ്ങിയ രീതിയിൽ മാറിയാൽ മാത്രമേ 2030 ൽ സുസ്ഥിര വികസന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. വായുമലിനീകരണം 2023 ൽ വലിയ പ്രശ്നമായി മാറും എന്നാണ് വിശ്വസിക്കുന്നത്. ശുദ്ധമായ വായു മനുഷ്യാവകാശത്തിന്റെ ഒരു പ്രധാന ഘടകമാണ്. ഒരു ദിവസം ഒരു മനുഷ്യന് 5.75 ലിറ്റർ ഓക്സിജൻ ആവശ്യമുണ്ട്. ഇത് പൂർണമായും ശുദ്ധമായും ലഭിക്കുന്നതിന് വലിയ ഇടപെടൽ രാജ്യങ്ങൾ നടത്തണം. ലോകത്ത് ഏറ്റവും കൂടുതൽ വായു മലിനീകരണം നടക്കുന്നത് ബംഗ്ലാദേശിലും, ഇന്ത്യയിലുമാണ്. മനുഷ്യന്റെ ആയുസ്സിന്റെ 2.2 വർഷം വായു മലിനീകരണം ചുരുക്കമെന്നാണ് കണക്കാക്കുന്നത്. നിലവിലുള്ള കാർബൺ ബഹിർഗമനത്തിന്റെ 60% കുറക്കുവാൻ ഇലക്ട്രിക് വാഹനങ്ങൾ കൊണ്ട് സാധിക്കും എന്നതിനാൽ 2023 ഇലക്ട്രിക് വാഹനങ്ങളുടെ വർഷമായി മാറാൻ സാധ്യതയുണ്ട്.ലോകത്ത് ഏറ്റവും കൂടുതൽ. 32% കാർബൺ പുറത്ത് വിടുന്നത് ചൈനയാണ്.

ലോകത്ത് 260 കോടി ജനങ്ങൾ പാചകം ചെയ്യുന്നത് നിലവിൽ പരമ്പരാഗത രീതിയിലാണ് അവർക്ക് 2023ൽ ഗ്യാസ് ലഭിക്കുമോ എന്നത് ലോകം ഉറ്റു നോക്കുന്നു. വൈദ്യുതി ആവശ്യം 82. 88% വളർച്ച നേരിടുമ്പോൾ പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ 2023 ൽ അതിവേഗം വികസിക്കും എന്ന് പ്രതീക്ഷിക്കുന്നു.

വേൾഡ് എക്കണോമിക് ഫോറത്തിന്റെ റിപ്പോർട്ട് പ്രകാരം ലോകത്തിലെ ആഭ്യന്തര ഉൽപാദനത്തിന്റെ 50% ഉൽപ്പന്നങ്ങളും പ്രകൃതിയുമായി അഭേദ്യമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ ലോകത്തെ ജൈവവൈവിധ്യ സമ്പത്ത് പൂർണ്ണമായി സംരക്ഷിക്കുന്നതിന് ഉൽപ്പന്നങ്ങൾ കൂടുതൽ പ്രകൃതി സൗഹൃദമാകേണ്ടതായിട്ടുണ്ട്. കൂടാതെ ലോകത്ത് 840 ദശലക്ഷം പേർക്ക് വൈദ്യുതി ലഭിക്കുന്നില്ല. അവർ ഇരുട്ടിൽ നിന്നും 2023 ൽ മോചിതരാകുമോ എന്നത് കാത്തിരുന്നു കാണാം. കുടിവെള്ളത്തിൽ നിന്ന് വിഷാംശം നീക്കം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യ കണ്ടുപിടിച്ചത് 2022 നൽകിയ ശുഭാപ്തിവിശ്വാസമായിരുന്നു. അതുപോലെ ജനങ്ങൾക്ക് നേരിട്ട് ഗുണം ലഭിക്കുന്ന പുതിയ കണ്ടു പിടിത്തങ്ങൾക്കായി 2023 സാക്ഷ്യം വഹിക്കട്ടെ എന്ന് പ്രത്യാശിക്കാം. ലോകത്തെ 17% വനങ്ങളും കഴിഞ്ഞ 50 വർഷത്തിനിടയിൽ നശിപ്പിക്കപ്പെട്ടു എന്നത് 2023 ലും ആവർത്തിക്കപ്പെടാതിരിക്കാനുള്ള ജാഗ്രത ഉണ്ടാകണം.

വിദ്യാഭ്യാസവും നൈപുണ്യവും തമ്മിലുള്ള വിടവ് കുറയ്ക്കുക എന്നത് ലോകരാജ്യങ്ങൾ 2023 ൽ ലക്ഷ്യമിടുന്ന ഒരു പ്രധാന പ്രവർത്തനമാണ്. വിദ്യാഭ്യാസ മേഖലയിൽ 2025 ആകുമ്പോഴേക്കും 41% പുതിയ തൊഴിലവസരങ്ങൾ നിലവിലുള്ള വിദ്യാഭ്യാസ രീതിയിൽ നിന്ന് മാറിയാൽ ഉണ്ടാകും എന്ന് കണക്കാക്കപ്പെടുന്നു. വളർന്നു വരുന്ന തലമുറക്ക് നൈപുണ്യ ശേഷി വർദ്ധിപ്പിക്കുവാൻ 400 ബില്യൺ യുഎസ് ഡോളർ വേണ്ടിവരും ഇത് എങ്ങനെ സംഘടിപ്പിക്കുമെന്നത് ലോക രാജ്യങ്ങളെ അലട്ടുന്ന വലിയ പ്രശ്നമാണ്. കൃത്രിമ ബുദ്ധി അടക്കമുള്ള എല്ലാ പുതിയ സാങ്കേതികവിദ്യകളുടെയും വിവരങ്ങൾ ഇംഗ്ലീഷിലാണ് രേഖപ്പെടുത്തി വയ്ക്കുന്നത് ഇത് ഇംഗ്ലീഷ് അറിയാത്തവർക്ക് ഉണ്ടാക്കുന്ന അങ്കലാപ്പ് 2023 ലും ആവർത്തിക്കപ്പെടും. പ്രതിദിനം 400 കോടി ജനങ്ങൾ ഇന്റർനെറ്റിലൂടെ കലാകായിക മത്സരങ്ങളും, മറ്റു വിനോദ സംവിധാനങ്ങളും കാണുമ്പോൾ അത് 2023 ലും തുടരുമെന്നാണ് പ്രതീക്ഷിക്കുന്നത്.ഖത്തർ ലോകകപ്പ് ഉദ്ഘാടനം



ലോകത്തെ 450 കോടി ജനങ്ങൾ കണ്ടു എന്നാണ് കണക്കാക്കപ്പെടുന്നത്.

ഓൺലൈൻ വഴിയുള്ള ഗിഗ് സമ്പത്ത് വ്യവസ്ഥ 2023 ലും വളർച്ച രേഖപ്പെടുത്തി തുടരും, സ്ഥിരമായി ജോലി എന്നതിന് പകരം പീസ് വർക്ക് ആയി ജോലി ചെയ്യുന്ന ഒരു പ്രവണതയാണ് ലോകത്ത് ആകമാനം തുടരുന്നത്.

ലോകത്ത് ഓരോ 11 മിനിറ്റിലും പങ്കാളികളാലോ, അടുത്ത ബന്ധുക്കളാലോ ഒരു സ്ത്രീ കൊല്ലപ്പെടുന്നു. ഇത് 2023 ൽ കുറയുമോ എന്നത് ലോകം പ്രതീക്ഷയോടെ നോക്കി നിൽക്കുന്നു. ലോകത്ത് ലിംഗസമത്വം നേടാൻ ഇനിയും 132 വർഷം വേണ്ടിവരുമെന്നത് അഫ്ഗാനിസ്ഥാനിലെ പുതിയ സംഭവ വികാസങ്ങൾ 2023 വർഷത്തെ പ്രയാസപ്പെടുത്തും. വിവിധ രാജ്യങ്ങളുടെ കറൻസിക്ക് മൂല്യ ശോഷണം സംഭവിച്ചത് ശ്രീലങ്കൻ പശ്ചാത്തലത്തിൽ ലോകം കണ്ടതാണ് ഇത് കൂടുതൽ രാജ്യങ്ങളുടെ കറൻസിയെ 2023 ൽ ബാധിക്കും. 1947ൽ ഇന്ത്യക്ക് ഒരു യുഎസ് ഡോളർ ലഭിക്കണമെങ്കിൽ 4.16 രൂപ നൽകിയാൽ മതിയായിരുന്നു. ഇന്ന് 79 രൂപയിലധികം നൽകണം ഇത് കൂടുതൽ വർദ്ധിക്കാനാണ് സാധ്യത.

ലോകത്ത് 2021ൽ 2052 പേർക്ക് 56 രാജ്യങ്ങളിലായി വധശിക്ഷ വിധിച്ചിട്ടുണ്ട് 2023ൽ ഇത് കുറയുമോ എന്നത് ലോകം പ്രതീക്ഷയോടെ ഉറ്റു നോക്കുന്നു. ലോക രാജ്യങ്ങളുടെ പ്രതിരോധ ചെലവ് വലിയ രീതിയിൽ വർദ്ധിക്കുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു ഇന്ത്യയുടെ കഴിഞ്ഞ വർഷത്തെ പ്രതിരോധ ചെലവ് 5.87 ലക്ഷം കോടിയാണ്,

ഭാവിയിൽ വരാൻ പോകുന്ന മാറ്റങ്ങൾ ഉൾക്കണ്ഠാജനകമാണ് എല്ലാ ജീവിത വ്യാപാരങ്ങളും വെർച്വൽ ലോകത്തിലൂടെയാണ് നടക്കാൻ പോകുക, സൗരയൂഥത്തിൽ ഇതുവരെ 5000 ഗ്രഹങ്ങൾ കണ്ടെത്തിയതിൽ 2022 മാത്രം 65 ഗ്രഹങ്ങൾ മനുഷ്യർ കണ്ടെത്തി പുതിയ ഗ്രഹങ്ങളും പുതിയ പുതിയ വാസസ്ഥലങ്ങളും കണ്ടെത്തുന്നതിന് ലോകരാജ്യങ്ങൾ 2023 നെ വേദിയാക്കുമെന്നത് തീർച്ചയാണ്.

ആണവായുധ ഭീഷണി, പലിശ നിരക്ക് കൂട്ടൽ, ജീവിത ചെലവ് വർദ്ധിക്കൽ, തൊഴിലില്ലായ്മ, അസമത്വം, പട്ടിണി, കൂട്ട പാലായനം, ആരോഗ്യ രംഗത്തുള്ള വെല്ലുവിളികൾ, തൊഴിലില്ലായ്മ, ലൈംഗികാതിക്രമം, അഴിമതി, ഭികരത തുടങ്ങിയവ 2023 ലും ലോക രാജ്യങ്ങളുടെ മുൻപിൽ പരിഹരിക്കപ്പെടാതെ കിടക്കുമെന്നത് നിലവിലെ ലോക ക്രമം നേരിട്ട് മനസിലാക്കിയാൽ സാധിക്കുന്നതാണ്. □

*(ലേഖകൻ നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയാണ്.)*




# എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് പരിശീലന പരിപാടി

## തദ്ദേശവകുപ്പിലെ ഉദ്യോഗസ്ഥർക്കായുള്ള പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം

ഊർജ്ജ സംരക്ഷണ നിയമം 2001 (2001 ലെ കേന്ദ്ര നിയമം 52) ഏകോപിപ്പിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള സംസ്ഥാന നിയുക്ത ഏജൻസിയാണ് (SDA) എനർജി മാനേജ്മെന്റ് സെന്റർ.

കേരള സർക്കാർ വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളിലെ ഊർജ്ജ സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് (KSECBC) റൂൾസ് 2017 വിജ്ഞാപനം ചെയ്യുകയും ഈ നിയമത്തിന്റെ വ്യവസ്ഥകൾ 2019 ലെ കേരള മുനിസിപ്പൽ / പഞ്ചായത്ത് ബിൽഡിംഗ് നിയമങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്.

മേല്പറഞ്ഞിരിക്കുന്ന വിജ്ഞാപന പ്രകാരം 100 KW അല്ലെങ്കിൽ അതിൽ കൂടുതലോ കണക്റ്റഡ് ലോഡ്, അല്ലെങ്കിൽ 120 KVA യോ അതിൽ കൂടുതലോ കോൺട്രാക്ട് ഡിമാൻഡ്, 500 ച. മീറ്ററോ അതിലധികമോ എയർകണ്ടീഷൻ ചെയ്ത ഇടമുള്ളതോ ആയ വാണിജ്യ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങൾ KSECBC വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

മാത്രമല്ല ഗാർഹിക കെട്ടിടങ്ങൾക്കായി ഇന്ത്യാ ഗവൺമെന്റ് രണ്ട് വാല്യങ്ങളിലായി പുറത്തിറക്കിയ "ഇക്കോ നിവാസ് സംഹിത (ENS) എന്ന ഊർജ്ജ സംരക്ഷണ കോഡ് "സംസ്ഥാനത്തിൽ വിജ്ഞാപനം ചെയ്യുവാനുള്ള നടപടികളും പുരോഗമിച്ചു വരികയാണ്. ഈ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിലൂടെ താരതമ്യേന സംസ്ഥാന ഊർജ്ജ ഉപഭോഗത്തിൽ മൂന്നിൽ രണ്ട് പങ്കിന് കാരണമായ കെട്ടിടങ്ങളുടെ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് സഹായകരമാകും.

കെട്ടിട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൊഫഷണലുകളെ ECBC മാനദണ്ഡങ്ങളനുസരിച്ച് കെട്ടിടം ഡിസൈൻ ചെയ്യുന്നതിനുള്ള കമ്പ്യൂട്ടർ സിമുലേഷനി









ലും സാങ്കേതിക വിദ്യയിലും Hands on training കൂടി നൽകി, ECBC പ്രകാരം നിർമ്മിച്ച കെട്ടിടങ്ങൾ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന് BEEE (Building Energy Efficiency Experts) എന്ന ഒരു കേഡറിനെ എംപാനൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മുനിസിപ്പൽ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള തദ്ദേശ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് കേരള എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് റൂൾസ് 2017, ഇക്കോ നിവാസ് സംഹിത എന്നിവ വിജയകരമായി നടപ്പിലാക്കുന്നതിൽ ഒരു മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്.

ഈ നിയമങ്ങളുടെ സുതാര്യമായ നടത്തിപ്പിന് കൂടുതൽ പരിശീലനം ആവശ്യമാണെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആവശ്യം കണക്കിലെടുത്ത്, എനർജി മാനേജ്മെന്റ് സെന്റർ, ദേശീയ ഊർജ്ജ സംരക്ഷണ ദിനമായ ഡിസംബർ 14-ാം തീയതി മുതൽ ജനുവരി മാസം 16-ാം തീയതി വരെയായി ക്രമീകരിച്ചുള്ള ജില്ലാതല പരിപാടികൾ വഴി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലെയും എഞ്ചിനീയർമാർക്കും സെക്രട്ടറിമാർക്കും, എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ്, "ഇക്കോ നിവാസ് സംഹിത (ENS)" എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു.

14 ജില്ലകളിലായി നടത്തപ്പെടുന്ന 24 പ്രോഗ്രാമുകളിലായി 2200 ൽ പരം എൻജിനീയർമാരും സെക്രട്ടറിമാരും പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ഈ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം റസിഡൻസി ടവറിൽ വച്ച് നടന്നു. വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്തു. തദ്ദേശഭരണ പ്രിൻസിപ്പൽ ഡയറക്ടർ എം.. ജി. രാജമാണിക്യം ഐ. എ. എസ്. അധ്യക്ഷത വഹിച്ചു. ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, ഇ. എം. സി. ഡയറക്ടർ ഡോ. ആർ. ഹരികുമാർ, കില ഡയറക്ടർ ജനറൽ ഡോഃ ജോയ് ഇളമൺ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ഇ.എം. സി. ജോയിന്റ് ഡയറക്ടർ എ. എൻ. ദിനേഷ് കുമാർ നന്ദി പ്രകാശിപ്പിച്ചു. സംസ്ഥാനത്തുടനീളം നടത്തുന്ന പരിപാടിയുടെ കലണ്ടറും എനർജി കൺസർവേഷൻ ബിൽഡിംഗ് കോഡ് നടപ്പിലാക്കുന്നതിന് സഹായകമായ കൈപുസ്തകവും ചടങ്ങിൽ പ്രകാശനം ചെയ്തു. □



# ആരോഗ്യം വിസ്മരിക്കുന്ന കുടിയേറ്റ ജനത

## ലോക കുടിയേറ്റ ദിനം ഡിസംബർ 18

ലോകത്ത് 100 കോടി ജനങ്ങൾ വിവിധ ആവശ്യങ്ങൾക്കായി വ്യത്യസ്ത രാജ്യങ്ങളിൽ സഞ്ചരിക്കുന്നവരാണ്. അതിൽ 28 കോടി പേർ അന്താരാഷ്ട്ര കുടിയേറ്റക്കാരാണ് 1990ൽ 15.3 കോടി മാത്രം ഉണ്ടായിരുന്ന കുടിയേറ്റക്കാർ വലിയ രീതിയിലാണ് ലോകത്ത് വർദ്ധിച്ചു വരുന്നത്. 1990 ഡിസംബർ 18 മുതൽ കുടിയേറ്റക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലി പ്രമേയം പാസാക്കിയതിന്റെ ഓർമ്മയ്ക്കായാണ് എല്ലാ വർഷവും ഡിസംബർ 18 ലോക കുടിയേറ്റ ദിനമായി ആചരിക്കുന്നത്. 174 രാജ്യങ്ങൾ അംഗങ്ങളായ ഇന്റർനാഷണൽ ഓർഗനൈസേഷൻ ഫോർ മൈഗ്രേഷൻ (I O M )ന്റെ നേതൃത്വത്തിൽ ഈ ദിനം സമുചിതമായി ആചരിക്കുന്നു. ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ കുടിയേറ്റം നടത്താത്ത ആളുകളില്ല, രാജ്യങ്ങളും അതിർവരമ്പുകളും ഉടലെടുക്കുന്നതിന് മുമ്പ് മനുഷ്യ സംസ്കാരം ആരംഭിച്ചതുമുതൽ കുടിയേറ്റവും ആരംഭിച്ചു. ഒരു പ്രദേശത്തുനിന്ന് മറ്റൊരു പ്രദേശത്തേക്ക് സ്ഥിരമായോ താൽക്കാലികമായോ മാറി താമസിക്കുന്നതിനെയാണ് കുടിയേറ്റം എന്ന് വിശേഷിപ്പിക്കുന്നത്.

കോവിഡ് 19 സഞ്ചാരങ്ങളെ നിയന്ത്രിച്ചെങ്കിലും 2019 നേക്കാൾ കുടിയേറ്റം 2020ൽ വർദ്ധിച്ചു. 84 ദശലക്ഷം പേർ നിർബന്ധിതമായ കുടിയേറ്റത്തിന് വിധേയമാകുന്നു. കുടിയേറ്റ തൊഴിലാളികളിൽ 260 ദശലക്ഷം പേരും തൊഴിലിനു വേണ്ടിയാണ് കുടിയേറിയിട്ടുള്ളത്. ദാരിദ്ര്യം, സുരക്ഷിതത്വ





മില്ലായ്മ, അതിജീവന പ്രശ്നങ്ങൾ, ജീവിത സൗകര്യങ്ങൾ ഇല്ലാത്തവർ, കാലാവസ്ഥ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ കുടിയേറ്റ ജനത വലിയ രീതിയിൽ അഭിമുഖീകരിക്കുന്നു.

## കുടിയേറ്റക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ

ലോകാരോഗ്യ സംഘടനയുടെ നേതൃത്വത്തിൽ 2022 നവംബർ 28 മുതൽ ഡിസംബർ 2 വരെ ബംഗ്ലാദേശിന്റെ തലസ്ഥാനമായ ധാക്കയിൽ വെച്ച് നടന്ന അന്താരാഷ്ട്ര സ്കൂളിൽ വെച്ച് ചർച്ച നടത്തുകയുണ്ടായി. അതി കഠിനമായ ആരോഗ്യപ്രശ്നങ്ങൾ ലോക ജനതയുടെ 3.6% വരുന്ന കുടിയേറ്റക്കാർ അനുഭവിക്കുന്നു. പകർച്ചവ്യാധികൾ, ജീവിതശൈലി രോഗങ്ങൾ എന്നിവ കുടിയേറ്റക്കാരുടെ കൂടപ്പിറപ്പാണ്. ഇതിനിടെ യുഎഇയിൽ നടത്തിയ പരിശോധനയിൽ ഇന്ത്യ, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ കുടിയേറ്റക്കാരിൽ 30.5% രക്തസമ്മർദ്ദം ഉള്ളവരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് യുഎഇയിലെ സ്വദേശികളിൽ 14% മാത്രമാണ് എന്ന് കണ്ടെത്തിയത് കുടിയേറ്റ ജനതയുടെ ആരോഗ്യപ്രശ്നത്തിന്റെ നേർചിത്രമാണ്. സമാനമായ

**ലോകത്ത് ഏറ്റവും വലിയ കുടിയേറ്റ ഇടനാഴി 11 ലക്ഷം പേർ മെക്സിക്കോയിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ ഇടനാഴിയാണ്, സിറിയയിൽ നിന്ന് തുർക്കിയിലേക്കും ഇന്ത്യയിൽ നിന്ന് യുഎഇയിലേക്കും അനുസ്യൂതമായി ജനങ്ങൾ കുടിയേറി കൊണ്ടിരിക്കുന്നു.**

റിപ്പോർട്ട് അമേരിക്കയിൽ നിന്നും ഉണ്ടായിട്ടുണ്ട്. കുടിയേറ്റക്കാരിൽ 76% അസുഖം വന്നതിനുശേഷം മാത്രമേ ചികിത്സിക്കുന്നുള്ളൂ. ലോകത്ത് ഏറ്റവും വലിയ കുടിയേറ്റ ഇടനാഴി 11 ലക്ഷം പേർ മെക്സിക്കോയിൽ നിന്നും അമേരിക്കയിലേക്ക് കുടിയേറിയ ഇടനാഴിയാണ്. സിറിയയിൽ നിന്ന് തുർക്കിയിലേക്കും ഇന്ത്യയിൽ നിന്ന് യുഎഇയിലേക്കും അനുസ്യൂതമായി ജനങ്ങൾ കുടിയേറി കൊണ്ടിരിക്കുന്നു. കുടിയേറ്റക്കാരിൽ 78% വും 15 വയസ്സ് മുതൽ 64 വയസ്സ വരെയുള്ളവരാണ്. കുടിയേറ്റക്കാരിൽ 48%വും സ്ത്രീകളാണ്. കുടിയേറ്റക്കാർക്ക് പൗരത്വം നൽകിവരുന്ന പ്രവണതയും കൂടി വരുന്നുണ്ട്. ഇത് 85% സംഭവിക്കുന്നത് യൂറോപ്പിലാണ്.

2020 ൽ 104 രാജ്യങ്ങളിൽ നിന്നും ദുരന്തങ്ങൾ കാരണം ഏഴ് ലക്ഷം ജനങ്ങൾ വീടുവിട്ട് മറ്റ് രാജ്യങ്ങളിലേക്ക് കുടിയേറി പാർക്കേണ്ടി വന്നു. ലോകത്തെ 8/1 വരുന്ന കുടിയേറ്റക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ 2030 ൽ ലോകം ലക്ഷ്യമിടുന്ന സുസ്ഥിര വികസന ലക്ഷ്യം നേടാൻ സാധിക്കുകയുള്ളൂ. കുടിയേറ്റക്കാരിൽ 169 ദശ ലക്ഷം പേർ അതീവ ദുരിതാവസ്ഥയിൽ ആണെന്ന് ലോക ആരോഗ്യ സംഘടന ചൂണ്ടിക്കാണിക്കുന്നു. കുടിയേറ്റക്കാർ തിങ്ങിപ്പാർക്കുന്ന രാജ്യം തുർക്കിയും, ജർമ്മനിയുമാണ് കൂടാതെ മ്യാൻമാരിലെ രോഹിംഗ്യൻ അഭയാർത്ഥികൾ വിവിധ രാജ്യങ്ങളിൽ കുടിയേറി താമസിക്കുവാൻ നടത്തുന്ന നിലനിൽപ്പിന്റെ പോരാട്ടം ലോക കുടിയേറ്റ



ദിനത്തിലെ നൊമ്പരമാണ്.

കുടിയേറ്റക്കാരുടെ പ്രധാന ലക്ഷ്യം യൂറോപ്പാണ്. 87 ദശലക്ഷം അതായത് ലോകത്തെ ആകെ കുടിയേറ്റക്കാരുടെ 30.9% യൂറോപ്പിലാണ് ഉള്ളത്. ഏഷ്യയിൽ (30.5%) 86 ദശലക്ഷവും, നോർത്ത് അമേരിക്കയിൽ 59 ദശലക്ഷം (20.9%), ആഫ്രിക്കയിൽ 25 ദശലക്ഷവും (9%) കുടിയേറ്റക്കാരുണ്ട്. 50 കൊല്ലമായി കുടിയേറ്റക്കാരുടെ പ്രിയപ്പെട്ട രാജ്യം അമേരിക്കയാണ്. രണ്ടാം സ്ഥാനം ജർമ്മനിയും മൂന്നാമത്തെരാജ്യം സൗദി അറേബ്യയുമാണ് തുടർന്ന് റഷ്യയും ബ്രിട്ടനും പിറകിൽ ഉണ്ട്.

കുടിയേറ്റക്കാർ ഏറ്റവും കൂടുതൽ ഇന്ത്യയിൽ നിന്നാണ്, 18 ദശലക്ഷം പേർ രണ്ടാമത്തേത് മെക്സിക്കോയിൽ നിന്ന്, 11 ദശലക്ഷം പേരും റഷ്യയിൽ നിന്ന് 10.8 ദശലക്ഷം പേരും ചൈനയിൽ നിന്ന് 10 ദശ ലക്ഷവും സിറിയയിൽ നിന്ന് എട്ട് ദശലക്ഷവും വിവിധ രാജ്യങ്ങളിൽ കുടിയേറിയിട്ടുണ്ട്. ആകെയുള്ള കുടിയേറ്റക്കാരിൽ മൂന്നിലൊന്നും ജീവിക്കുന്നത് അമേരിക്ക, ജർമ്മനി സൗദിഅറേബ്യ, റഷ്യ, ബ്രിട്ടൻ എന്നി രാജ്യങ്ങളിലാണ്. പുതിയതിനെ തേടിയുള്ള യാത്ര പുതിയ കുടിയേറ്റ രാജ്യങ്ങളെ സൃഷ്ടിക്കുന്നു. അയർലാൻഡ്, ഇറ്റലി, സ്പെയിൻ എന്നീ രാജ്യങ്ങൾ കുടിയേറ്റക്കാരുടെ പ്രിയപ്പെട്ട സ്ഥലമായി മാറി കൊണ്ടിരിക്കുന്നു. ലോകത്തെ കരഭാഗത്തെ 80% വും കാലാവസ്ഥാ വ്യതിയാനങ്ങളാൽ മാറ്റം വരികയും അവിടെ താമസിക്കുന്ന 85% ജനങ്ങളും കാലാവസ്ഥാവ്യതിയാനം നേരിട്ട് അനുഭവിക്കുകയും ചെയ്യുമ്പോഴാണ് കുടിയേറ്റം വ്യാപരിക്കുന്നത്. 2050 ആകുമ്പോഴേക്കും 200 ദശലക്ഷം ജനങ്ങൾ വിവിധ സ്ഥലങ്ങളിലേക്ക് വീണ്ടും കുടിയേറി പാർക്കും എന്ന് കണക്കാക്കപ്പെടുന്നു. സ്വന്തം രാജ്യവും കിടപ്പാടം ഇല്ലാത്ത 15 ദശലക്ഷം പേർ വിവിധ രാജ്യങ്ങളിൽ കുടിയേറി പാർക്കാൻ ഭരണാധികാരികളുടെ ദയ കാത്ത് നിൽക്കുന്നു. കുടിയേറ്റ ജനത വിവിധ രാജ്യങ്ങളിലെ സമ്പത്ത് വ്യവസ്ഥക്ക് നൽകുന്ന പിന്തുണ വലിയ രീതിയിലുള്ളതാണ്. 702 ബില്യൺ യുഎസ് ഡോളറാണ് 2021ൽ മാത്രം ലോകത്തെ വിവിധ രാജ്യങ്ങളിലേക്ക് കുടിയേറ്റക്കാർ ധനമായി അയച്ചിട്ടുള്ളത്. 2020ൽ മാത്രം ഇന്ത്യയിലെത്തിയ പ്രവാസി പണം 83.15 ബില്യൺ യു എസ് ഡോളറാണ്.

ഇന്ത്യയിൽ 1983 ലെ കുടിയേറ്റ നിയമം നിലവിൽ ഉണ്ടെങ്കിലും ഇന്ത്യൻ കുടിയേറ്റ നിയമത്തിൽ 2009ൽ ഭേദഗതി വന്നെങ്കിലും നിലവിൽ കുടിയേറ്റ ജനത അനുഭവിക്കുന്ന എല്ലാ പ്രശ്നങ്ങളും പൂർണമായി പരിഹരിക്കുന്നതിന് വേണ്ടിയിട്ടുള്ള ഒരു നിയമം രാജ്യത്ത് ആവശ്യമാണ് എന്ന് വിവിധ സംഘടനകൾ ഇതിനകം തന്നെ സർക്കാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.കുടിയേറ്റ ജനത അനുഭവിക്കുന്ന വ്യത്യസ്ത നിയമപ്രശ്നങ്ങൾ, സാമൂഹിക പ്രശ്നങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ അവർ വിവിധ രാജ്യങ്ങളിൽ നേരിടുന്ന വ്യത്യസ്തങ്ങളായിട്ടുള്ള അനുഭവങ്ങളും, വിവേചനങ്ങളും പ്രയാസങ്ങളും നേരിട്ട് മനസ്സിലാക്കി അവ പരിഹരിക്കുന്നതിന് ആവശ്യമായിട്ടുള്ള ഒരു വലിയ ഇടപെടൽ ഈ കുടിയേറ്റദിനത്തിൽ ഉണ്ടാകേണ്ടതായിട്ടുണ്ട്.

കേരളത്തിലെ ജനസംഖ്യയുടെ 12.86% ജനങ്ങളും മറുനാടുകളിൽ താമസിക്കുന്നു, 1901 ൽ മലയാളികളുടെ എണ്ണം 65 ലക്ഷം ആയിരുന്നുവെങ്കിൽ അന്ന് കേരളത്തിൽ വെളിയിൽ പോയവരുടെ എണ്ണം 31000 മാത്രമായിരുന്നു അതിൽ ഇന്ത്യയിൽ നിന്ന് പുറത്തേക്ക് പോയവർ 500 പേർ മാത്രമായിരുന്നുവെങ്കിൽ ഇന്ന് അതിന്റെ വർദ്ധനവ് കൃത്യമായി കണക്കാക്കാൻ സർക്കാരിന്റെ കൈയ്യിൽ ആധികാരികമായ കണക്കില്ല, ലോകത്തെ ഏതാണ്ട് എല്ലാ രാജ്യങ്ങളിലും മലയാളികളുടെ സാന്നിധ്യം ഉണ്ട്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തോടെ ആധുനിക വിദ്യാഭ്യാസം സാർവത്രികമാകുകയും, ഇരുപതാം നൂറ്റാണ്ടോടുകൂടി സാങ്കേതിക വിപ്ലവം യാഥാർഥ്യമാകുകയും ചെയ്തതോടെ കുടിയേറ്റം വലിയ രീതിയിൽ ആരംഭിച്ചു. കേരളത്തിൽ നിന്ന് ആദ്യ കാലങ്ങളിൽ ബർമ്മ, മലേഷ്യ എന്നീ രാജ്യങ്ങളിലേയ്ക്കായിരുന്നു കുടിയേറിയത് എങ്കിൽ 1970 ഓടുകൂടി ഗൾഫ് രാജ്യങ്ങളിലേക്ക് കുടിയേറ്റം വർദ്ധിക്കാൻ തുടങ്ങി.

2014 മുതൽ 22 വരെ 9 ലക്ഷം ഇന്ത്യൻ പൗരന്മാർ വിവിധ വിദേശ രാജ്യങ്ങളിൽ പൗരത്വം ലഭിക്കുന്നതിന് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് കുടിയേറ്റത്തിന്റെ ആധുനിക മുഖമാണ് കാണിക്കുന്നത്. യുഎസ്, കാനഡ, ഓസ്ട്രേലിയ, യുകെ എന്നീ രാജ്യങ്ങളിലാണ് പൗരത്വം ആഗ്രഹിക്കുന്ന ആളുകൾ കൂടുതലായും താമസിക്കുന്നത്.

മനുഷ്യമനസാക്ഷിയെ ഞെട്ടിച്ച അലൻ കുർദി എന്ന കുരുന്ന കുഞ്ഞിന്റെ ഫോട്ടോ കുടിയേറ്റ ദിനത്തിൽ നാം ഓർമ്മിക്കേണ്ടതായിട്ടുണ്ട് സിറിയയിൽ നിന്നും ഗ്രീസിലേക്കുള്ള യാത്രയിൽ കുടുംബത്തോടൊപ്പം സഞ്ചരിച്ച ബോട്ട് മുങ്ങിയാണ് കുട്ടി മരിച്ചതും തീരത്ത് മൃതശരീരം കണ്ടെത്തിയതും .

കുടിയേറ്റ ജനതക്ക് വൈദഗ്ധ്യം നൈപുണ്യം എന്നിവയിൽ വിദഗ്ധപരിശീലനം നൽകണം, കൃത്രിമ ബുദ്ധി അടക്കമുള്ള അത്യാധുനിക മാറ്റങ്ങൾ തൊഴിലിടങ്ങളിൽ വന്നതോടുകൂടി കുടിയേറ്റക്കാർ വലിയ പ്രയാസങ്ങൾ അനുഭവിക്കുന്നു. പുതിയ തൊഴിൽ മുഖത്ത് എത്താൻ കുടിയേറ്റ ജനതയെ പര്യാപ്തമാകേണ്ടതായിട്ടുണ്ട്. സഞ്ചാരങ്ങളിലും വിവിധ രാജ്യങ്ങളിലെ നിയമങ്ങളിലും കെട്ടുപണിഞ്ഞുകിടക്കുന്ന കുടിയേറ്റക്കാരുടെ ജീവിതം ധന്യമാക്കുന്നതിന് വലിയ ഇടപെടലുകൾ രാജ്യങ്ങൾ നടത്തേണ്ടത് കുടിയേറ്റ ദിനത്തിലെ ആവശ്യമാണ്.

□



# ജൈവവൈവിധ്യത്തിന്റെ സുസ്ഥിര വിനിയോഗം

## വെല്ലുവിളികളും അവസരങ്ങളും

■ അജിത് വെണ്ണിയൂർ

പ്രകൃതിയുടെ മൂലധനത്തിന് ശരിയായ മൂല്യം കല്പിക്കുകയും അതിനെ വികസനവുമായി സംയോജിപ്പിക്കുകയും ചെയ്യുമ്പോഴാണ് വികസനം സുസ്ഥിരമാകുന്നത്. ബന്ധപ്പെട്ട എല്ലാവരുടേയും കൂട്ടായ ഉദ്യമത്തിലൂടെ മാത്രമേ ദാരിദ്ര്യനിർമ്മാർജനത്തിലും വികസനത്തിലും ജൈവവൈവിധ്യസംരക്ഷണത്തെ സംയോജിപ്പിക്കാൻ കഴിയൂ.

ജൈവവൈവിധ്യത്തെ എങ്ങനെ സുസ്ഥിരമാംവിധം വിനിയോഗിക്കാം എന്നതാണ് ഇന്ന് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. സുസ്ഥിരവിനിയോഗമെന്നാൽ ഭൂമിയ്ക്ക് അവയെ പുനഃസൃഷ്ടിക്കാൻ കഴിയുന്ന നിരക്കിൽ പ്രകൃതിവിഭവങ്ങളെ ഉപയോഗിക്കുക എന്നാണർത്ഥം. അങ്ങനെയായാൽ മാത്രമേ ഇന്നത്തെയും ഭാവിതലമുറകളുടേയും ആവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്ന് നമുക്ക് ഉറപ്പാക്കാനാവൂ.

ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് നാം കൂടുതൽ വിഭവങ്ങൾ കവർന്നെടുക്കുന്നു. അതുകൊണ്ടുതന്നെ ആവാസവ്യവസ്ഥയിന്മേലുള്ള സമ്മർദ്ദവും വർദ്ധിക്കുന്നു. ഭൂമിയിലെ നമ്മുടെ പാരിസ്ഥിതിക കാല്പാടുകൾ സ്ഥായിയായിട്ടുള്ളവയല്ല. നമ്മുടെ ഉപഭോഗശീലങ്ങളിലും പൊതു സ്വഭാവങ്ങളിലും മാറ്റം വരുത്താത്തിടത്തോളം സ്ഥിതി കൂടുതൽ അസഹനീയമാകും. മുൻകാലങ്ങളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിച്ച് മാറ്റങ്ങളുമായി താദാത്മ്യം പ്രാപിക്കാൻ നമുക്ക് കഴിഞ്ഞിരുന്നു. എന്നാലിന്ന് ഇക്കാര്യത്തിൽ ഭൂമിയുടെ പരിധിയുടെ പാരമ്യത്തിൽ നാം എത്തിക്കഴിഞ്ഞു. ഇനി നമ്മുടെ മുന്നിലുള്ള ഏക പോംവഴി ഉല്പാദനവും വിഭവവിനിയോഗവും സുസ്ഥിരമാക്കുക എന്നതാണ്. ഇതിന് പരമ്പരാഗത വിജ്ഞാനമുപയോഗിച്ച് ആവാസവ്യവസ്ഥാ സേവനങ്ങൾ ശക്തി



പ്പെടുത്തുകയും ദുരുപയോഗം തടയുകയും വേണം.

ജൈവവൈവിദ്ധ്യത്തെ ഏറ്റവുമധികം ബാധിക്കുന്ന കൃഷി, വനം, മത്സ്യബന്ധനം, ടൂറിസം, ജലപരിപാലനം എന്നീ മേഖലകളിൽ പ്രയോഗിക്കാനുള്ള സുസ്ഥിരവിനിയോഗ തത്വങ്ങൾക്ക് ഐക്യരാഷ്ട്ര സഭയുടെ കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി (സി.ബി.ഡി) രൂപം നൽകിയിട്ടുണ്ട്. വിവിധ പ്രവർത്തനങ്ങൾക്കും മേഖലകൾക്കും പര്യാപ്തമായ ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിരവിനിയോഗത്തിനുള്ള 14 തത്വങ്ങൾ ഉൾക്കൊള്ളുന്ന ആഡിഡ് അബാബ തത്വങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾക്കും 2004 ൽ സിബിഡി അംഗരാജ്യങ്ങൾ രൂപം നൽകി.

2010 ൽ ഈ തത്വങ്ങളുടെ നടത്തിപ്പ് വിലയിരുത്തുകയും പരിഷ്കരിക്കുകയും ചെയ്തു. ജൈവവൈവിദ്ധ്യം സംബന്ധിച്ച കൺവെൻഷനെ അംഗീകരിക്കുകവഴി ദേശീയ തലത്തിൽ ഇവയുടെ സംരക്ഷണവും സുസ്ഥിരവിനിയോഗവും തങ്ങളുടെ നയപരിപാടിയിൽ ഉൾപ്പെടുത്താൻ സർക്കാരുകൾ ബാദ്ധ്യസ്ഥരാകുന്നു. ജൈവവൈവിദ്ധ്യനഷ്ടം പരമാവധി കുറച്ചും അധഃപതിച്ച മേഖലകളെ പുനരുജ്ജീവിപ്പിക്കാൻ തദ്ദേശവാസികളെ സഹായിച്ചും പരിസ്ഥിതി സംരക്ഷണത്തിലധിഷ്ഠിതമായ സാമ്പത്തിക വികസനത്തിന്റെ ഒരു പുതിയ കാലഘട്ടം തീർക്കാൻ നമുക്ക് ഒത്തൊരുമിച്ച് ശ്രമിക്കേണ്ടതുണ്ട്.

## പരമ്പരാഗത വിജ്ഞാനവും പ്രയോഗവും പരിശീലനവും

ലോകമെമ്പാടുമുള്ള തദ്ദേശീയ-പ്രാദേശിക സമൂഹങ്ങൾ നൂറ്റാണ്ടുകളായി നേടിയ അനുഭവജ്ഞാനം കഥകളായും പാട്ടുകളായും പഴഞ്ചൊല്ലുകളായും വിശ്വാസങ്ങളായും സംസ്കാരമായും വാമൊഴിയിലൂടെ തലമുറകൾ കൈമാറി ലഭിച്ചിട്ടുള്ള പരമ്പരാഗതവിജ്ഞാനമാണ് നമ്മുടെ അമൂല്യ സമ്പത്തുകളിൽ പ്രധാനം. ഇവയിലേറെയും കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ആരോഗ്യം, സസ്യഫലകൃഷി, വനം, പ്രകൃതി എന്നവയുമായി ബന്ധപ്പെട്ടതാണ്.

സസ്യങ്ങളുടേയും മൃഗങ്ങളുടേയും പരിപാലനത്തിനും അവയുടെ ജനിതകവൈവിദ്ധ്യവും പ്രാദേശിക പരിസ്ഥിതിയും സംരക്ഷിക്കുന്നതിനും ഈ വിജ്ഞാനം നിർണ്ണായകമാണ്. മനുഷ്യരാശിക്ക് ഒരു സുസ്ഥിരഭാവി ഉറപ്പുവരുത്താനും സുസ്ഥിരവികസനം ഫലപ്രദമാക്കാനും ഇതിന് വിലപ്പെട്ട സംഭാവന നൽകാൻ കഴിയും.

ആരോഗ്യസംരക്ഷണ വസ്തുക്കളും സൗന്ദര്യ വർദ്ധക സാധനങ്ങളും ഭക്ഷ്യവസ്തുക്കളുമൊക്കെ നിർമ്മിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ പരമ്പരാഗത വിജ്ഞാനം വ്യാപകമായി ഉപയോഗിക്കുന്നുണ്ട്. സസ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രാചീന ഔഷധങ്ങൾ ആധുനിക ഔഷധങ്ങളുടെ ദ്രുതഗതിയിലുള്ള വികസനത്തിന് വഴിതെളിച്ചിട്ടുണ്ട്.

ആരോഗ്യസംരക്ഷണ കാര്യത്തിൽ ലോകത്തെ വലിയൊരു ജനവിഭാഗം പ്രാചീന വിജ്ഞാനത്തെ ആശ്രയിക്കുന്നുണ്ട്. വികസ്വരരാജ്യങ്ങളിലെ പാരമ്പര്യ ചികിത്സകരുടെ കാര്യത്തിലായാലും വികസിതരാജ്യങ്ങളിലെ ആരോഗ്യസംരക്ഷണ ഉപകരണങ്ങളുടെ കാര്യത്തിലായാലും സ്ഥിതി ഇതുതന്നെ.

പക്ഷെ നിർഭാഗ്യവശാൽ പരമ്പരാഗത വിജ്ഞാനമുപയോഗിച്ച് പുതിയ കാർഷിക-വ്യാവസായിക ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നവർ അതിന്റെ പ്രയോജനം ബന്ധപ്പെട്ട വിജ്ഞാനദാതാക്കളുമായി പങ്കിടാറില്ല. ജൈവവൈവിദ്ധ്യം സംബന്ധിച്ച കൺവെൻഷനിലെ അംഗരാജ്യങ്ങൾ കൺവെൻഷന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിൽ പാരമ്പര്യവിജ്ഞാനത്തിനുള്ള പ്രാധാന്യം അംഗീകരിക്കുകയും അവയെ സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും സഹായകമായ പ്രത്യേക നിയമങ്ങളും നയപരിപാടികളും ആവിഷ്കരിക്കുകയും ചെയ്തുവരുന്നു. തദ്ദേശീയ-പ്രാദേശിക സമൂഹങ്ങളുടെ വിജ്ഞാനം വിനിയോഗിക്കുന്നതിലൂടെ ലഭിക്കുന്ന നേട്ടങ്ങൾ അവരുമായി തുല്യമായി പങ്കിടാനും കൺവെൻഷൻ ലക്ഷ്യമിടുന്നു.

## ജൈവ വൈവിദ്ധ്യവും ടൂറിസവും

ജൈവവൈവിദ്ധ്യത്തിന്റെ കേന്ദ്രമായ പ്രകൃതിരമണീയമായ പ്രദേശങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്നു. തീരപ്രദേശങ്ങളിലെത്തുന്ന ടൂറിസ്റ്റുകൾക്ക് സ്ഫടിക ജലത്തിൽ മത്സ്യങ്ങൾക്കും പവിഴപ്പുറ്റുകൾക്കുമിടയിലൂടെ നീന്താനും തിമിംഗലങ്ങളേയും കടൽപക്ഷികളേയും നിരീക്ഷിക്കാനും കഴിയും. വന്യജീവികളെ കാണാൻ സവാരികളുമാകാം. ഇതിനെല്ലാം ആരോഗ്യകരമായ ആവാസവ്യവസ്ഥകൾ വേണം. നാഷണൽ പാർക്കുകളിൽ സന്ദർശകർക്ക് വിനോദ വിദ്യാഭ്യാസ-സാംസ്കാരിക ആസ്വാദന പരിപാടികൾ ഒരുക്കാനും ആവാസവ്യവസ്ഥകളെയാണ് ആശ്രയിക്കുന്നത്.

അതിവേഗം വികസിച്ചുവരുന്ന വ്യവസായങ്ങളിലൊന്നാണ് ടൂറിസം. ജൈവവൈവിദ്ധ്യത്തിന് നാശം വരുത്തുന്ന സാമ്പത്തികപ്രവർത്തനങ്ങൾക്ക് പകരമുള്ള ഒരു സുസ്ഥിര പ്രവർത്തനമായിരിക്കുമിത്. ഏറെ നാശനഷ്ടങ്ങൾ വരുത്തുന്ന വ്യവസായങ്ങൾക്കുള്ള സുസ്ഥിരപ്രതിവിധികൂടിയായിരിക്കും ടൂറിസം. ടൂറിസ്റ്റുകൾ ചെലവഴിക്കുന്ന പണം സംരക്ഷിതമേഖലകളുടെയും മറ്റും

രൂപത്തിൽ പ്രകൃതിയേയും സമൂഹത്തെയും സംസ്കാരത്തെയും സഹായിക്കുന്നു.

പ്രാദേശിക ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിരവിനിയോഗത്തെ പ്രോത്സാഹിപ്പിക്കുന്ന സ്വന്തം പാരമ്പര്യം, വിജ്ഞാനം, കല എന്നിവയിൽ സമൂഹത്തിന് അഭിമാനിക്കാനും സുസ്ഥിരടൂറിസം കാരണമാകുന്നു. ജൈവ വൈവിദ്ധ്യത്തിന് ദോഷകരമായ കാര്യങ്ങളും ടൂറിസത്തിലുണ്ട്. ഉത്തരവാദിത്വമില്ലാത്ത, സുസ്ഥിരവുമല്ലാത്ത ടൂറിസം ആവാസനശീകരണം, പ്രകൃതിവിഭവങ്ങളുടെ അനിയന്ത്രിതചൂഷണം, മലിനീകരണം, പരദേശീഗമനം അടിസ്ഥാനഘടകവികസനം ഗ്രീൻഹൗസ് വാതക ബഹിർസ്സരണം തുടങ്ങിയവയിലൂടെ പ്രകൃതിക്ക് നാശമുണ്ടാക്കുന്നു.

ശുചിത്വമുള്ള പരിസ്ഥിതിയാണ് ടൂറിസ്റ്റുകൾ പ്രതീക്ഷിക്കുന്നത്. മലിനമായ ചുറ്റുപാടിലേക്ക് അവർ ആകർഷിക്കപ്പെടുന്നില്ല. ഇത് രാഷ്ട്രങ്ങൾക്ക് വലിയ സാമ്പത്തിക നഷ്ടമുണ്ടാക്കും. ആകയാൽ സഞ്ചാരികൾക്കും ടൂറിസം വ്യവസായത്തിനും സർക്കാരിനും നിക്ഷേപകർക്കുമെല്ലാം പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിലും സുസ്ഥിര വിനിയോഗത്തിലും താല്പര്യമുണ്ടാകണം. കാരണം സുസ്ഥിരടൂറിസം എല്ലാവരുടേയും താല്പര്യമാണ്.

## സാങ്കേതികജ്ഞാന കൈമാറ്റവും സാങ്കേതിക-ശാസ്ത്രീയ സഹകരണവും

സുസ്ഥിരവികസനത്തിന് സാങ്കേതികശാസ്ത്രത്തിന്റെ വികസനവും വ്യാപനവും കൈമാറ്റവും കൂടിയേതീരൂ എന്നതാണ് അന്താരാഷ്ട്രതലത്തിലെ പരസ്പരധാരണ. പരിസ്ഥിതിയും വികസനവും സംബന്ധിച്ച റിയോ പ്രഖ്യാപനം, സുസ്ഥിരവികസനം സംബന്ധിച്ച ജോഹനസ്സ്ബർഗ് പ്ലാൻ, അജണ്ട 21 തുടങ്ങിയ പ്രമുഖ അന്താരാഷ്ട്ര നയരേഖകളിൽ ഇത് പ്രതിഫലിക്കുന്നുണ്ട്. കൺവെൻഷന്റെ മൂന്ന് ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ബന്ധപ്പെട്ട സാങ്കേതികജ്ഞാനത്തിന്റെ കൈമാറ്റം കൂടിയേ തീരൂ.

വിവരങ്ങൾ പങ്കുവയ്ക്കാനും സാങ്കേതികജ്ഞാന വികസനത്തിലും കൈമാറ്റത്തിലും സഹകരിക്കാനും കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു. ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിരവികസനം ഉറപ്പാക്കാനും പരിസ്ഥിതിസൗഹൃദ സാങ്കേതികവിദ്യകൾ



ശാസ്ത്ര-സാങ്കേതികശാസ്ത്ര സഹകരണം ക്രിയാത്മകവും ഫലപ്രദവുമാക്കുന്നതിന് കൺവൻഷൻ നാലു സുപ്രധാന ഘടകങ്ങൾ നിർദ്ദേശിക്കുന്നുണ്ട്-സാങ്കേതിക ശാസ്ത്ര അവലോകനം, ദേശീയ-അന്തർദേശീയതലത്തിൽ വിവരസംവിധാനം ശക്തിപ്പെടുത്തൽ, സാങ്കേതികശാസ്ത്രസഹകരണവും കൈമാറ്റവും സാധ്യമാക്കുന്ന സാഹചര്യം, ശേഷിവർദ്ധിപ്പിക്കൽ എന്നിവയാണ് ആ ഘടകങ്ങൾ.

കൈമാറാനും എല്ലാവരും തയ്യാറാകണം. ജൈവവൈവിദ്ധ്യത്തെ സംബന്ധിച്ച ശരിയായ വിവരങ്ങൾ ലഭിക്കാനും അതുവഴി ഫലപ്രദമായ നയരൂപീകരണത്തിനും പര്യാപ്തമായ സാങ്കേതികജ്ഞാനം അനുപേക്ഷണീയമാണ്. ജനിതക സ്രോതസുകളിലധിഷ്ഠിതമായ ആധുനിക ജൈവസാങ്കേതിക ജ്ഞാനങ്ങളുടെ വികസനവും പ്രധാനമാണ്. ഇങ്ങനെ ജനിതകവിഭവങ്ങൾ നൽകുന്ന രാജ്യങ്ങളുമായി അവയുടെ ഗവേഷണഫലങ്ങൾ പങ്കുവയ്ക്കാൻ ആധുനിക ജൈവസാങ്കേതിക ശാസ്ത്രരാജ്യങ്ങൾ തയ്യാറാകണമെന്ന് കൺവെൻഷൻ നിർദ്ദേശിക്കുന്നു.

ശാസ്ത്ര-സാങ്കേതിക സഹകരണം ക്രിയാത്മകവും ഫലപ്രദവുമാക്കുന്നതിന് കൺവൻഷൻ നാലു സുപ്രധാന ഘടകങ്ങൾ നിർദ്ദേശിക്കുന്നുണ്ട്-സാങ്കേതിക ശാസ്ത്ര അവലോകനം, ദേശീയ-അന്തർദേശീയതലത്തിൽ വിവരസംവിധാനം ശക്തിപ്പെടുത്തൽ, സാങ്കേതികശാസ്ത്രസഹകരണവും കൈമാറ്റവും സാധ്യമാക്കുന്ന സാഹചര്യം, ശേഷിവർദ്ധിപ്പിക്കൽ എന്നിവയാണ് ആ ഘടകങ്ങൾ. ഇവയുടെ പ്രായോഗികത ഉറപ്പുവരുത്താൻ കൺവൻഷൻ ചില തന്ത്രങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്.

### ഓർക്കുക

- ദേശീയ ജൈവവൈവിദ്ധ്യ തന്ത്രങ്ങളിൽ ജൈവവൈവിദ്ധ്യത്തിന്റെ സുസ്ഥിരവിനിയോഗത്തിന് വേണ്ടത്ര പ്രാധാന്യം കൽപിക്കപ്പെട്ടിട്ടുണ്ടെങ്കിലും മത്സ്യബന്ധനം, കാർഷിക പ്രവർത്തനങ്ങൾ, വനവിനിയോഗം എന്നിവയിലെല്ലാം നിലനിൽക്കുന്ന അനിയന്ത്രിതമായ ചൂഷണവും സുസ്ഥിരമല്ലാത്ത വിനിയോഗവും ജൈവവൈവിദ്ധ്യത്തിന് വൻഭീഷണി ഉയർത്തുന്നു.
- സുസ്ഥിര പ്രവർത്തനം നടത്താവുന്ന ധാരാളം മേഖലകളുണ്ട്. ജൈവകൃഷി, പരിസ്ഥിതി ആഘാത നിർണ്ണയം, സർട്ടിഫിക്കേഷൻ, ഇക്കോ ലേബലിങ്ങ്, മത്സ്യബന്ധനം നിജപ്പെടുത്തൽ, വലിയ വലകൾ ഉപയോഗിക്കാതിരിക്കുക, സംരക്ഷിത പ്രദേശങ്ങളുടെ മാനേജ്മെന്റ്, കാട്ടുതീ നിയന്ത്രണം, സുസ്ഥിര ടൂറിസം എന്നിവ ഇതിലുൾപ്പെടുന്നു.
- ജനസംഖ്യ വർദ്ധിക്കുന്നതിനനുസരിച്ച് വിശേഷിച്ചും വികസ്വരരാജ്യങ്ങളിൽ മത്സ്യത്തിനുള്ള ആവശ്യം വർദ്ധിക്കും.
- കണ്ടൽകാടുകൾ തീരങ്ങളെ മണ്ണൊലിപ്പിൽ നിന്ന് സംരക്ഷിക്കും. പവിഴപ്പുറ്റുകൾക്കും അവ സംരക്ഷണമേകും. വിവിധയിനം മത്സ്യങ്ങൾക്ക് നഴ്സറിയായും ഇവ പ്രവർത്തിക്കുന്നു. ജലജീവജാലങ്ങളിലെ പരിവർത്തനം, കാർഷിക മാറ്റങ്ങൾ, നഗരവൽക്കരണം, പാർപ്പിട വ്യാപനം, ടൂറിസം വികസനം തുടങ്ങിയവയാണ് കണ്ടൽകാടുകൾക്ക് നാശം വിതയ്ക്കുന്ന മുഖ്യഘടകങ്ങൾ.
- ഏകദേശം 300 ദശലക്ഷം ജനങ്ങൾ നിലനില്പിനായി നേരിട്ട് വനങ്ങളെ ആശ്രയിക്കുന്നു. പൂർണ്ണമായും വനങ്ങളെ ആശ്രയിക്കുന്ന തദ്ദേശീയ-ഗിരിവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട 60 ദശലക്ഷം ആളുകളും ഇതിലുൾപ്പെടുന്നു.
- വന ഉൽപന്നങ്ങളുടെ നിയമവിരുദ്ധമായ സമാഹരണവും വ്യാപാരവും വളരെ ഗുരുതരമായൊരു പ്രശ്നമാണ്. ഇതിലൂടെയുണ്ടാകുന്ന പ്രതിവർഷ നഷ്ടം 15 ബില്യൺ യു.എസ്.ഡോളറാണ്. അപൂർവ്വയിനം വൃക്ഷങ്ങളും വളരെ വിലപിടിപ്പുള്ളതും അല്ലാത്തതുമായ ഒട്ടേറെ വന ഉല്പന്നങ്ങൾ ഇന്ന് വംശനാശഭീഷണി നേരിടുന്നു.

*(അവലംബം: ഐക്യരാഷ്ട്രസഭയുടെ കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി)*

## ഉൾനാടൻ ജലാശയങ്ങളിലെ ജൈവവൈവിദ്ധ്യം

ഭൂമിയിലെ എല്ലാ ജീവജാലങ്ങളുടേയും നിലനിൽപ്പിന്റെ ആധാരം ശുദ്ധജലമാണല്ലോ. ഉൾനാടൻ ജലത്തിൽ ശുദ്ധവും ഉപ്പുരസമുള്ളതുമായ ഉൾനാടൻ ജലസ്രോതസുകൾ, ഭൂജലം എന്നിവയെല്ലാം ഉൾപ്പെടുന്നു. ഉപരിതല ആവാസവ്യവസ്ഥകളുമായി ഇവ അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.

ശുദ്ധജല ആവാസ വ്യവസ്ഥയുടെ ജൈവവൈവിദ്ധ്യം വളരെവേഗം ക്ഷയിച്ചു വരികയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ, ഭൂമിയുടെ പരിവർത്തനം, മലിനീകരണം തുടങ്ങിയവ ആവാസ സംവിധാനത്തെ തകർക്കുന്നു. ജലത്തിന്റെ സുസ്ഥിരമല്ലാത്ത വിനിയോഗവും പരദേശീഗമനവും ജൈവവൈവിദ്ധ്യത്തെ പ്രതികൂലമായി ബാധിക്കും.

മനുഷ്യവികസനത്തിനും ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ആവശ്യംവേണ്ട സേവനങ്ങളാണ് ഉൾനാടൻ ജലആവാസ വ്യവസ്ഥകൾ നൽകുന്നത്. ഈ സേവനങ്ങളിൽ ആഹാരം, ഔഷധം, കാലാവസ്ഥ നിയന്ത്രണം, പ്രളയ-പ്രകൃതി ദുരന്ത നിയന്ത്രണം, പോഷക ചംക്രമണം, കുടിവെള്ള ശുദ്ധീകരണം എന്നിവ ഉൾപ്പെടുന്നു.

ഊർജ്ജം, ഗതാഗതം, വിനോദം, ടൂറിസം, മൃഗങ്ങൾക്കും സസ്യങ്ങൾക്കുമുള്ള ആവാസകേന്ദ്രങ്ങൾ എന്നിവ പടുത്തുയർത്താനും ഈ ആവാസവ്യവസ്ഥ കൂടിയേ കഴിയൂ. ഈ സേവനങ്ങൾ പുനഃസൃഷ്ടിക്കുക വളരെ ചെലവേറിയ കാര്യമാണ്. ശുദ്ധജലത്തിനായി ആവാസവ്യവസ്ഥയെ പരിപാലിക്കുന്നതിനേക്കാൾ എത്രയോ ചെലവേറിയതാണ് ജലശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുക എന്നത്.

കാലാവസ്ഥ വ്യതിയാനത്തെ സംബന്ധിച്ചിടത്തോളം ഉൾനാടൻ ജല ആവാസവ്യവസ്ഥ വളരെ പ്രധാനമാണ്. ഉദാഹരണത്തിന് ശുദ്ധജല ആവാസവ്യവസ്ഥയെ ബുദ്ധിപൂർവ്വം കൈകാര്യം ചെയ്യുകയാണെങ്കിൽ അടിക്കടി ഉണ്ടാകുന്ന പ്രളയത്തിന്റെയും വരൾച്ചയുടെയും തീഷ്ണത കുറയ്ക്കാൻ കഴിയും. ഉൾനാടൻ ജല ജൈവവൈവിദ്ധ്യത്തിന്റെ അധഃപതനം പരിഹരിക്കണമെങ്കിൽ അതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് വിപുലമായ ബോധവല്ക്കരണം ആവശ്യമാണ്.

## വന ജൈവവൈവിദ്ധ്യം

വൃക്ഷങ്ങൾ, ചെടികൾ, മൃഗങ്ങൾ, സൂക്ഷ്മജീവികൾ ഉൾപ്പെടെ വനങ്ങളിൽ കാണുന്ന എല്ലാ ജീവജാലങ്ങളും പ്രകൃതിയിലെ അവയുടെ പങ്കും ഉൾപ്പെട്ടതാണ് വനങ്ങളിലെ ജൈവ വൈവിദ്ധ്യം. വനങ്ങളിലെ സമ്പന്നവും സങ്കീർണ്ണവുമായ ജൈവവൈവിദ്ധ്യം മനുഷ്യന് പല പ്രമുഖ സേവനങ്ങളും നൽകുന്നു. എന്നിട്ടും വന ജൈവവൈവിദ്ധ്യത്തെ നശിപ്പിക്കുന്നത് മനുഷ്യൻ തന്നെയാണ്. വനങ്ങൾ കൃഷിയിടങ്ങളാക്കുക, പരദേശിഗമനം, അടിസ്ഥാന സൗകര്യവികസനം, എണ്ണഖനനം, മനുഷ്യനുണ്ടാക്കുന്ന കാട്ടുതീ, മലിനീകരണം, കാലാവസ്ഥ വ്യതിയാനം എന്നിവയെല്ലാം വനജൈവവൈവിദ്ധ്യത്തിൽ പ്രതികൂലഫലമുണ്ടാക്കുന്നു.

ഈ അധഃപതനം വനങ്ങളെ ദുർബലമാക്കുകയും അവ മനുഷ്യന് നൽകുന്ന സേവനങ്ങളെ കുറയ്ക്കുകയും ചെയ്യും. വനങ്ങളിൽ നിന്ന് തടിയ്ക്കുപുറമേ വിലപ്പെട്ട പലതും ലഭിക്കുന്നുണ്ടെന്ന് ജനങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങിയിട്ടുണ്ട്. വിനോദോപാധികളും ആരോഗ്യക്ഷേമ സംരക്ഷണോപാധികളും കൂടിയാണ് വനങ്ങൾ. അവ താപനിലയെ നിയന്ത്രിക്കുകയും ശുദ്ധജലത്തെ സംരക്ഷിക്കുകയും മാത്രമല്ല കാർബൺ വ്യാപനം തടയുകയും കാലാവസ്ഥ വ്യതിയാനം നിയന്ത്രിക്കുകയും ചെയ്യുന്നു.

ജനജീവിതത്തിൽ സാമ്പത്തികവും സാമൂഹ്യവും സാംസ്കാരികവുമായ പല നിർണ്ണായക പങ്കുകളും വനങ്ങൾക്കുണ്ട്. പ്രത്യേകിച്ചും തദ്ദേശീയ സമൂഹങ്ങൾക്കിടയിൽ. പാരമ്പര്യ ഔഷധങ്ങൾ ഭൂരിഭാഗവും വനങ്ങളിലെ സസ്യജാലങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. വനങ്ങൾ നശിപ്പിക്കുകവഴി രോഗങ്ങൾക്ക് ഇനിയും കണ്ടെത്താനുള്ള ചികിത്സകളെയാണ് നാം നശിപ്പിക്കുന്നതെന്ന് ഓർക്കണം. ☐

*ലേഖകൻ തിരുവനന്തപുരം ഭാരതീയ വിദ്യാഭവൻ കോളേജ് ആന്റ് കമ്യൂണിക്കേഷനിലെ കോഴ്സ് ഡയറക്ടറാണ്.*



# ഓൺലൈൻ ഗെയിമുകൾക്ക് മൂക്കുകയർ വീഴുമോ?

## കേന്ദ്രസർക്കാർ പുതിയ കരട് ചട്ടം പുറത്തിറക്കി അഭിപ്രായങ്ങൾ ജനുവരി 17 നകം നൽകണം

ഇന്ത്യയിലെ ആകെ ജനസംഖ്യയുടെ 66% വും 35 വയസ്സിന് താഴെയുള്ളവരാണ്. വിദ്യാർത്ഥികളെയും യുവാക്കളെയും അടിമകളാക്കി പണവും ജീവനും അപഹരിക്കുന്ന ഓൺലൈൻ ഗെയിമുകൾക്ക് മൂക്കുകയർ വീഴാൻ പോകുന്നു. 2000 ത്തിലെ ഐടി നിയമത്തിലെ 87 -ാം വകുപ്പിൽ ഉൾപ്പെടുത്തി ഓൺലൈൻ ഗെയിമുകൾക്ക് പുതിയ നിയന്ത്രണങ്ങളും ചട്ടങ്ങളും ഏർപ്പെടുത്തുന്നതിന് കരട് ചട്ടം പൊതുജനങ്ങൾക്കായി അഭിപ്രായത്തിന് വേണ്ടി കേന്ദ്ര സർക്കാർ ലഭ്യമാക്കിയിരിക്കുകയാണ്. ജനുവരി 17 നകം അഭിപ്രായം രേഖപ്പെടുത്തുവാൻ അവസരം ഉണ്ട്.

### എന്താണ് ഓൺലൈൻ ഗെയിമുകൾ?

സ്മാർട്ട് ഫോണുകളിലൂടെയോ കമ്പ്യൂട്ടറുകളിലൂടെയോ മറ്റ് കമ്പ്യൂട്ടർ ഉപകരണങ്ങളിലൂടെയോ ഇന്റർനെറ്റ് ലഭ്യമായി കളിക്കുവാൻ സാധിക്കുന്ന ഗെയിമുകളെയാണ് ഓൺലൈൻ ഗെയിമുകൾ എന്ന് പറയുന്നത്. ചതിക്കുഴികളും സാമ്പത്തിക നഷ്ടവും അപകടവും പതിയിരിക്കുന്ന ഓൺലൈൻ ഗെയിമുകളെ നാളിതുവരെ അധികൃതർ നിയന്ത്രിക്കുകയോ പരിശോധിക്കുകയോ ശ്രദ്ധിക്കുകയോ ചെയ്തിരുന്നില്ല, എന്നാൽ ഐഎസ്ആർഒ ജീവനക്കാരൻ മുതൽ 14 വയസ്സുള്ള കുട്ടികൾ വരെ ഓൺലൈൻ ഗെയിമിന് അടിമപ്പെട്ട് പണം നഷ്ടപ്പെട്ട് ആത്മഹത്യ ചെയ്തത് സർക്കാരിന്റെ കണ്ണ് തുറപ്പിച്ചു, 17 പേർ ജീവനൊടുക്കിയ തമിഴ്നാട്ടിൽ ഓൺലൈൻ ഗെയിം നിരോധിച്ചു, കർണാടക ഓൺലൈൻ ഗെയിം ഉൾപ്പെടെയുള്ള ചൂതാട്ടങ്ങളെ നിരോധിച്ചു. കേരള സർക്കാരിന്റെ ഓൺലൈൻ റമ്മികളി നിരോധനം, റമ്മി കളിയിൽ വൈദഗധ്യം വേണ്ട കളിയാണ് എന്നും. ഭാഗ്യ പരീക്ഷണം അല്ലെന്നും അതിനാൽ കേരള ചൂതാട്ട നിയമത്തിലെ 14 എ ഭേദഗതി ഹൈക്കോടതി



രാജ്യത്തെ ഐടി നിയമങ്ങളെല്ലാം തന്നെ ഓൺലൈൻ ഗെയിമുകൾക്കും ബാധകമാകുമെന്ന് കരട് നിയമത്തിൽ വിവക്ഷിക്കുന്നു

## ഓൺലൈൻ ഗെയിംമിന്റെ സാമ്പത്തിക പ്രതലം

2026 ഓടുകൂടി ഇന്ത്യയിലെ ഓൺലൈൻ ഗെയിം വ്യവസായം 56995 കോടി രൂപയുടെ വളർച്ച നേടുമെന്ന് പ്രവചിക്കപ്പെട്ടിട്ടുണ്ട്.ഇന്ത്യ ലോകത്തിലെഅഞ്ചാമത്തെ ഓൺലൈൻ ഗെയിം വിപണിയാണ്. 400 ലധികം ഓൺലൈൻ ഗെയിം സ്റ്റാർട്ടപ്പുകളും 900 ലധികം ഗെയിമിംഗ് കമ്പനികളും ഇന്ത്യയിലുണ്ട്. ഓൺലൈൻ ഗെയിം വ്യവസായത്തിൽ ഇന്ത്യയുടെ സംഭാവന ആഗോളതലത്തിൽ 13%ആണ്. ഇന്ത്യയിൽ 2020 ൽ 22% കളിക്കാരുള്ള ഓൺലൈൻ ഗെയിം 2022 ആയപ്പോൾ 51%ആയി കളിക്കാരുടെ എണ്ണം വർദ്ധിച്ചു. ഇന്ത്യയിൽ 2021ൽ 390 ദശലക്ഷം ഓൺലൈൻ ഗെയിം കളിക്കാരാണെങ്കിൽ 2023 അത് 507 ദശലക്ഷം ആകുന്നതാണ്. ഓൺലൈൻ ഗെയിം വ്യവസായത്തിൽ പണം നിക്ഷേപിക്കുന്നതിന്റെ വളർച്ച 383% ആണ് കൈവരിച്ചത്. അഞ്ചു കോടിയിലധികം ഓൺലൈൻ ഗെയിം കളിക്കാരാണ് ആഴ്ചയിൽ 8 മണിക്കൂർ വരെ ഗെയിം കളിക്കുന്നത്.

## പുതിയ നിർദ്ദേശങ്ങൾ

പരാതി പരിഹാര സംവിധാനം പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം, ഉപഭോക്താക്കളുടെ ആധികാരികത, സേവനങ്ങളുടെ രജിസ്ട്രേഷൻ, സുതാര്യത,വ്യക്തിഗത വിവരങ്ങളുടെ സംരക്ഷണം എന്നിവ ഉറപ്പ് വരുത്തുമെന്ന് പുതിയ നിയമത്തിൽ സൂചിപ്പിക്കുന്നു . ആറ് വകുപ്പുകൾ ഉള്ള നിയമത്തിൽ ഇന്ത്യയിൽ ഓൺലൈൻ ഗെയിമിംഗ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിക്കുകയും അങ്ങനെ രജിസ്റ്റർ ചെയ്ത വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുകയും വേണം. ഫീസ്, പ്രവർത്തനരീതി ,പണം നഷ്ടപ്പെട്ടു പോകാതിരിക്കാനുള്ള മുൻകരുതൽ എന്നിവ ഓൺലൈൻ ഗെയിമിംഗ് കമ്പനികൾ പരസ്യപ്പെടുത്തണം. നിയന്ത്രണങ്ങൾ, സ്വകാര്യത നയം, സേവനം, കാലയളവ്, ഉപയോക്താക്കളുമായുള്ള കരാറുകൾ തുടങ്ങിയവ കളിക്കുന്നവരെ അറിയിക്കണം. പണനഷ്ടത്തിന്റെ വിവരങ്ങൾ, അടിമയാകാതിരിക്കാനുള്ള സാധ്യത

റദ്ദ് ചെയ്തത് ഓൺലൈൻ ഗെയിമുകൾക്ക് പ്രചാരണം ഉണ്ടാക്കിക്കൊടുത്തു. ചൂതാട്ട നിയമപ്രകാരം പണം വെച്ചുള്ള വാതുവെപ്പും, കളികളും ചൂതാട്ടത്തിന്റെ പട്ടികയിലാക്കി നിരോധിച്ചിട്ടും, ഓൺലൈൻ ഗെയിം ഭാഗ്യ പരീക്ഷണമല്ലെന്നും വൈദഗ്ധ്യം വേണ്ട കളികൾ ആണെന്നും ചൂതാട്ടത്തിന്റെ ഭാഗമല്ലെന്നും വിവിധ കോടതികളിൽ സ്ഥാപിച്ചതിന്റെ അടിസ്ഥാനത്തിലും, വൈദഗ്ധ്യാധിഷ്ഠിത ഗെയിമുകൾ വിനോദത്തിനോ പണത്തിനോ വേണ്ടി കളിച്ചാലും ചൂതാട്ടമല്ലെന്ന നിയമവും ഈ രംഗത്ത് ഉണ്ടാക്കിയ അരക്ഷിതാവസ്ഥയ്ക്ക് പരിഹാരമായിട്ടാണ് കേന്ദ്രസർക്കാർ പുതിയ നിയമം ഉണ്ടാക്കുവാൻ ശ്രമിക്കുന്നത്. 10 കോടി രൂപ വരെ സമ്മാനത്തുക നിശ്ചയിച്ച ഓൺലൈൻ ഗെയിമുകളിലേക്ക് യുവജനത ഹരത്തോടെ മുഴുകിയിട്ടും നിർമ്മിത ബുദ്ധിയിലധിഷ്ഠിതമായ പ്രോഗ്രാമുകളോട് മനുഷ്യർ കളിച്ച് അവശരായിട്ടും, കുട്ടികൾ അടിമകളായി ഡി അഡിക്ഷൻ സെന്ററുകളിലേക്ക് പ്രവേശിക്കപ്പെട്ടിട്ടും, യുവത നേരിടുന്ന ഒരു വലിയ സാമൂഹ്യ പ്രശ്നമായി ഓൺലൈൻ ഗെയിമുകളെ തിരിച്ചറിയുവാൻ വൈകി എന്നത് ഒരു സത്യമാണ്, ഡിജിറ്റൽ മാധ്യമങ്ങളെ ലക്ഷ്യമാക്കിയിട്ടുള്ള

**ഓൺലൈൻ ഗെയിമിംഗ് കമ്പനികൾ ഒരു സ്വയം നിയന്ത്രിത സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം എന്നത് ഇന്ത്യയിലെ ഓൺലൈൻ ഗെയിമിംഗ് സ്ഥാപനങ്ങൾക്ക് നിയന്ത്രണങ്ങൾ വരികയാണ്, ഐടി മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്ത സെൽഫ് റെഗുലേഷൻ കമ്പനികൾക്ക് മാത്രമേ ഇനിമുതൽ ഓൺലൈൻ ഗെയിമുകൾ നടത്താൻ സാധിക്കുകയുള്ളൂ**

തുടങ്ങിയവ രേഖപ്പെടുത്തണം കൂടാതെ മറ്റ് കളിക്കാരെ കബളിപ്പിക്കുന്ന പ്രവണത കൂടി വരുന്നതിനാൽ കളിക്കുന്ന എല്ലാവരുടെയും അക്കൗണ്ട് കമ്പനികൾ പരിശോധിച്ചു ഉറപ്പ് വരുത്തണം. പുതിയ അക്കൗണ്ട് ആരംഭിക്കുന്നതിന് റിസർവ് ബാങ്ക് നിർദ്ദേശിക്കുന്ന രേഖകൾ ആവശ്യപ്പെടാവുന്നതാണ്. ഇങ്ങനെ ഹാജരാക്കുന്ന രേഖകളോ വിവരങ്ങളോ മറ്റൊന്നിനും തന്നെ കമ്പനികൾ ഉപയോഗപ്പെടുത്താൻ പാടുള്ളതല്ല. .ഉപഭോക്താവിന്റെ മൊബൈൽ നമ്പർ അടക്കമുള്ള വിവരങ്ങൾ ഒന്നിച്ച് ഗെയിം കളിക്കുന്നവർക്ക് മനസ്സിലാക്കുവാൻ ഈ നിയമം പര്യാപ്തമാക്കുന്നതാണ്. ഇന്ത്യയിൽ മേൽവിലാസം ഉള്ളവർക്കെ ഗെയിം കമ്പനികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ എന്നത് വിദേശത്തുനിന്നുള്ള കള്ളനാണയങ്ങൾ ഈ മേഖലയിൽ കടന്നുവരുന്നത് തടയാൻ സാധിക്കുന്നതാണ്. സോഷ്യൽ മീഡിയ പോലെ ഓൺലൈൻ ഗെയിം കമ്പനികൾ സ്വന്തമായി ഒരു പരാതി പരിഹാര സംവിധാനം ഒരുക്കണം. പരാതികളിൽ ഐ ടി നിയമങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കണം. പരാതികൾ സംബന്ധിച്ചു ഉപഭോക്താക്കളുമായി ആശയവിനിമയം നടത്തണം. കൂടാതെ ഓൺലൈൻ കമ്പനികൾ സേവനത്തിന്റെ നിയമവിധേയമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിന് ഒരു മുഖ്യ പരാതി പരിഹാര ഉദ്യോഗസ്ഥനെ നിയമിക്കണം. കൂടാതെ അത്യാവശ്യ കാര്യങ്ങൾക്ക് അധികൃതർക്ക് ബന്ധപ്പെടുന്നതിന് വേണ്ടി മറ്റൊരു ഓഫീസറെ കൂടി ഓൺലൈൻ കമ്പനികൾ നിയമിക്കണമെന്ന് കരട് നിയമത്തിൽ ചൂണ്ടിക്കാണിക്കുന്നു.

കൂടാതെ ഓൺലൈൻ ഗെയിമിംഗ് കമ്പനികൾ ഒരു സ്വയം നിയന്ത്രിത സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിരിക്കണം എന്നത് ഇന്ത്യയിലെ ഓൺലൈൻ ഗെയിമിംഗ് സ്ഥാപനങ്ങൾക്ക് നിയന്ത്രണങ്ങൾ വരികയാണ്, ഐടി മന്ത്രാലയത്തിൽ രജിസ്റ്റർ ചെയ്ത സെൽഫ് റെഗുലേഷൻ കമ്പനികൾക്ക് മാത്രമേ ഇനിമുതൽ ഓൺലൈൻ ഗെയിമുകൾ നടത്താൻ സാധിക്കുകയുള്ളൂ. ഗെയിമിംഗ് രംഗത്ത് പ്രവർത്തന പരിചയമുള്ളവർക്കും, കമ്പനി നിയമങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്ത കമ്പനികൾക്കും, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റികൾക്കും സെൽഫ് റെഗുലേഷൻ ബോഡിയായി രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓൺലൈൻ കമ്പനികളിൽ പ്രാവണ്യം



ഉള്ളവർ ഗെയിമിംഗ് രംഗത്ത് പരിചയം, കായികം വിനോദം എന്നിവയിലുള്ള വ്യക്തികൾ ഓൺ ലൈൻ സ്ഥാപന നടത്തിപ്പിൽ ഉണ്ടാകണം,കൂടാതെ കളിക്കാരെ പ്രതിനിധീകരിച്ച് ഒരാളെ കൂടി സെൽഫ് റെഗുലേഷൻ ബോഡിയിൽ നിർബന്ധമായും ഉൾപ്പെടുത്തണം.സൈക്കോളജി, മെഡിസിൻ ഉപഭോക്ത വിദ്യാഭ്യാസം എന്നീ മേഖലയിലുള്ളവർക്കും പ്രാതിനിധ്യം ഉണ്ടാകണം. കൂടാതെ സർക്കാർ നിർദ്ദേശം ചെയ്യുന്ന പൊതുനയം, പൊതുഭരണം, നിയമപാലനം, സാമ്പത്തികംതുടങ്ങിയവയിൽ ഏതെങ്കിലും ഒരു മേഖലയിൽ നിന്നുള്ള ഒരാളെ സർക്കാർ ഈ സംവിധാനത്തിലേക്ക് നോമിനേറ്റ് ചെയ്യാനുള്ള നിർദ്ദേശം സെൽഫ് റെഗുലേഷൻസ് ബോഡിയുടെ പ്രവർത്തനം കുറ്റമറ്റതാക്കുവാൻ സഹായിക്കുന്നതാണ്.


സെൽഫ് റെഗുലേറ്ററി ബോഡിക്ക്, ഓൺലൈൻ ഗെയിമിംഗ് സേവനത്തിന് അംഗത്വ അപേക്ഷകൾ സ്വീകരിച്ച് നിയമവിധേയമായി മാനദണ്ഡങ്ങൾക്ക് അനുസരിച്ച് അംഗത്വം നൽകുവാൻ കരട് നിയമം നിർദ്ദേശിക്കുന്നു. ഇങ്ങനെ രജിസ്റ്റർ ചെയ്ത ഓൺലൈൻ ഗെയിമിംഗ് സ്ഥാപനങ്ങളുടെ വിവരങ്ങൾ നിയന്ത്രണാധികാരസ




മിതി കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനാൽ എത്ര ഓൺലൈൻ ഗെയിമിംഗ് കമ്പനികൾ രാജ്യത്ത് പ്രവർത്തിക്കുന്നുണ്ട് എന്നും എത്രപേർ ഗെയിം കളിക്കുന്നുണ്ട് എന്നും കൃത്യമായി സർക്കാറിന് മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. ഇങ്ങനെ രജിസ്റ്റർ ചെയ്ത സ്ഥാപങ്ങളുടെ മുഴുവൻ വിവരങ്ങളും പ്രദർശിപ്പിക്കണം, ഓൺലൈൻ ഗെയിമിനുള്ള സമ്മാനങ്ങൾ അതിനുവേണ്ടി ആദ്യം മുടക്കേണ്ട പണം, അവയുടെ പിൻവലിക്കൽ, പണത്തിന്റെ സുരക്ഷ, എന്നിവ സംബന്ധിച്ച് കണ്ണാടി പോലെ കാര്യങ്ങൾ സുതാര്യമാകും എന്ന് കരട് നിയമം വിവരിക്കുന്നു. രാജ്യത്ത് നിയമങ്ങൾക്ക് വിരുദ്ധമായതോ മറ്റു രാജ്യങ്ങളുമായുള്ള ബന്ധത്തെ ബാധിക്കുന്ന തരത്തിലുള്ള ഗെയിമുകൾ പ്രവർത്തിപ്പിക്കാൻ പാടില്ല, 18 വയസ്സിന് താഴെയുള്ള കുട്ടികൾ ഓൺലൈൻ ഗെയിം കളിക്കുന്നതിന് കർശന നിയന്ത്രണം ഏർപ്പെടുത്തും എന്നത് വലിയ ആശ്വാസമാണ് രക്ഷിതാക്കൾക്ക് നൽകുന്നത് ഫലപ്രദമായി നടപ്പിലാക്കിയാൽ കുട്ടികൾ ഓൺലൈൻ അടിമകളാകുന്ന വർത്തമാന സാഹചര്യം ഒഴിവാക്കുവാൻ നിയമം കൊണ്ട് സാധിക്കുന്നതാണ്. അതിവേഗം വളർന്ന് വികസിക്കുന്ന ഓൺലൈൻ ഗെയിമുകളിൽ കൂടുതൽ വൈദഗ്ധ്യം കടന്നുവരുന്നതിനാൽ കടുത്ത നിയന്ത്രണമില്ലെങ്കിൽ യുവതലമുറയുടെ ക്രയ വിക്രയ ശേഷിയും കർമ്മ കുശലതയും നഷ്ടപ്പെട്ടു പോകുന്നതാണ്. ഒരു പ്രാവശ്യം കളിച്ചാൽ അതിവേഗം അടിമപ്പെട്ടു പോകുകയും കൂടുതൽ സമയം വ്യഗ്രതയോടെ കളിക്കാൻ ആഭിമുഖ്യം കാണിക്കുകയും ചെയ്യുന്നതിനാൽ മനുഷ്യന്റെ സാമൂഹിക ഇടപെടുകളിൽ നിന്നും യുവജനങ്ങളെ അകറ്റാൻ അമിതമായ ഓൺലൈൻ ഗെയിമുകൾ കാരണമാകുന്നതാണ്. നിലവിൽ ഒരു നിയമത്തിന്റെയും പരിധിയിൽ വരാത്ത ഓൺലൈൻ ഗെയിമുകൾക്ക് പുതിയ നിയന്ത്രണം സംവിധാനം ഉണ്ടാക്കുവാൻ പുതിയ നിയമം കൊണ്ട് സാധിക്കുമെങ്കിലും വളർന്നു വ്യാപാരിച്ച ഓൺലൈൻ ഗെയിം വിപണിയെ പൂർണമായും നിയന്ത്രിക്കാൻ നിയമം പര്യാപ്തമാണോ എന്ന് കാത്തിരുന്ന് കാണേണ്ടതായിട്ടുണ്ട്. കൂടാതെ ലോകം ഡിജിറ്റൽ യുഗത്തിലായതിനാൽ ഓൺലൈൻ ഗെയിമുകളിൽ ഇന്ത്യയിൽ നിന്നുള്ളത് മാത്രം നിയന്ത്രിച്ചാൽ പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതുമകളെ തേടിയുള്ള യാത്രയിൽ യുവജനത രാജ്യത്തിന് പുറത്തുനിന്നുള്ള ഗെയിമുകൾ കളിക്കുന്നത് നിയന്ത്രിക്കുവാൻ ഈ നിയമം പര്യാപ്തമല്ല. കൂടാതെ നിലവിലുള്ള നിയന്ത്രണ സംവിധാനത്തിൽ ഒരു ജുഡീഷ്യൽ അല്ലെങ്കിൽ അർദ്ധ ജുഡീഷ്യൽ പദവിയിലുള്ളവരെ ഉൾപ്പെടുത്തിയാൽ കൂടുതൽ ആധികാരികമാകും. ചൂതാട്ടം വാതു വെപ്പ് എന്നിവ സംസ്ഥാന വിഷയമാണെങ്കിലും ഇന്റർനെറ്റ് ഉപയോഗിച്ച് പണം ഇടപാട് തടയാനുള്ള ബാധ്യത കേന്ദ്രസർക്കാറിനുള്ളതിനാലാണ് പുതിയ നിയമത്തിന്റെ കരട് പുറപ്പെടുവിച്ചത്. ഗെയിമുകളുടെ അന്തിമഫലത്തിൽ പണമിടപാടുകൾ നിയന്ത്രിക്കുമെന്നത് പൂർണ്ണമായും നടപ്പിലാക്കിയാൽ ഭാവിയിലെ വലിയ ദുരന്തം ഒഴിവാക്കാവുന്നതാണ്. ഗെയിം ആപ്പുകളിൽ സമയം ചെലവഴിക്കുന്നത് 21% വർധിക്കുകയും ,5 ജി നെറ്റ് കണക്ഷൻ രാജ്യത്ത് ലഭിക്കുകയും ചെയ്തതോടെ ഓൺലൈൻ ഗെയിം വൻ കുതിപ്പിലേക്ക് പോകുന്ന അവസരത്തിലാണ് പുതിയ നിയമത്തിന്റെ കരട് പൊതു ജനങ്ങൾക്ക് അഭിപ്രായത്തിന് വേണ്ടി പരസ്യപ്പെടുത്തിയിരിക്കുന്നത് ,സമൂഹത്തിൽ വിനയായി കൊണ്ടിരിക്കുന്ന ഓൺ ലൈൻ ഗെയിമുകളിൽ അഭിപ്രായം രേഖപെടുത്തുവാനുള്ള അവസരം ഉപയോഗപ്പെടുത്തുവാൻ പൊതു ജനങ്ങൾ മുന്നോട്ട് വരേണ്ടതായിട്ടുണ്ട്.

**നിലവിൽ ഒരു നിയമത്തിന്റെയും പരിധിയിൽ വരാത്ത ഓൺലൈൻ ഗെയിമുകൾക്ക് പുതിയ നിയന്ത്രണം സംവിധാനം ഉണ്ടാക്കുവാൻ പുതിയ നിയമം കൊണ്ട് സാധിക്കുമെങ്കിലും വളർന്നു വ്യാപാരിച്ച ഓൺലൈൻ ഗെയിം വിപണിയെ പൂർണമായും നിയന്ത്രിക്കാൻ നിയമം പര്യാപ്തമാണോ എന്ന് കാത്തിരുന്ന് കാണേണ്ടതായിട്ടുണ്ട്**

*തയ്യാറാക്കിയത്: നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ഷാഹുൽ ഹമീദ് ആണ്)*




# കൂറുമാറ്റത്തിന്റെ പിന്നാമ്പുറങ്ങൾ

■ അഡ്വ. വിനോദ് കായ്പ്പാടി

ആസൂത്രിത വികസനത്തിനും തദ്ദേശ ഭരണകാര്യങ്ങളിലും വർദ്ധിച്ച അളവിലുള്ള ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി ത്രിതലപഞ്ചായത്തുകൾക്കുവേണ്ടി ഭരണഘടനാ അനുസൃതമായി സംസ്ഥാനത്ത് നിയമം കൊണ്ടുവന്നത് 1994-ൽ ആണല്ലോ. നാളിതുവരെ നാടിന്റെ വികസനത്തിന് ഈ സംവിധാനം വഹിച്ച പങ്ക് വളരെ വലുതുമാണ്. ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന ഭരണസമിതിയുടെ നിയന്ത്രണത്തിലാണ് ഇവയുടെ ഭരണം. ജനകീയമാക്കാനും ജനപക്ഷമാക്കുവാനും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും വരുന്നു. ജനത്തെ ഭരിക്കാൻ തെരഞ്ഞെടുക്കുന്ന ജനപ്രതിനിധികൾ വേണ്ടവിധം അവരുടെ അധികാരവും അവസരവും നിയമപരമായി ഉപയോഗിക്കുന്നുണ്ടോ എന്ന കാര്യം ചിന്തിതമാകുന്നു.

ലോകം മുഴവൻ എതിർത്തു സംസാരിച്ചാലും നിങ്ങൾക്കുവേണ്ടി സംസാരിക്കാൻ ഒരു പഞ്ചായത്ത് അംഗം എങ്കിലും ഉണ്ടാകും എന്ന വിശ്വാസത്തിലാണ് വോട്ട് ചെയ്ത് അംഗങ്ങളെ വിജയിപ്പിക്കുന്നത്. പക്ഷേ ആ ജനപ്രതിനിധി തന്നെ നിയമം ലംഘിച്ചാലുള്ള അവസ്ഥ എന്താകും? രാഷ്ട്രീയപാർട്ടി പ്രതിനിധികളായി വാശിയോടെ മത്സരിച്ച് ജയിച്ച ശേഷം കേവലം അധികാരത്തിനും സമ്പത്തിനും വേണ്ടി പക്ഷം മാറിയും കൂറുമാറിയും ജനങ്ങളെ വിഡ്ഢികളാക്കുന്ന ജനപ്രതിനിധികൾ നിയമസംവിധാനത്തെ മാത്രമല്ല വോട്ടുചെയ്ത ജനതയെയാണ് വെല്ലുവിളിക്കുന്നത്. ഒരു ന്യൂനപക്ഷം ഉണ്ടാക്കുന്ന ഈ നാണക്കേട് മറികടക്കാൻ ഒരു നിയമം ഉണ്ടാകണം എന്നിടത്തു നിന്നാണ് 1999-ലെ കേരള തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ (കൂറുമാറ്റംനിരോധിക്കൽ) നിയമം ആവിർഭവിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾക്ക് മാത്രമായി ഒരു നിയമം. വർത്തമാനകാലത്ത് രാജ്യത്ത് ഈ കൂറുമാറ്റവും ചുവടുമാറ്റവും ഒരു വലിയ കാര്യമോ വിഷയമോ അല്ല എന്നിരിക്കെ കേരളത്തിൽ അധികാരത്തിനും പണത്തിനുമായി കൂറുമാറുന്നവർ ധാരാളമാണ്.

രാഷ്ട്രീയപ്രതിബന്ധതയെ മാത്രമല്ല തെരഞ്ഞെടുത്തവരെയും നാണിപ്പിക്കുന്ന ഈ ചുവടുമാറ്റം നിയമംമൂലം അവസാനിപ്പിക്കേണ്ടത് തന്നെയാണ്. തദ്ദേശസ്ഥാപനങ്ങളിലേയ്ക്ക് 2020-ൽ നടന്ന തെരഞ്ഞെടുപ്പിന് ശേഷം ഏകദേശം 500-ൽ അധികം ജനപ്രതിനിധികൾ ഈ കാലുമാറ്റം നടത്തിയെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 100-ൽ അധികം പരാതികൾ ഇതേപറ്റി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനു മുന്നിൽ പരിഗണനയിലുമാണ്. ബാക്കിയുള്ളവ ആരാലും പരാതി പറയാതെ അവഗണിക്കപ്പെട്ടു. അല്ലെങ്കിൽ അവസാനിപ്പിച്ചു എന്നതാണ് സത്യം. നേരിട്ട് പരാതി എടുക്കാൻ കമ്മീഷന് അധികാരവുമില്ല. കൂറുമാറുന്ന അംഗങ്ങളെ അയോഗ്യരാക്കാൻ നിയമം അനുശാസിക്കുന്നുവെങ്കിലും അതിൽ തീർപ്പ് കൽപ്പിക്കാനുള്ള അധികാരം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാണ്. കേരളത്തിൽ



രാഷ്ട്രീയകക്ഷിയിലെ അംഗങ്ങൾക്ക് അതാതുകാലത്തിൽ സ്ഥാനാർത്ഥികൾക്ക് തെരഞ്ഞെടുപ്പിന് ചിഹ്നം അനുവദിച്ച ആൾ രേഖാമൂലം നിർദ്ദേശം നൽകേണ്ടതാണ് എന്നാണ് നിയമം. ഇപ്രകാരം നൽകുന്ന നിർദ്ദേശങ്ങൾ പോലും സ്വന്തം താല്പര്യത്തിനായി അനുസരിക്കാതെ കൂറുമാറി മറുകണ്ടം ചാടുന്ന അംഗങ്ങൾക്ക് അയോഗ്യത കൽപിക്കേണ്ടത് അനിവാര്യമാണ്. ഇങ്ങനെ പ്രവർത്തിക്കുന്ന അംഗങ്ങൾക്കെതിരെ അതേ പഞ്ചായത്തിലെ മറ്റൊരു അംഗം മുപ്പതുദിവസത്തിനകം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനിൽ പരാതി നൽകേണ്ടതാണ്. ഈ പരാതിയിൽ തെളിവെടുപ്പ് നടത്തി നാലുമാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണം എന്നാണ് നിയമം.

പൊതുതെരഞ്ഞെടുപ്പിലെ ഫലപ്രഖ്യാപനത്തിനു ശേഷം അംഗങ്ങളുടെ എണ്ണം നോക്കിയും കണക്കനുസരിച്ച് കൂറുമാറി പഞ്ചായത്ത് പ്രസിഡന്റും വൈസ്പ്രസിഡന്റും ഭരണസമിതിഭാരവാഹിയും ആയ അംഗങ്ങളും നമ്മുടെ നാട്ടിലുണ്ട്. കേസിൽ പെട്ടാൽ വിചാരണ നീട്ടി കൊണ്ടുപോയി അഞ്ചുവർഷവും ഭരണത്തിൽ തുടരുന്ന അംഗങ്ങളുമുണ്ട്. പൂർണ്ണസ്വതന്ത്രരായി തെരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ച ശേഷം രാഷ്ട്രീയ പാർട്ടികളിൽ അംഗമായി അധികാരസ്ഥാനത്ത് തുടരുന്നവരും നിലവിലുണ്ട്.

ജനങ്ങൾക്ക് നേരിട്ട് കാര്യങ്ങൾ അവതരിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കുന്നതിനും മറ്റുമാണ് ഗ്രാമസഭകൾ ചേരുന്നത്. സ്വന്തം വാർഡിലെ ഗ്രാമസഭ യോഗങ്ങൾ പോലും കൃത്യമായി കൂടാത്ത അംഗങ്ങളും നിയമപ്രകാരം അയോഗ്യരാക്കപ്പെടേണ്ടവരാണ്. കൃത്യമായി കമ്മിറ്റികളിലും സ്റ്റാന്റിംഗ് കമ്മിറ്റികളിലും പങ്കെടുക്കാത്ത അംഗങ്ങളുമുണ്ട്. ഈ രണ്ട് ഗണത്തിൽ പെട്ടവരുടേയും കേസുകൾ തീർപ്പാക്കാതെ കിടപ്പുള്ളവയിൽ പെടുന്നു. ഇത്തരം നിയമലംഘകരെ അയോഗ്യരാക്കുവാനുള്ള അധികാരം കൂടുതൽ നിയമപാലകരിലേയ്ക്ക് വിഭജിച്ച് നൽകേണ്ട സമയം അതിക്രമിച്ചു. നിയമം കാലാനുസൃതമായും കൃത്യമായും വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കിയാൽ ഇത്തരം പ്രവണതകൾ പൂർണ്ണമായും അവസാനിപ്പിക്കാൻ നമുക്ക് കഴിയും. ☐

*(ലേഖകൻ തിരുവനന്തപുരം ജില്ലയിലെ അഭിഭാഷകനാണ്)*

മറ്റൊരു കോടതിയ്ക്കും നിയമ സംവിധാനത്തിനും ഈ കമ്മീഷനെ പോലെ ഇടപെടാനുമാവില്ല. ഇത് ഇത്തരം കേസുകളിലെ തീർപ്പ് വൈകിപ്പിക്കുന്നു എന്നതിനാൽ ഈ കാലതാമസം നീതിനിഷേധിതവും കൂടിയായി പരിണമിക്കുന്നു. കേരളത്തിൽ ഇതുവരെ പഞ്ചായത്തംഗങ്ങൾ കൂറുമാറിയതുമൂലം നിരവധി തദ്ദേശസ്വയം ഭരണ സമിതികൾ തകിടം മറിയുകയും ഭൂരിപക്ഷ ജനാഭിലാഷം അട്ടിമറിക്കപ്പെടുകയും ചെയ്തു.

തെരഞ്ഞടുക്കപ്പെട്ട അംഗങ്ങൾ നിയമത്തിൽ അനുശാസിക്കുന്ന വിധം പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇതിനായി അവർക്ക് നിയമപഠന ക്ലാസ്സുകളും സർക്കാർ ചിലവിൽ നൽകുന്നുണ്ട്. നിയമപ്രകാരം അംഗങ്ങൾക്ക് പ്രവർത്തിക്കാൻ നിർദ്ദേശം നൽകാൻ രാഷ്ട്രീയ പാർട്ടികൾക്ക് കഴിയാതെ വന്നാൽ അവരുടെ അയോഗ്യതയിലേയ്ക്കുള്ള പ്രവർത്തികൾ നീതികരിക്കപ്പെടും. നിയമനടത്തിപ്പിലെ ചെറിയ പിഴവുകൾ പോലും വലിയ തെറ്റിനു ന്യായീകരിക്കുന്നതായി തീർന്നേക്കാം. അധികാരം കിട്ടാനും പിടിച്ചെടുക്കുവാനും വേണ്ടി രാഷ്ട്രീയ പാർട്ടിയുടെ തന്ത്രങ്ങൾക്കുമപ്പുറം കിട്ടിയ അവസരം ഉപയോഗിച്ച് അവരുടെയും വരും തലമുറകളെയും വരെ ധനവാൻമാരാക്കുന്ന മിടുക്കൻമാർ വരെയുണ്ട്. ഒന്നുകണ്ണടച്ചാൽ പഞ്ചായത്താഫീസും വിൽക്കും എന്ന നിലയിലേക്ക് ചിന്ത മാറിയിരിക്കുന്നു ഇത്തരം അംഗങ്ങൾക്ക്.

ഈ നിയമത്തിൽ ഒരു തദ്ദേശ സ്വയം ഭരണസ്ഥാപനത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു അംഗം ഒരു രാഷ്ട്രീയ കക്ഷിയുടെ സ്ഥാനാർത്ഥിയായോ രാഷ്ട്രീയ കക്ഷിയുടെ പിന്തുണയുള്ള സ്ഥാനാർത്ഥിയായോ തെരഞ്ഞെടുപ്പിൽ മത്സരിച്ച വ്യക്തി ആണെങ്കിൽ അക്കാര്യം വെളിവാക്കിക്കൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ഒരു സത്യപ്രസ്ഥാവന നൽകേണ്ടതുണ്ട്. അതനുസരിച്ച് ആ അംഗത്തെ ആ രാഷ്ട്രീയ കക്ഷിയിലെയോ പിന്തുണയുള്ളതോ സഖ്യത്തിലെ അംഗമാണെന്ന് കണക്കാക്കേണ്ടതാണ്. ഇനി സ്വതന്ത്രനാണെങ്കിൽ അപ്രകാരം സത്യപ്രസ്ഥാവന നൽകണം. പൂർണ്ണ സ്വതന്ത്രനാണെങ്കിൽ ഒരു കക്ഷിയിലോ സഖ്യത്തിലോ ആ കാലയളവിൽ ചേരാൻ പാടില്ലാത്തതുമാണ്.



# തളിർക്കുന്ന പ്രതീക്ഷകൾ

■ സിന്ധു തോമസ്

2018ലെ പ്രളയം കേരളത്തെ സമീപകാലത്തൊന്നുമുണ്ടാകാത്ത പ്രതിസന്ധിയിലേക്കാണ് നയിച്ചത്. നീണ്ടു നിന്ന പെരുമഴയിൽ ജലസംഭരണികൾ നിറഞ്ഞു, പുഴകൾ വഴി മാറിയൊഴുകി. അധികജലം താങ്ങാനാകാതെ മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടായി. പലയിടത്തും മനുഷ്യൻ ദീർഘകാലത്തെ പരിശ്രമം കൊണ്ട് കെട്ടിപടുത്ത ജീവിതത്തിന്റെ താളം തെറ്റി. വിലപ്പെട്ട നിരവധി ജീവനുകൾ പ്രകൃതി ദുരന്തം കവർന്നെടുത്തു.

പ്രളയത്തിൽ ജീവിതവും ജീവന ഉപാധികളും തകർന്ന് നിൽക്കുന്ന ജനസമൂഹത്തിന് ആത്മവിശ്വാസം പകരുകയും, ജീവിതം മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മാർഗ്ഗങ്ങൾ തുറന്നുകൊടുക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനമാണ്. കൃഷിയെയും കൃഷി അനുബന്ധ തൊഴിലുകളെയും ആശ്രയിച്ച ജീവിച്ചിരുന്നവരാണ് പ്രധാനമായും പ്രളയത്തോടെ പ്രതിസന്ധിയിലായത്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ആഗ്രഹവും മൂലധനവും ഉണ്ടെങ്കിൽ പോലും അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ, സാങ്കേതിക പരിശീലനം, വിജയസാധ്യത, രജിസ്ട്രേഷൻ നടപടികൾ എന്നിവയെല്ലാം സംബന്ധിച്ചുള്ള കാര്യങ്ങൾ സാധാരണക്കാർക്ക് വേഗത്തിൽ അന്വേഷിച്ച കണ്ടെത്തുക എന്നത് ശ്രമകരമാണ്. ഈ സാഹചര്യത്തിലാണ് കേരളത്തിന്റെ പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത നടപ്പിലാക്കുന്നതിന് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (ആർ കെ ഐ) നെ സർക്കാർ ചുമതലപ്പെടുത്തിയത്.

പ്രളയം നിമിത്തം ജനങ്ങൾക്കുണ്ടായ നഷ്ടം പരിഹരിക്കുക എന്നതാണ് നമ്മുടെ നാട് നേരിട്ട പ്രധാന വെല്ലുവിളി. നാട്ടിലെ ദരിദ്രരെയും ദുർബലരെയുമാണ് പ്രളയം പ്രധാനമായും ബാധിച്ചത്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ അടിയന്തരശ്രദ്ധ പതിപ്പിക്കുകയെന്ന ഉത്തരവാദിത്വം കുടുംബശ്രീ മിഷൻ ഭംഗിയായി നിർവഹിച്ചു.



ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നേതൃത്വത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2017- 18 മുതൽ കേരളത്തിലെ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ നടപ്പിലാക്കി വന്നിരുന്ന എസ് .വി .ഇ.പി ഇക്കാര്യത്തിൽ അനുകരിക്കാവുന്ന മാതൃകയായിരുന്നു. ഈ പദ്ധതി വഴി നിരവധിയായ സംരംഭങ്ങൾക്ക് വഴികാട്ടിയും താങ്ങും തണലും ആകുന്നതിന് കഴിഞ്ഞിട്ടുണ്ട് . 14 ബ്ലോക്കുകളിൽ വിജയകരമായി നടപ്പിലാക്കി വന്ന എസ് വി ഇപിയുടെ നേട്ടങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ അതേ മാതൃകയിൽ ജീവനോപാധി പ്രോത്സാഹന പദ്ധതി -റീ ബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിൽ പെടുത്തി ആർ കെ ഐ - സംരംഭകത്വ വികസന പദ്ധതി നിലവിൽ വന്നു.

പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെട്ട 14 പ്രളയ ബാധിത ബ്ലോക്കുകളിൽ ഇടുക്കി ജില്ലയിലെ അടിമാലി ബ്ലോക്കും ഉൾപ്പെട്ടു.അടിമാലി ബ്ലോക്കിലെ കൊന്നത്തടി, അടിമാലി, പള്ളിവാസൽ, വെള്ളത്തൂവൽ ബൈസൺവാലി എന്നീ അഞ്ച് ഗ്രാമപഞ്ചായത്ത് മേഖലകളും പ്രളയം നന്നായി ബാധിച്ച പ്രദേശങ്ങളാണ്. പ്രധാനമായും കൃഷിയെയും കാർഷിക തൊഴിലിനെയും തോട്ടം വിളയെയും ഒക്കെ ആശ്രയിച്ച കഴിഞ്ഞ ഈ മേഖലയിലെ ജനങ്ങൾ പ്രളയത്തോട് കൂടി വലിയ പ്രതിസന്ധിയെയാണ് നേരിട്ടത് .കൃഷി നശിച്ചതിനു പുറമെ വീടും വീട്ടുപകരണങ്ങളുമെല്ലാം നഷ്ടപ്പെട്ടവരുടെ അവസ്ഥ ദയനീയമായിരുന്നു.

ഈ ഒരു സാഹചര്യത്തിൽ പുതിയ ഒരു ജീവിതമാർഗം എന്നുള്ളത് പലർക്കു മുമ്പിലും ഒരു ചോദ്യചിഹ്നമായി അവശേഷിച്ചു. നാട്ടിലെ സാധാരണ ജനങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനം എന്ന നിലയിൽ കുടുംബശ്രീ ഈ പ്രതിസന്ധിയിൽ സഹായവുമായെത്തി. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത്, വാർഡ്, എഡിഎസ്, അയൽക്കൂട്ട തലങ്ങളിൽ വിവിധ കമ്മിറ്റികൾ രൂപീകരിക്കുകയും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും യോഗങ്ങളും സംഘടിപ്പിക്കുകയുമുണ്ടായി.

മെമ്പർ സെക്രട്ടറി ഉൾപ്പെടുന്ന BNSEP കമ്മിറ്റി, മെന്റർ, DPM, അക്കൗണ്ടന്റ്എന്നിങ്ങനെ കാര്യനിർവ്വഹണത്തിനായി ഓർഗനൈസേഷണൽ സെറ്റ് അപ് രൂപീകരിച്ചു പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. ഉത്പാദനം, വിപണനം, സേവനം എന്നീ വ്യസായ മേഖലകളിലധിഷ്ഠിതമായ സംരംഭങ്ങളാണ് മുൻഗണന നൽകി ആരംഭിച്ചത്. ഈ മേഖലയിലെ ജനപ്രതിനിധികളുടെ സഹകരണവും സേവനവും പദ്ധതി നടത്തിപ്പിൽ ഏറെ പ്രയോജനപ്പെട്ടു.

പദ്ധതിയുടെ നടത്തിപ്പിനായി എഴുത്ത് പരീക്ഷ, വ്യക്തിത്വ വിലയിരുത്തൽ എന്നിവയുടെ അടിസ്ഥാനത്തിൽ അയൽക്കൂട്ട അംഗമോ, അയൽക്കൂട്ട കുടുംബാംഗമോ ആയവരെ മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ്മാരായി നിയമിച്ചു. പദ്ധതി നടത്തിപ്പിന്റെ വിവിധ തലങ്ങളിൽ ഇടപെടുന്നവർക്കെല്ലാം ആവശ്യമായ പരിശീലന പരിപാടികളും സംഘടിപ്പിച്ചു. തുടർന്നു ഓരോ പഞ്ചായത്തിലും സി ഡി എസ് , എ ഡി എസ് ഓറിയന്റേഷൻസ് നടത്തി. അയൽക്കൂട്ടം ഓറിയന്റ്ഷനുകൾ വഴി താൽപര്യമുള്ള സംരംഭകരെ കണ്ടെത്തുക എന്നതായിരുന്നു ആദ്യഘട്ടം അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്ക് ബന്ധപ്പെട്ട മേഖലകളിൽ ആവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. പദ്ധതിയുടെ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കൽ ധനസഹായങ്ങൾ ലഭ്യമാക്കൽ, ആവശ്യമായ ലൈസൻസുകൾ നേടിയെടുക്കൽ തുടങ്ങിയ എല്ലാ കാര്യങ്ങൾക്കും എം ഇ സി മാരുടെ സഹായസഹകരണങ്ങൾ ഉണ്ടായി .പദ്ധതിയുടെ ആശയ രൂപീകരണം മുതൽ ധനം ലഭ്യമാകുന്നതിനായി ബാങ്ക് വായ്പ ലഭ്യമാക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് എം ഇ സി മാരുടെ സഹായമുണ്ടായി.

അഞ്ചു പഞ്ചായത്തുകളും അടിമാലി ബ്ലോക്കിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളാണെങ്കിലും നിരവധിയായ വ്യത്യസ്തതകൾ നിറഞ്ഞ ഭൂപ്രദേശങ്ങളാണ്. പ്രധാനപ്പെട്ട പല അണക്കെട്ടുകളും വൈദ്യുതി നിലയങ്ങളും ഇവിടെയുണ്ട്. ചെറുകിടകർഷകരും കർഷക തൊഴിലാളികളും തോട്ടം തൊഴിലാളികളുമെല്ലാം ഉൾപ്പെട്ട ജനസമൂഹമാണ് ഇവിടെയുള്ളത്. തമിഴ്നാട്ടിൽ നിന്ന് തൊഴിലുമായി ബന്ധപ്പെട്ട് എത്തി സ്ഥിരതാമസമാക്കിയവരും ഉണ്ട്. വിനോദസഞ്ചാര ഭൂപടത്തിൽ അടയാളപ്പെടുത്തപ്പെട്ട, പ്രകൃതിഭംഗിയാൽ ശ്രദ്ധേയമായ പ്രദേശങ്ങളാണ് ഏറെയും.

പല പഞ്ചായത്തുകളിലും യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തത വളരെയേറെയാണ്.ഇത് പദ്ധതി നടത്തിപ്പിൽ ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.പദ്ധതി നിർവ്വഹണത്തിൽ താഴെ തലത്തിൽ പ്രവർത്തിക്കുന്ന MECമാരുടെ സമയവും അധ്വാനവും ഗ്രാമപ്രദേശത്തെ യാത്രക്കായി കൂടുതൽ വിനിയോഗിക്കേണ്ടി വരുന്നുണ്ട്.

അടിമാലി ബ്ലോക്കിന്റെ വിവിധ പഞ്ചായത്തുകളിലായി നിരവധിയായ പുതിയ സംരംഭങ്ങൾ ആരംഭിക്കപ്പെട്ടു. പ്രളയത്തെ തുടർന്ന് പ്രതിസന്ധിയിലായ നിരവധി കുടുംബങ്ങൾക്ക് വെളിച്ചമാകുവാൻ വീട്ടമ്മമാരായി ഒതുങ്ങിക്കൂടി കഴിഞ്ഞ സ്ത്രീകൾക്ക് കഴിഞ്ഞു എന്നുള്ള കാര്യം എടുത്തു പറയേ

ണ്ടതാണ്. കുടുംബശ്രീ അംഗങ്ങളുടേയും, കുടുംബശ്രീ അംഗങ്ങളുടെ കുടുംബാംഗങ്ങളുടേയും മേൽനോട്ടത്തിലാണ് സംരഭങ്ങൾ ആരംഭിച്ചത്. ബ്ലോക്കിന്റെ വിവിധ മേഖലകളിൽ നിന്നായി ഈ പദ്ധതിയിലൂടെ നേടിയ വിജയത്തിന്റെ ഉത്തമ മാതൃകകൾ നമുക്ക് ദൃശ്യമാകും. ഏലം ഡ്രയറുകൾ , ടൈലറിംഗ് സെന്ററുകൾ, വനിതാ ഡ്രൈവിംഗ് സ്കൂളുകൾ, ബേക്കറി യൂണിറ്റുകൾ ,പിക്കിൾ നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, സുഗന്ധ വ്യഞ്ജനങ്ങളുടെ വ്യാപാരം,ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുകൾ, വിവിധ തരത്തിലുള്ള സർവീസ് യൂണിറ്റുകൾ, കൈത്തറി യൂണിറ്റുകൾ തുടങ്ങി നിരവധി മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിച്ചു. ഇടുക്കിയുടെ മലനിരകളിൽ ഉത്പാദിക്കപ്പെടുന്ന ഏലക്ക, ജാതി, ഗ്രാമ്പൂ, കറുവ പട്ട, കുരുമുളക്, കാപ്പി പ്പൊടി, ചായപ്പൊടി എന്നിവക്ക് വിദേശ രാജ്യങ്ങളിൽ നിന്ന് വരെ RKI -EDP യുടെ സംരംഭകർക്ക് ഓർഡറുകൾ ലഭിക്കുന്നു എന്നത് ഈ അവസരത്തിൽ വളരെ അഭിമാനവും സന്തോഷവും നൽകുന്നു.

പൂർണ്ണമായും ഹൈറേഞ്ച് മേഖലയിൽ ഉൾപ്പെടുന്ന ഈ പ്രദേശത്ത് പരിമിതമെങ്കിലും വനവിഭവങ്ങളുടെ ലഭ്യതയുണ്ട്. ഈറ്റ, മുള തുടങ്ങിയവയുടെ ലഭ്യത പരിഗണിച്ച് പരമ്പ്, മുറം, കുട്ട എന്നിവയുടെ നിർമ്മാണത്തിലധിഷ്ഠിതമായ ചെറുകിട പരമ്പരാഗത യൂണിറ്റുകളും ഇതിന്റെ ഭാഗമായി ആരംഭിച്ചു.

പരമ്പരഗതമായി തൊഴിൽ ചെയ്തു ജീവിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് സ്കിൽ ട്രെയിനിങ്ങുകൾ നൽകി വരുമാനം മെച്ചപ്പെടുത്താൻ ഈ പദ്ധതി സഹായകരമായി.

കുടുംബശ്രീയുടെ നേതൃത്വത്തിലും മുൻകൈയിലും ആരംഭിച്ച സംരഭങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെട്ട ഉൽപ്പന്നങ്ങളുടെ വിപണനം ആദ്യഘട്ടത്തിൽ ഒരു പ്രശ്നമായിരുന്നു. ഇത് പരിഹരിക്കുന്നതിനായി കുടുംബശ്രീ വിപണ മേളകൾ നിരന്തരമായി സംഘടിപ്പിക്കുന്നു. വളരെ വിപുലമായി സംഘടിപ്പിക്കുന്ന സരസ് മേളകളിലും ഇവിടെ നിന്നുള്ള ഉത്പന്നങ്ങൾക്ക് മികച്ച സ്വീകാര്യതയുണ്ട്.

ബ്ലോക്ക് പരിധിയിൽ നിലവിൽ 627 ചെറുകിട സംരഭങ്ങൾ ആരംഭിച്ച പ്രവർത്തിക്കുന്നു. പ്രവർത്തനങ്ങളുടെ ഏകോപനത്തിനും പുതിയ സംരഭങ്ങളുടെ തുടക്കത്തിനുമായി 17 കുടുംബശ്രീ MEC മാർ പ്രവർത്തിക്കുന്നു. ഓരോ സംരംഭത്തിന്റെയും നല്ല രീതിയിൽ ഉള്ള പ്രവർത്തിനു വേണ്ടി MEC





മാരുടെ നിരന്തര ഇടപെടലുകൾ ഉണ്ടാകുന്നു. ഓരോ മാസവും ഓരോ സംരംഭത്തിന്റെയും ഡേ ബുക്ക് പരിശോധിച്ച ആവശ്യമായ കൺസൽറ്റേഷൻ നൽകി വരുന്നു.

കേരളത്തിൽ സ്ത്രീ ശാക്തീകരണത്തിലടക്കം വിവിധ മേഖലകളിൽ സാന്നിധ്യവും പ്രകാശവുമായ കുടുംബശ്രീ അടിസ്ഥാനമേഖലയിൽ നടത്തിയ വിപ്ലവകരമായ ഒരു ഇടപെടലായി ഈ പദ്ധതി മാറുകയാണ്. ഇനിയും പരിഹരിക്കപ്പെടേണ്ട പോരായ്മകൾ ചിലതെല്ലാമുണ്ടെങ്കിലും പ്രളയം പറിച്ചെറിഞ്ഞ ജീവിതങ്ങളെ തങ്ങളുടെ മണ്ണിൽ വേരുറപ്പിക്കുന്നതിനും അവർക്ക് പുതിയ സ്വപ്നങ്ങളും പ്രതീക്ഷകളും നൽകുന്നതിലും വലിയൊരു പങ്ക് വഹിക്കുവാൻ കുടുംബശ്രീക്ക് റീ ബിൽഡിംഗ് കേരള ഇനിഷിയേറ്റീവ് എന്റെർപ്രണർഷിപ് ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്ന ഈ പദ്ധതി യിലൂടെ കഴിയുന്നു എന്നത് അഭിമാനകരമാണ്.

☐

*ലേഖിക റീബിൾസ് കേരള ഇനിഷേറ്റീവ് എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം അടിമാലി ബ്ലോക്ക് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റാണ്.*



# എച്ച് ഐ വി ബാധിതർ നേരിടുന്ന മനുഷ്യാവകാശ പ്രശ്നങ്ങൾ

■ ഡോ. പി. കെ. രാജഗോപാൽ

ഡിസംബർ മാസത്തിൽ തന്നെ നാം രണ്ടു പ്രധാന ദിനങ്ങളാണ് ആചരിക്കുന്നത്. ഒന്ന് ഡിസംബർ ഒന്നിന് ലോക എയ്ഡ്സ് ദിനവും മറ്റൊന്ന് ഡിസംബർ 10 ലെ മനുഷ്യാവകാശ ദിനവും. വിവേചനരഹിതമായ സാഹചര്യത്തിൽ അന്തസ്സോടെ ജീവിക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കുവാൻ മനുഷ്യാവകാശങ്ങൾ സഹായിക്കുന്നു. എന്നാൽ എച്ച് ഐ വി ബാധിതരായി എന്ന പേരിൽ മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്ന ഒരു ജനത നമ്മുക്കിടയിൽ ജീവിക്കുന്നു എന്ന കാര്യം നാം വിസ്മരിക്കരുത്. തുല്യമായ അവകാശങ്ങൾ ഇക്കൂട്ടർക്കും ഉണ്ട്. ഇവർ നേരിടുന്ന വിവേചനങ്ങൾ ഒഴിവാക്കേണ്ടത് അനിവാര്യമാണ്.

### എയ്ഡ്സ് എന്ന വിപത്ത്

ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ ജീവൻ അപഹരിച്ച ഒരു പൊതുജനാരോഗ്യ പ്രശ്നമായി ഹ്യൂമൻ ഇമ്മ്യൂണോ ഡെഫിഷ്യൻസി വൈറസ് (എച്ച്ഐവി) മറികഴിഞ്ഞിരിക്കുന്നു. 1980-കളിൽ എയ്ഡ്സ് എന്ന മഹാമാരിക്ക് മുൻപിൽ ലോകം തന്നെ നിശ്ചലമായി. സ്ത്രീകളും കുട്ടികളും യുവാക്കളും അടക്കം ലക്ഷകണക്കിന് വിലപ്പെട്ട ജീവനുകൾ നമുക്ക് നഷ്ടപ്പെട്ടു. എന്നാൽ ഐക്യരാഷ്ട്ര സഭയടക്കം ഈ വിപത്തിനെ പ്രതിരോധിക്കാൻ മുന്നോട്ട് വന്നതോടെ ശക്തമായ ബോധവൽക്കരണത്തിലൂടെ നമുക്ക് ഈ മഹാമാരിയെ പ്രതിരോധിക്കാൻ ഒരു പരിധി വരെ കഴിഞ്ഞു. അതിനുശേഷം, എച്ച്ഐവി തടയുന്നതിനും പ്രതിരോധിക്കുന്നതിനുമായി ആഗോളതലത്തിൽ നിരവധി കർമ്മപദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി. ആരോഗ്യ അടിയന്തരാവസ്ഥ എന്ന നിലയിൽ ഈ മഹാമാരിയെ ഒരു പരിധി വരെ ചെറുക്കാൻ കഴിഞ്ഞത് പ്രതീക്ഷ നൽകുന്നതാണ്. വികസിത വികസ്വര വ്യത്യാസമില്ലാതെ രാജ്യങ്ങൾ തങ്ങളുടെ ജനങ്ങളുടെ ജീവിക്കാനുള്ള അവകാശം സംരക്ഷിക്കാൻ മുന്നോട്ട് വരുന്ന കാഴ്ചയാണ് പിന്നീട് നാം കണ്ടത്.

### എച്ച് ഐ വി എന്ന മഹാവിപത്ത്

മനുഷ്യരുടെ രോഗപ്രതിരോധ സംവിധാനത്തെ ലക്ഷ്യം വയ്ക്കുകയും പ്രതിരോധശേഷി ദുർബലമാക്കുകയും ചെയ്യുന്ന വൈറസ് സൃഷ്ടിക്കുന്ന കഷ്ടതകൾ കാണാതിരിക്കാൻ പറ്റില്ല. രോഗപ്രതിരോധ കോശങ്ങളുടെ പ്രവർത്തനത്തെ നശിപ്പിക്കുമ്പോൾ, രോഗബാധിതരായ വ്യക്തികൾക്ക് അവരുടെ പ്രതിരോധശേഷി ക്രമേണ നഷ്ടപ്പെടും. എച്ച്ഐവി ബാധിതരായ അമ്മമാരിൽ നിന്ന് കുട്ടികളിലേക്ക് എച്ച്ഐവി പകരാം; കൂടാതെ രക്തം, ബീജം, യോനി സ്രവങ്ങൾ തുടങ്ങിയ എച്ച്ഐവി ബാധിത ശരീരസ്രവങ്ങളുമായുള്ള നേരിട്ടുള്ള സമ്പർക്കം വഴി എച്ച് ഐ വി പകരാം.

## സിവിൽ സൊസൈറ്റിയുടെ പങ്ക്

എച്ച്ഐവിക്കെതിരെ പോരാടുന്നതിൽ സിവിൽ സൊസൈറ്റിയുടെ പങ്ക് പ്രശംസനീയമാണ്. എയ്ഡ്സിനെക്കുറിച്ചുള്ള പല തെറ്റിദ്ധാരണകളും മറികടക്കാൻ ആവശ്യമായ അവബോധം നൽകാൻ പൗരസമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്, കൊതുക് കടിക്കുകയോ ഹസ്തദാനം ചെയ്യുകയോ എച്ച്ഐവി പകരാൻ സാധ്യതയുള്ള ഒരു രോഗിയുമായി യാത്ര ചെയ്യുകയോ ചെയ്യുന്നതിലൂടെ എച്ച് ഐ വി പകരില്ല. സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, അണുവിമുക്തമാക്കാത്ത സിറിഞ്ചുകളുടെ ഉപയോഗം, സുരക്ഷിതമല്ലാത്ത രക്തപ്പകർച്ച എന്നിവയിലൂടെ മാത്രമേ എച്ച്ഐവിക്ക് പകരാൻ കഴിയൂ എന്ന ബോധവൽക്കരണത്തിലൂടെയാണ് ഇപ്പോൾ ഇത്തരം മുൻവിധികൾ ഒരു പരിധിവരെ മറികടക്കുവാൻ സഹായമായത്.

വിവേചനവും രോഗവുമായി ബന്ധപ്പെട്ട കളങ്കവും ഭയന്ന് രോഗബാധിതരെ അവരുടെ എച്ച്ഐവി നില മറച്ചുവെക്കാൻ പ്രേരിപ്പിക്കുന്നു എന്നത് ഒരു നഗ്ന സത്യം ആണ്. അവജ്ഞയോടെ പെരുമാറുന്ന എന്നാരോപണം സമൂഹത്തിൽ നിലനിൽക്കുമ്പോൾ ഇവർക്ക് നീതി ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. എച്ച്ഐവി പോസിറ്റീവ് വ്യക്തികളുടെ പുനരധിവാസത്തിൽ സജീവമായി ഏർപ്പെട്ടിരിക്കുന്ന സിവിൽ സമൂഹത്തിനുള്ളിൽ അവബോധം വളർത്തുന്നതിൽ നാക്കോയും സംസ്ഥാനതല എയ്ഡ്സ് കൺട്രോൾ സൊസൈറ്റികളും പോലുള്ള സംഘടനകളുടെ സജീവമായ ഇടപെടൽ ആശ്വാസകരമാണ്. എൻജിഒകളുടെ പ്രവർത്തനവും ഒരുപോലെ പ്രശംസനീയമാണ്. മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ദുരുപയോഗത്തെക്കുറിച്ചും അത് നയിക്കുന്ന സുരക്ഷിതമല്ലാത്ത ലൈംഗികത പെരുമാറ്റത്തെക്കുറിച്ചും പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിൽ ഈ സംഘടനകൾ വിജയിച്ചു. പുതിയ കേസുകൾ ഉണ്ടാകുന്നത് തടയുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിലൂടെയും ടാർജെറ്റ് ഗ്രൂപ്പുകൾക്കിടയിൽ അവബോധം വളർത്തുന്നതിന് കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെയും എച്ച്ഐവി പകരുന്നത് കുറയ്ക്കാൻ സഹായകരമായി.

## മനുഷ്യാവകാശ പ്രശ്നങ്ങൾ

എച്ച്ഐവി ബാധിതരായ ആളുകൾക്ക് ആരോഗ്യ സംരക്ഷണം, അന്തസ്സിനുള്ള അവകാശം, തൊഴിലിനുള്ള അവകാശം എന്നിവ ഉൾപ്പെടെയുള്ള മനുഷ്യാവകാശങ്ങൾ നിഷേധിക്കുന്നത് ന്യായീകരിക്കാൻ കഴിയുന്നത് നന്നല്ല. അവർക്ക് അഭിമുഖീകരിക്കേണ്ടി വരുന്ന കളങ്കം കാരണം കുടുംബാസൂത്രണ സേവനങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ പരിപാലന സേവനങ്ങളിൽ നിന്ന് അവർ നിരസിക്കപ്പെടുകയോ മനഃപൂർവം വിട്ടുനിൽക്കുകയോ ചെയ്യുന്നു. യഥാർത്ഥത്തിൽ ഇത് ഈ ആളുകളുടെ ലൈംഗിക, പ്രത്യുൽപാദന ആരോഗ്യ അവകാശങ്ങളുടെ ലംഘനമാണ്. തൊഴിലിടങ്ങളിലും ഇത്തരക്കാർക്ക് വിവേചനം നേരിടേണ്ടി വരുന്നു. എച്ച്ഐവി ബാധിതരായ സ്ത്രീകൾക്കും അവരുടെ കുട്ടികൾക്കും വൈദ്യചികിത്സ നിഷേധിക്കപ്പെടുന്നു.

എച്ച് ഐ വി അണുബാധയുടെ തോത് കുറയ്ക്കുന്നതിന് മനുഷ്യാവകാശങ്ങൾ അനിവാര്യമാണ്. അന്തർദേശീയവും ദേശീയവുമായ മനുഷ്യാവകാശ രേഖകൾ രാജ്യവ്യാപകമായ ബോധവൽക്കരണ പരിപാടികളിലേക്ക് വിവർത്തനം ചെയ്യുന്നതിനും ആരോഗ്യ, എച്ച്ഐവി-നിർദ്ദിഷ്ട പ്രോഗ്രാമുകളിലേക്കുള്ള സാർവത്രിക പ്രവേശനം ഉറപ്പാക്കുന്നതിനും ഒരു മനുഷ്യാവകാശ അധിഷ്ഠിത സമീപനം ഒരു പൊതു ചട്ടക്കൂട് നൽകുന്നു. മനുഷ്യാവകാശ മാനദണ്ഡങ്ങൾ അന്താരാഷ്ട്ര, പ്രാദേശിക ഉടമ്പടികൾ, കൺവെൻഷനുകൾ, നിയമങ്ങൾ എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്നു. ഈ രേഖകളിൽ ഒപ്പിട്ട രാജ്യങ്ങൾ ഈ അവകാശങ്ങൾ നടപ്പിലാക്കുന്നതും നിരീക്ഷിക്കുന്നതും നിയമപരമായി പ്രതിജ്ഞാബദ്ധമാണ്. പൗര, രാഷ്ട്രീയ അവകാശങ്ങൾ സംബന്ധിച്ച അന്താരാഷ്ട്ര ഉടമ്പടി തുല്യതയ്ക്കും സ്വകാര്യതയ്ക്കും അന്തസ്സിനുമുള്ള അവകാശം നൽകുന്നു. എച്ച് ഐ വി ബാധിതർ ഉൾപ്പെടെ എല്ലാ വ്യക്തികൾക്കും ഈ അവകാശങ്ങൾ ബാധകമാണ്. സ്ത്രീകൾക്കെതിരായ എല്ലാ ത്തരം വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള കൺവെൻഷൻ സ്ത്രീകളുടെ അവകാശങ്ങളും ലിംഗസമത്വവും ഉൾക്കൊള്ളുന്നു.

കുട്ടികളുടെ അവകാശങ്ങൾ പ്രത്യേകമായി കുട്ടികളുടെ അവകാശങ്ങൾക്കായുള്ള കൺവെൻഷന്റെ കീഴിൽ ചില അന്താരാഷ്ട്ര മനുഷ്യാവകാശ ഉപകരണങ്ങളാൽ സംരക്ഷിക്കപ്പെടുന്നു. ലൈംഗികാതിക്രമം, കടത്ത്, വേശ്യാവൃത്തി, ലൈംഗിക ചൂഷണം തുടങ്ങിയവയ്ക്ക് വിധേയരായ കുട്ടികൾക്ക് എച്ച്ഐവി പ്രതിരോധം, പരിചരണം, പിന്തുണ എന്നിവയ്ക്ക് ഈ അവകാശങ്ങൾ പ്രസക്തമാണ്. വിദ്യാഭ്യാസത്തിനുള്ള അവകാശം കുട്ടികളുടെ ഏറ്റവും പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നാണ്; മനുഷ്യാവകാശങ്ങളുടെ സാർവത്രിക പ്രഖ്യാപനത്തിന്റെ ആർട്ടിക്കിൾ 26 ഇത് ഉറപ്പുനൽകുന്നു. അതിനാൽ എല്ലാ സമൂഹത്തിലും ആവശ്യമായ ബോധവൽക്കരണ പരിപാടികൾ നടത്തണം, അതുവഴി എച്ച്ഐവി ബാധിതരായ കുട്ടികളോടുള്ള വിവേചനങ്ങൾ കുറയ്ക്കാനും അവരെ സാധാരണ സ്കൂളുകളിൽ മറ്റ് കുട്ടികളോടൊപ്പം പഠിക്കാൻ അനുവദിക്കാനും കഴിയും.

സമാധാനപരമായി ഒത്തുകൂടാനും കൂട്ടുകൂടാനുമുള്ള സ്വാതന്ത്ര്യവും എച്ച്ഐവി ബാധിതർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നു. അത്തരം വിവേചനങ്ങളിൽ നിന്ന് മോചനം അനിവാര്യമാണ്. വിവേചനം തടയുന്നതിനും രോഗമുണ്ടായാൽ എല്ലാവർക്കും വൈദ്യസഹായവും ഉറപ്പാക്കാനും നമുക്ക് കഴിയണം. എച്ച്ഐവി നിലയെ അടിസ്ഥാനമാക്കി ആരോഗ്യ പരിപാലന ക്രമീകരണത്തിൽ ആരും വിവേചനം കാണിക്കുന്നില്ലെന്ന് ഉറപ്പാക്കാൻ നമുക്ക് കഴിയണം.

എച്ച്ഐവി ബാധിതരായവർ നേരിടുന്ന വിവേചനവും എച്ച്ഐവി പ്രതിരോധത്തിന് തടസ്സങ്ങളായി നിലനിൽക്കുന്നു. കളങ്കവും വിവേചനവും ഭയന്ന് എച്ച്ഐവി ബാധിതരായ ആളുകൾ സാധാരണയായി അവരുടെ രോഗബാധയുമായി ബന്ധപ്പെട്ട വിവരങ്ങൾ വെളിപ്പെടുത്താൻ തയ്യാറാകുന്നില്ല. അത് അവരുടെ കുടുംബാംഗങ്ങളോ പങ്കാളികളോ നിരസിക്കുന്നതിനോ അല്ലെങ്കിൽ അവരുടെ ജോലി നഷ്ടപ്പെടുന്നതിനോ ഇടയാക്കിയേക്കാം എന്ന ഭയമാണ് ഇതിനു പിന്നിലുള്ള വികാരം.എച്ച്ഐവി പകരുന്നതിനെക്കുറിച്ചുള്ള തെറ്റായ വിശ്വാസങ്ങൾ കൂടുതൽ ഭയത്തിനും വിവേചനത്തിനും ഇടയാക്കും, ഇത് എച്ച് ഐ വി-പോസിറ്റീവ് ഉള്ള ആളുകളെ കൂടുതൽ ബുദ്ധിമുട്ടിലാക്കും. അവരുടെ ലൈംഗിക താൽപ്പര്യം വെളിപ്പെടുത്താത്തപ്പോൾ കുടുംബാംഗങ്ങളിൽ നിന്നും സുഹൃത്തുക്കളിൽ നിന്നും തിരസ്കരണത്തിന് പോലും ഇരയാകാം.

ലോക എയ്ഡ്സ് ദിനം മുതൽ മനുഷ്യാവകാശ ദിനം വരെ നീണ്ടുനിൽക്കുന്ന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. വിവേചനരഹിതമായ സാഹചര്യത്തിൽ ജീവിക്കാൻ എച്ച് ഐ വി ബാധിതരെ പ്രാപ്തമാക്കാൻ നമുക്ക് കഴിയണം. അതിനായ കൂട്ടായ യത്നം ആവശ്യമാണ്. ☐

*(ലേഖകൻ ചങ്ങനാശ്ശേരി എൻ എസ് എസ് ഹിന്ദു കോളേജിലെ അസി. പ്രൊഫസറാണ്.)*



# കുടുംബശ്രീ മൃഗസംരക്ഷണ പദ്ധതികൾ

## പ്രാദേശികതലത്തിൽ ഊർജിതമാക്കാൻ ഇനി കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരുടെ സേവനം

■ ആശ എസ്. പണിക്കർ

ദേശീയ ഗ്രാമീണ ഉപജീവന ദൗത്യം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന വിവിധ മൃഗസംരക്ഷണ പദ്ധതികൾക്ക് വേഗം കൂട്ടാൻ ഇനി കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺ(സി.ആർ.പി)മാരുടെ സേവനവും ലഭ്യമാകും. ഈ മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ കർഷകർക്ക് തൊഴിൽ രംഗം മെച്ചപ്പെടുത്തുന്നതിന് മികച്ച സാങ്കേതിക വിദ്യ നൽകുന്നതിനൊപ്പം ഉൽപന്ന സംഭരണത്തിനും മൂല്യവർദ്ധനവിനും വിപണനത്തിനുമുള്ള അവസരം സൃഷ്ടിച്ചുകൊണ്ട് ഓരോ അയൽക്കൂട്ടങ്ങളിലും ഉപജീവന പ്രവർത്തനങ്ങൾ ശക്തമാക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. കൂടാതെ കർഷകരുടെ കൂട്ടായ്മയായി ഉൽപാദക ഗ്രൂപ്പുകൾ, ഉൽപാദക സ്ഥാപനങ്ങൾ എന്നിവ രൂപപ്പെടുത്തുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഗ്രാമീണ മേഖലയിലെ 941 സി.ഡി.എസുകളിൽ നിന്നും തിരഞ്ഞെടുത്ത സി.ആർ.പിമാർക്ക് പദ്ധതിയുടെ ഭാഗമായി പരിശീലനം നൽകും. ആദ്യഘട്ടമായി 152 ബ്ലോക്കുകളിൽ പ്രവർത്തിക്കുന്ന സി.ആർ.പിമാർക്ക് പരിശീലനം നൽകി. ബാക്കിയുള്ളവരുടെ പരിശീലനം ഡിസംബർ പതിനഞ്ചിനകം പൂർത്തിയാക്കും.

ഒരു സി.ആർ.പിക്ക് എൺപതു മുതൽ നൂറു വരെയുള്ള യൂണിറ്റുകളുടെ ചുമതലയാണ് ഉണ്ടാവുക. വനിതാ കർഷകരുടെ തൊഴിൽ നൈപുണ്യ വികസനം, തൊഴിൽ അഭിവൃദ്ധിക്കായി നൂതന രീതികൾ സംബന്ധിച്ച വിജ്ഞാനം ലഭ്യമാക്കൽ എന്നിവയാണ് സി.ആർ.പിയുടെ പ്രധാന ചുമ

**കർഷകർക്ക് മികച്ച മൃഗപരിപാലന രീതികൾ പരിചയപ്പെടുത്തുന്നതോടൊപ്പം മൃഗങ്ങൾക്ക് രോഗങ്ങൾ മൂലമുള്ള അധിക ചെലവും നഷ്ടവും കുറയ്ക്കുന്നതിനും തീറ്റക്രമം, തൊഴുത്തൊരുക്കൽ തുടങ്ങിയ കാര്യങ്ങൾ മനസിലാക്കുന്നതിനും അവസരമൊരുങ്ങും. കർഷകർക്കായി കാർഷിക പാഠശാലകൾ, ഫീൽഡ് അധിഷ്ഠിത പരിശീലനങ്ങൾ എന്നിവയും സംഘടിപ്പിക്കും.**





തലകൾ. കർഷകർക്ക് യൂണിറ്റുകളായും വാർഡ്തലത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചും പ്രവർത്തിക്കാനാകും. അയൽക്കൂട്ട വനിതകളെ സംരംഭകരാക്കി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കും പ്രത്യേക ഊന്നൽ നൽകും. സി.ആർ.പി പ്രവർത്തനങ്ങൾ ഊർജിതമാകുന്നതോടെ പ്രധാനമായും പാൽ, മത്സ്യം, മാംസം, മുട്ട എന്നിവയുടെ ഉൽപാദനം, മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണം, വിപണനം എന്നിവയിലടക്കം ഗണ്യമായ പുരോഗതി നേടാൻ കഴിയുമെന്നാണ് പ്രതീക്ഷ.

കർഷകർക്ക് മികച്ച മൃഗപരിപാലന രീതികൾ പരിചയപ്പെടുത്തുന്നതോടൊപ്പം മൃഗങ്ങൾക്ക് രോഗങ്ങൾ മൂലമുള്ള അധിക ചെലവും നഷ്ടവും കുറയ്ക്കുന്നതിനും തീറ്റക്രമം, തൊഴുത്തൊരുക്കൽ തുടങ്ങിയ കാര്യങ്ങൾ മനസിലാക്കുന്നതിനും അവസരമൊരുക്കും. കർഷകർക്കായി കാർഷിക പാഠശാലകൾ, ഫീൽഡ് അധിഷ്ഠിത പരിശീലനങ്ങൾ എന്നിവയും സംഘടിപ്പിക്കും.

സംസ്ഥാനത്ത് കുടുംബശ്രീയുടെ ആട് ഗ്രാമം, ക്ഷീരസാഗരം പദ്ധതികൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകൾക്കും പുതുതായി മൃഗസംരക്ഷണ മേഖലയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന വനിതാ കർഷകർക്കും സി.ആർ.പിമാർ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ ഏറെ സഹായകരമാകും. കർഷകരുടെ തൊഴിൽ നൈപുണ്യ വികസനത്തിനും വരുമാന വർദ്ധനവിനും തൊഴിലുറപ്പ്, മൃഗസംരക്ഷണം, ഫിഷറീസ്, വനംവകുപ്പ്, ആരോഗ്യം എന്നീ വകുപ്പുകളുമായുള്ള സംയോജന പ്രവർത്തനങ്ങളും ഉറപ്പു വരുത്തുന്നുണ്ട്.

ഇതോടൊപ്പം മൃഗങ്ങൾക്കായി വാക്സിനേഷൻ ക്യാമ്പുകൾ, പോഷകാഹാര ലഭ്യതയ്ക്കുള്ള പ്രവർത്തനങ്ങൾ, മികച്ച ബ്രീഡിങ്ങ് സംബന്ധമായ സേവനങ്ങൾ എന്നിവയും ലഭ്യമാക്കും. കർഷകർക്കാവശ്യമായ വിവിധ സാമ്പത്തിക പിന്തുണകൾ സംയോജന രീതിയിലാകും കണ്ടെത്തുക. ഇത് കുടുംബശ്രീ സി.ഡി.എസുകൾ വഴി ലഭ്യമാക്കും.

പദ്ധതിയുമായി ബന്ധപ്പെട്ട് ബ്ലോക്കിൽ നിന്നും തിരഞ്ഞെടുത്ത കമ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർക്കായി തിരുവനന്തപുരം മരിയാ റാണി കൺവെൻഷൻ സെന്ററിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക് പരിശീലനത്തിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ ഡോ.സജീവ് കുമാർ.എ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ രതീഷ് എസ് എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. □

*ലേഖിക കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പബ്ലിക് റിലേഷൻസ് വിഭാഗം എഡിറ്റോറിയൽ അസിസ്റ്റന്റാണ്.*

# വാർത്തകൾ വിശേഷങ്ങൾ

## ജൈവവൈവിധ്യപരിപാലനം-ഉത്തരവ് പുറപ്പെടുവിച്ചു.

ജൈവവൈവിധ്യപരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ്കമ്മിറ്റി എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2550/2022/ത.സ്വ.ഭ.വ തീയതി 20.10.2022

## മാലിന്യസംസ്കരണം - ഉത്തരവ് പുറപ്പെടുവിച്ചു

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട നിയമലംഘനങ്ങൾ കണ്ടെത്തി നിയമനടപടി സ്വീകരിക്കുന്നതിന് പ്രത്യേക എൻഫോഴ്സ്മെന്റ് സംവിധാനം രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2566/2022/ത.സ്വ.ഭ.വ തീയതി 22.10.2022

## സൗജന്യവൈദ്യുതീകരണം - ഉത്തരവ് പുറപ്പെടുവിച്ചു

ബിപിഎൽ പൊതുവിഭാഗം കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതീകരണം നടത്തിയതിന്റെ തുക തനത് ഫണ്ടിൽ നിന്നും കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുവദിക്കുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2585/2022/ത.സ്വ.ഭ.വ തീയതി 25.10.2022

## പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹധനസഹായം - ഉത്തരവ് പുറപ്പെടുവിച്ചു.

പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിലെ പെൺകുട്ടികൾക്ക് തദ്ദേശ ഭരണസ്ഥാപനങ്ങൾ വാർഷിക പദ്ധതിയുടെ ഭാഗമായി നൽകിവരുന്ന വിവാഹ ധനസഹായം പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ് നൽകി വരുന്ന വിവാഹ ധനസഹായവും ഏകീകരിച്ചു സർക്കാർഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2593/2022/ത.സ്വ.ഭ.വ തീയതി 26.10.2022

## വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങാൻ അനുമതിയുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ എസ്.എ.റ്റി ഇൻഹൗസ് ഡ്രഗ്സ് ബാങ്കിനെ കൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2596/2022/ത.സ്വ.ഭ.വ തീയതി 26.10.2022

## വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെടുവിച്ചു.

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായമായി നൽകാവുന്ന തുക ലൈഫ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2604/2022/ത.സ്വ.ഭ.വ തീയതി 27.10.2022

## ജനകീയ ഹോട്ടൽ - ഉത്തരവ് പുറപ്പെടുവിച്ചു.

കുടുംബശ്രീ-ജനകീയ ഹോട്ടലുകൾക്ക് കെട്ടിടവാടക നിശ്ചയിച്ച് നൽകുന്നതിനായി പി.ഡബ്ല്യൂ ഡി നിരക്കിന്റെ ആവശ്യകത ഒഴിവാക്കി പകരം തദ്ദേശസ്വയംഭരണവകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയ പ്രകാരം വാടക നിർണ്ണയിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2756/2022/ത.സ്വ.ഭ.വ തീയതി 09.11.2022

## സാമൂഹ്യസുരക്ഷ പെൻഷൻ-ഉത്തരവ് പുറപ്പെടുവിച്ചു.

ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്ക് അനുവദിച്ചുവരുന്ന സാമൂഹ്യസുരക്ഷപെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ തുക പുനർനിർണ്ണയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(എം.എസ്) നം.196/2022/ധന തീയതി 02.11.2022

## തെരുവ് നായ ആക്രമണം - ഉത്തരവ് പുറപ്പെടുവിച്ചു.

തെരുവ് നായ ആക്രമണത്തിന് പരിഹാരം കാണുന്നതിനായി ബഹു സുപ്രീംകോടതിയിൽ പഞ്ചായത്ത് അസോസിയേഷൻ ഫയൽ ചെയ്ത കേസിന്റെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്തുകളിൽ നിന്നും തുക നൽകുന്നതിനുള്ള പ്രത്യേക അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2676/2022/ത.സ്വ.ഭ.വ തീയതി 03.11.2022

## വികേന്ദ്രീകൃതാസൂത്രണം - ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(എം.എസ്) നം.246/2022/ ത.സ്വ.ഭ.വ തീയതി 04.11.2022

## 2022-23 വാർഷികപദ്ധതി – ഉത്തരവ് പുറപ്പെടുവിച്ചു.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2022-23 വാർഷികപദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കേണ്ട സമയപരിധി ദീർഘിപ്പിച്ച് നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ.ഉ(സാധ) നം.2721/2022/ത.സ്വ.ഭ.വ തീയതി 07.11.2022

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി - സർക്കുലർ പുറപ്പെടുവിച്ചു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് കോടതികളിൽ ഫയൽ ചെയ്യപ്പെടുന്ന ഹർജികളിൽ ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് സമർപ്പിക്കുമ്പോൾ ബന്ധപ്പെട്ട ബി.പി.ഒ/ഡി.പി.സി യുടെ അഭിപ്രായം തേടുന്നത് സംബന്ധിച്ച് നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

നം.ഡി.ഡി2/253/ ത.സ്വ.ഭ.വ തീയതി 22.11.2022

തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

# കോഴഞ്ചേരി

■ ഡോ. വിളക്കുടി രാജേന്ദ്രൻ

പത്തനംതിട്ട ജില്ലയിലെ ഒരു താലൂക്കും വാണിജ്യകേന്ദ്രമായ നഗരവും. പത്തനംതിട്ട മുനിസിപ്പൽ നഗരമാണ് താലൂക്കാസ്ഥാനം. കോഴഞ്ചേരി, പത്തനംതിട്ട, മല്ലപ്പുഴശ്ശേരി, ഓമല്ലൂർ, ആറൻമുള, കുളനട, ഇലന്തൂർ, നാരങ്ങാനം, കിടങ്ങന്നൂർ, മെഴുവേലി, ചെന്നീർക്കര എന്നീ പതിനൊന്ന് വില്ലേജുകൾ ഉൾപ്പെട്ടതാണ് കോഴഞ്ചേരി താലൂക്ക്. പമ്പാനദിയുടെ തീരത്തുള്ള ഈ താലൂക്ക് കാർഷിക സമൃദ്ധമാണ്. അച്ചൻകോവിലാറും ഈ താലൂക്കിലൂടെ ഒഴുകുന്നു. ജില്ലാ ആശുപത്രി, ജില്ലാ വ്യവസായ കേന്ദ്രം എന്നിവ കോഴഞ്ചേരിയിൽ പ്രവർത്തിക്കുന്നു. പമ്പാ തീരത്തെ മാരാമണിൽ വർഷം തോറും നടക്കുന്ന ക്രിസ്തുമത കൺവൻഷൻ പ്രസിദ്ധമാണ്. ഏഷ്യയിലെ ഏറ്റവും വലിയ ക്രിസ്തുമത കൺവൻഷനാണിത്. ഏഴു ദിവസം നീണ്ടു നിൽക്കുന്ന ഈ കൺവൻഷനിൽ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ക്രൈസ്തവ മത പണ്ഡിതൻമാരും വിശ്വാസികളും മാരാമൺ കൺവൻഷനിൽ പങ്കെടുക്കുന്നു. നിവർത്തന പ്രക്ഷോഭ കാലത്ത് 1935 മേയ് 11-ന് സി. കേശവൻ (1891-1969) കോഴഞ്ചേരിയിൽ ചെയ്ത പ്രസംഗം രാജ്യദ്രോഹപരമാണെന്ന് വ്യാഖ്യാനിച്ച് അദ്ദേഹത്തെ ജയിലിലടച്ചു. തുടർന്നുണ്ടായ ജനരോഷവും പ്രക്ഷോഭങ്ങളും മൂലം സർക്കാർ നിലപാടിൽ മാറ്റം വരുത്തുകയും കേശവനെ ജയിൽമോചിതനാക്കുകയും ചെയ്തു. 'കൊഴു'വിന് കൃഷി എന്നർത്ഥം. നിലം അഞ്ചു വർഷത്തോളം കുടിയാന് കൃഷി ചെയ്യാൻ നൽകിയിരുന്നതിന് 'കൊഴു കൊടുക്കുക' എന്നു പറഞ്ഞിരുന്നു. 'കൊഴു' അവകാശത്തിലിരുന്ന നിലങ്ങളുടെ നാട് 'കൊഴുവൻചേരി'യും പിന്നീട് 'കോഴഞ്ചേരി'യുമായതാവാം. ☐



മലയാളം അടിച്ചേൽപ്പിക്കേണ്ടതല്ല, സ്വയം സ്വീകരിക്കേണ്ടതാണ്

# പൂന്താനവും ജ്ഞാനപ്പാനയും

■ ഡോ. എഴുമറ്റൂർ രാജരാജവർമ്മ


ഗുരുനാഥൻ തുണചെയ്ക സന്തതം
തിരുനാമങ്ങൾ നാവിലെപ്പൊഴും
പിരിയാതെയിരിക്കണം നമ്മുടെ
നരജന്മം സഫലമാക്കീടുവാൻ

മന്ത്രസമാനമായ ഈ വരികൾ ഉരുവിടാത്ത ഒരു മലയാളിയും കാണില്ല. പൂന്താനത്തിന്റെ ജ്ഞാനപ്പാന തുടങ്ങുന്ന വരികളാണിവ.

പച്ചമലയാളത്തിന്റെ പാട്ടുകവിതാശാഖയിലെ വരിഷ്ഠനായ ഭക്തകവിയാണ് പൂന്താനം. മലയാളത്തിന്റെ മനസ്സാണ് പൂന്താനം. മലയാളത്തിന്റെ മഹോപനിഷത്താണ് ജ്ഞാനപ്പാന. ലളിതവും മധുരവും സുതാര്യവും പ്രസാദസുന്ദരവുമായ കാവ്യകല്ലോലിനിയാണ് പൂന്താനത്തിന്റെ കവിത.

പഴയ വള്ളുവനാട് താലൂക്കിലെ നെന്മേനി അംശത്തിൽ (ഇന്നത്തെ മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണയ്ക്കടുത്തുള്ള കീഴാറ്റൂർ അംശത്തിൽ) പൂന്താനം ഇല്ലത്തിൽ പതിനാറും പതിനേഴും ശതകങ്ങളിലായി തൊണ്ണൂറ്റി മൂന്ന് വർഷം പൂന്താനം ജീവിച്ചു. അദ്ദേഹത്തിന്റെ പേര് ബ്രഹ്മദത്തൻ എന്നോ ശങ്കരൻ എന്നോ ശങ്കരനാരായണൻ എന്നോ ആകും. വ്യക്തമായ തെളിവില്ല.

സംസ്കൃതം, മലയാളം, തമിഴ് ഭാഷകളിലായി അമ്പതിലേറെ കൃതികൾ രചിച്ചിട്ടുണ്ട്. എന്നാൽ എല്ലാം കണ്ടുകിട്ടിയിട്ടില്ല. പാന, സ്തോത്രം, കീർത്തനം എന്നീ വിഭാഗങ്ങളിലായി ആ കൃതികളെ തരം തിരിക്കാം . ജ്ഞാനപ്പാന, സന്താനഗോപാലം (കുമാരാഹരണം) പാന എന്നിവ പാന വിഭാഗത്തിലും ഭാഷാ കർണ്ണാമൃതം, ഘനസംഘം



തുടങ്ങിയവ സ്തോത്ര കൃതികളിലും അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ, നരനായിങ്ങനെ ജനിച്ചു ഭൂമിയിൽ, നരകവൈരിയാമരവിന്ദാക്ഷന്റെ തുടങ്ങിയവ കീർത്തനങ്ങളിലും ഉൾപ്പെടുന്നു.

അദ്ധ്യാത്മ ജ്ഞാനത്തിന്റെ ഗീതയാണ് ജ്ഞാനപ്പാന. ആറ്റുനോറ്റുണ്ടായ കുഞ്ഞ് അപമൃത്യുവിന് ഇരയായതിലുണ്ടായ ദുഖവും ജീവിതവിരക്തയുമാണ് ജ്ഞാനപ്പാന രചനയ്ക്ക് പ്രേരണയായത് എന്ന് ഐതിഹ്യം പറയുന്നു. കൃഷ്ണഭക്തിയും തത്ത്വചിന്തയും മനുഷ്യജന്മ മഹത്വവും ഈ കൃതിയിൽ നിറഞ്ഞുനിൽക്കുന്നു. ധർമ്മചിന്ത വെടിഞ്ഞും ദുർപ്രവർത്തികളിലേർപ്പെട്ടും ജീവിതം പാഴാക്കുന്ന മനുഷ്യർക്ക് ജീവിതത്തിന്റെ ആത്യന്തികലക്ഷ്യം കാട്ടിക്കൊടുക്കുക എന്നത് കവിതയുടെ ലക്ഷ്യമാകുന്നു. സമൂഹത്തിലെ എല്ലാ നെറികേടുകളെയും കവി വിമർശിക്കുന്നു. ഭാരതീയ തത്ത്വ ചിന്തയുടെ ആവിഷ്കാരം കൊണ്ട് ധന്യമാണ് ജ്ഞാനപ്പാന. ഒരു ഭാഗം

**ഇന്നലെയോളമെന്തെന്നറിഞ്ഞീല**
**ഇനി നാളെയുമെന്തെന്നറിഞ്ഞീല**
**ഇന്നിക്കണ്ട തടിക്കു വിനാശവു**
**മിന്നനേരമെന്നേതുമറിഞ്ഞീല**
**കണ്ടുകണ്ടങ്ങിരിക്കും ജനങ്ങളെ**
**കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ**
**രണ്ടുനാലു ദിനം കൊണ്ടൊരുത്തനെ**
**തണ്ടിലേറ്റി നടത്തുന്നതും ഭവാൻ**
**മാളികമുകളേറിയ മന്നന്റെ**
**തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ**

കലികാലത്തിൽ നാമജപം കൊണ്ട് ജന്മസാഫല്യവും ബ്രഹ്മസായൂജ്യവും നേടാമെന്ന് പൂന്താനം ഉദ്ബോധിപ്പിക്കുന്നു.

സർപ്പിണി വൃത്തത്തിലാണ് രചന. 362 വരികളാണ് ഈ കാവ്യത്തിലുള്ളത്. ജ്ഞാനപ്പാന പോലെ അനവദ്യഹൃദ്യമായ ഒരു ഭക്തികാവ്യം അതിനു മുൻപും പിൻപും ഉണ്ടായിട്ടില്ല എന്നും ഏതെങ്കിലും ഭാരതീയ

ഭാഷകളിലുണ്ടായിട്ടുണ്ടോ എന്നും സംശയി ക്കേണ്ടിയിരിക്കുന്നു എന്നും പ്രൊഫ. എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെട്ടിട്ടുണ്ട്.

പാന എന്ന സാഹിത്യ പ്രസ്ഥാനത്തി ന്റെ ഉപജ്ഞാതാവാണ് പൂന്താനം, സന്താ നഗോപാലം അഥവാ കുമാരാഹരണം പാനയാണ് അടുത്ത കൃതി. ഒരു സാധു ബ്രാഹ്മണന്റെ പത്തു കുഞ്ഞുങ്ങളും ജനിച്ച ഉടൻ മരിച്ചു. കുഞ്ഞുങ്ങളെ വീണ്ടെടുക്കുമെന്ന് പ്രതിജ്ഞ ചെയ്ത അർജ്ജുനൻ അതിനായി പുറപ്പെടുന്നു. ബ്രാഹ്മണന്റെ ഹൃദയവിലാപം, അർജ്ജുനന്റെ അഗ്നിപ്രവേശം, ശ്രീകൃഷ്ണന്റെ സാന്ത്വനം, ശ്രീകൃഷ്ണന്റെയും അർജ്ജുനന്റെയും വൈകുണ്ഠയാത്ര, കുഞ്ഞിനെ വീണ്ടെടുക്കൽ എന്നിവയെല്ലാം ഒരു നാടകത്തിലെന്ന പോലെ കവി വർണ്ണിക്കുന്നു.

പൂന്താനം വൈകുണ്ഠം കണ്ടിട്ടുണ്ട് എന്ന ഐതിഹ്യം സത്യമാണെന്നു തോന്നിക്കുന്ന വിധത്തിലാണ് വൈകുണ്ഠ വർണ്ണന. ഒരു ഭാഗം.

**പത്തു നൂറ് സഹസ്ര കിരണന്മാർ**
**ബദ്ധമോദമുദിക്കും കണക്കിനേ**
**വിളങ്ങീടും നിരക്കവേ, താഴിക**
**ക്കുടങ്ങളതി ദൂരത്തു കാണായി.**
**കനകക്കൊടി തന്റെ മുകൾപ്പാട്ടിൽ**
**ഖഗരാജനിരപ്പതും കാണായി**

നിരവധി ലോകോക്തികൾ ഈ കൃതിയിൽ കാണാം.

**ഒരു കോപം കൊണ്ടങ്ങോട്ടു ചാടിയാ**
**ലിരു കോപം കൊണ്ടിങ്ങോട്ടു പോരാമോ**

**കുരച്ചീടുന്ന പട്ടിയൊരു നാളും**
**കടിച്ചീടുകയില്ലെന്നറിക നീ**

തുടങ്ങിയവ ഉദാഹരണം.

പാനവിഭാഗത്തിലെ മറ്റൊരു കൃതി കുചേ ലവൃത്തമാണ്. അനായാസമായ പദമേളനം കൊണ്ട് അനുഗൃഹീതമാണ് ഈ കൃതിയും. നെല്ല് രുചികരമായ അവിലാകുന്നതു പോലെ പൂന്താനത്തിന്റെ കൈയിൽ ഭാഷ ആസ്വാ ദ്യമായ കവിതയാകുന്നു.

സ്തോത്രകൃതികളിൽ പ്രഥമഗണനീയം ഭാഷാകർണ്ണാമൃതമാണ്. ഭാഗവതം ദശമ സ്കന്ധത്തിലെ കഥ തെളിമലയാളത്തിൽ പൂന്താനം തന്റെ ആരാധ്യദേവനായ ഗുരു വായൂരപ്പനോട് ചുരുക്കിപ്പറയുന്നു. 169 ശ്ലോ കങ്ങളാണ് കൃതിയിലുള്ളത്. പൂന്താനത്തിന്റെ പ്രാസപ്രയോഗപാടവത്തിന് ഒരു ദൃഷ്ടാന്തം



**അമ്പാടിക്കൊരു ഭൂഷണം രിപുസമൂ**
**ഹത്തിന്നഹോ ഭീഷണം**
**പൈമ്പാൽവെണ്ണതയിർക്കുമോഷണമതി**
**ക്രൂരാത്മനാം പേഷണം**
**വൻപാപത്തിനു ശോഷണം വനിതമാർ**
**ക്കാനന്ദ സംപോഷണം**
**നിൻപാദം മതിഭൂഷണ ഹരതുമേ**
**മഞ്ജീരസംഘോഷണം**

ശബ്ദാർത്ഥമേളന സൗഭാഗ്യത്തിനൊ രുദാഹരണം

**മന്നാശയാലും മദനാശയാലും**
**പൊന്നാശയാലും മറുകുന്ന ലോകം**
**നിന്നാശ കണ്ടീലൊരുവർക്കുമയ്യോ !**
**കണ്ണാ ശമം നൽകുക മാനസേമേ**

തിരുമാന്ധാംകുന്ന് ഭഗവതിയുടെ കേശാദിപാദം വർണ്ണിക്കുന്ന ഘനസംഘം പൂന്താനത്തിന്റെ ഏക ദേവീസ്തോത്ര കൃതിയാണ്.

ഹൈന്ദവ ഗൃഹത്തിൽ സന്ധ്യസമയത്തു ദീപം കൊളുത്തിവച്ച് ആലപിക്കുന്ന കീർത്ത നങ്ങളിൽ പലതും പൂന്താനം രചിച്ചവയാണ്.

**അഞ്ജന ശ്രീധരാ ചാരുമൂർത്തേ കൃഷ്ണാ**
**അഞ്ജലി കൂപ്പി വണങ്ങീടുന്നേൻ**
**(അഞ്ജനശ്രീധര)**
**നരകവൈരിയാമരവിന്ദാക്ഷന്റെ**
**ചെറിയ നാളത്തെ കളികളും**
**(നരകവൈരി സ്തോത്രം)**

എന്നിവ ഉദാഹരണം. കീർത്തനങ്ങളിൽ ഏറ്റവും പ്രസിദ്ധമായത് ആനന്ദനൃത്തമാണ്.

**അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ**
**ഉണ്ണിക്കൊരുണ്ണിക്കുഴല്യമങ്ങനെ.**

പൂന്താനത്തിന്റെ ഭക്തിയും ലാളിത്യവും വഴിയുന്ന കാവ്യങ്ങൾ ആസ്വദിച്ച് മതിമറ ന്നു മയങ്ങുന്നത് മലയാളികൾ മാത്രമല്ല, മലയാളം തന്നെയാണ്.

*(തുടരും)*

# നയി ചേത്ന

## ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെ കുടുംബശ്രീയുടെ സംസ്ഥാനതല ക്യാമ്പയിൻ












ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ നേതൃത്വത്തിൽ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും സംഘടിപ്പിക്കുന്ന 'നയി ചേതന'ജെൻഡർ ക്യാമ്പെയ്ൻ നവംബർ ഇരുപത്തിയഞ്ചിന് കുടുംബശ്രീയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് തുടക്കം കുറിച്ചു. അതിക്രമങ്ങളെ തിരിച്ചറിയുന്നതിനും പ്രതിരോധിക്കുന്നതിനും സ്ത്രീകളെ സജ്ജമാക്കുന്നതിനൊപ്പം സ്വന്തം അവകാശങ്ങളെക്കുറിച്ചുള്ള അറിവ് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന ക്യാമ്പയിന്റെ ഭാഗമായാണിത്. ഡിസംബർ ഇരുപത്തിമൂന്ന് വരെ നാലാഴ്ച നീണ്ടു നിൽക്കുന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ കോർ കമ്മിറ്റി രൂപീകരിച്ചു.

സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ വിവിധ ജില്ലകളിലായി ഇരുപത്തിയഞ്ച് ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചു കൊണ്ടാണ് ക്യാമ്പെയ്ന്റെ തുടക്കം. 'ലിംഗപദവി സമത്വവും ലിംഗാധിഷ്ഠിത അതിക്രമങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയാണ് പ്രവർത്തനങ്ങൾ. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പ്രത്യേകം തയ്യാറാക്കി നൽകിയ ലഘുലേഖകൾ, പോസ്റ്ററുകൾ, ഹ്രസ്വചിത്രങ്ങൾ എന്നിവയായിരിക്കും ബോധവൽക്കരണ പ്രചാരണ പരിപാടികൾക്കു വേണ്ടി ഉപയോഗിക്കുക. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കുടുംബശ്രീ മുഖേന സംസ്ഥാനത്ത് നടപ്പാക്കിയ 'സ്ത്രീപക്ഷ നവകേരളം' ക്യാമ്പയിന്റെ തുടർപരിപാടികളാണ് മുഖ്യമായും ക്യാമ്പെയ്നിൽ ഉൾപ്പെടുത്തുക. വിവിധ വകുപ്പുകളുടെ സംയോജനവും ഉറപ്പു വരുത്തിയിട്ടുണ്ട്.

ആദ്യ ആഴ്ച ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റിയെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാനാണ് നിർദേശം. വനിതാ ശിശുവികസന വകുപ്പുമായി ചേർന്ന് കുടുംബശ്രീ അയൽക്കൂട്ട എ.ഡി.എസ്, സി.ഡി.എസ് തലത്തിൽ ഈ പരിപാടി വിപുലമായ രീതിയിൽ നടത്തി വരികയാണ്. നിലവിലെ സേവനങ്ങൾ സ്ത്രീകൾക്ക് എത്രത്തോളം ലഭ്യമാണെന്ന ചർച്ചകൾ എല്ലാ അയൽക്കൂട്ടങ്ങളിലും സംഘടിപ്പിക്കുന്നുണ്ട്. രണ്ടാമത്തെ ആഴ്ച വിവിധ സേവനങ്ങൾ സംബന്ധിച്ച കുറിപ്പുകൾ, പോസ്റ്ററുകൾ എന്നിവ അയൽക്കൂട്ടങ്ങൾ തയ്യാറാക്കി പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കും. കൂടാതെ പ്രാദേശികതലത്തിൽ വിവിധ മേഖലകളിലെ പ്രമുഖ വ്യക്തികൾക്ക് സി.ഡി.എസിന്റെ നേതൃത്വത്തിൽ ആദരം നൽകും. അതിക്രമങ്ങളെ അതിജീവിച്ച വനിതകളുടെ അനുഭവങ്ങൾ പങ്കുവയ്ക്കലും വാർഡ്തലത്തിൽ സംഘടിപ്പിക്കുന്നുണ്ട്.

മൂന്നും നാലും ആഴ്ചകളിൽ ഓരോ സി.ഡി.എസ് പരിധിയിലുമുള്ള വിവിധ സ്ഥാപനങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പൊതുയോഗം സംഘടിപ്പിക്കുകയും അതിക്രമങ്ങൾക്കെതിരേ വിവിധ സഹായ സ്ഥാപനങ്ങളെ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടപ്പാക്കുക. ഇതിന്റെ ഭാഗമായി എല്ലാ അയൽക്കൂട്ടങ്ങളിലും പ്രതിജ്ഞയെടുക്കൽ, വാർഡ്തലത്തിലും സി.ഡി.എസ് തലത്തിലും റാലി, ഹ്രസ്വചിത്ര പ്രദർശനം, ചുവർ ചിത്രരചന, എന്നിവ സംഘടിപ്പിക്കും. ക്യാമ്പെയ്നുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളിലും പരമാവധി പൊതുജന പങ്കാളിത്തം ഉറപ്പു വരുത്താൻ പ്രത്യേകം ഊന്നൽ നൽകുന്നുണ്ട്. □



# കഥ കഴിയുന്ന കളിത്തട്ടുകൾ

■ മുരളീധരൻ തഴക്കര

'പണ്ടത്തെയത്താണിയും കിണറും വഴി-
യമ്പലവും തണൽവൃക്ഷവും നാലഞ്ചു
താന്തപഥികരും കാക്കച്ചിയെത്തിട-
മ്പേറ്റിയ പൈക്കളും ചേർന്ന നട്ടുച്ചതൻ
ചിത്രമിവിടെച്ചിതൽ തിന്നുപോയ്...."

പഴയ ഗ്രാമചിത്രങ്ങളിൽ ചിലത് ചിതൽ തിന്നുപോയിക്കഴിഞ്ഞ് എന്തെങ്കിലും നീക്കി ബാക്കിയുണ്ടോയെന്ന് പരതുകയാണ് നമ്മൾ. തീഷ്ണമായ ഈ ഉച്ചവെയിലിൽ ഒന്നിളവേല്ക്കാൻ നമുക്കിത്തിരി നേരം ഈ കളിത്തട്ടിലിരിക്കാം, അല്പം വിശ്രമിക്കാം.

പൊതുനിരത്തിന്റെ ഓരം ചേർന്ന് നാലും കൂടുന്ന കവലകളിൽ കളിത്തട്ടുകൾ സ്ഥാപിക്കുകയെന്നത് പോയകാല കേരളത്തിലെ ഭരണകർത്താക്കളുടെ ജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. വാഹനസൗകര്യമില്ലാത്ത കാലത്ത് കാൽനടയാത്രക്കാർക്ക് വഴിയോര വിശ്രമകേന്ദ്രങ്ങളായിരുന്നു കളിത്തട്ടുകൾ. ഇവയിലേറെയും കാലപ്പഴക്കത്താൽ ജീർണ്ണിച്ച് നിലംപൊത്തിയെങ്കിലും ചില പ്രദേശങ്ങളിലെങ്കിലും ജീർണ്ണാവസ്ഥയിലായ കളിത്തട്ടുകൾ അറ്റകുറ്റപണികൾ നടത്തി സംരക്ഷിക്കുന്നുവെന്നത് അഭിനന്ദനാർഹമായ കാര്യമാണ്.

ക്ഷേത്രത്തിനടുത്ത് ഭിത്തി കെട്ടാതെയും ചുവട്ടിൽ തട്ടോടുകൂടിയും പണിയുന്നപുരയെന്നാണ് 'ശബ്ദതാരാവലിയിൽ' കളിത്തട്ടിന് നൽകിയിരിക്കുന്ന നിർവചനം. ഓട്ടൻതുള്ളലും മറ്റ് ക്ഷേത്രകലകളും അവതരിപ്പിക്കുന്നതിനായി ക്ഷേത്രപരിസരത്ത് മണ്ഡലാകൃതിയിൽ ഉണ്ടാക്കിയിരുന്ന നിർമ്മിതിയുമം കളിത്തട്ടെന്നാണ് ശബ്ദതാരാവലിയിലെ നിർവചനം.

ഒരു കാലത്ത് ക്ഷേത്രങ്ങളായിരുന്നു രാജാധികാരത്തിന്റെ പ്രാദേശിക പ്രാതിനിധ്യം വഹിച്ചിരുന്ന സ്ഥാപനങ്ങൾ. അതിനാൽ പ്രധാന വീഥികളിലെല്ലാം ക്ഷേത്രങ്ങൾ ഉണ്ടായിരുന്നു. ഉയർത്തിക്കെട്ടിയ തറയും, നാലുതൂണുകളും, ഓലമേഞ്ഞ മേൽക്കൂരയും ചേർന്ന വളരെ ലളിതവും ആവശ്യാധിഷ്ഠിതവുമായ നിർമ്മാണം, നാലുവശവും ഭിത്തികെട്ടി മറയ്ക്കാത്തതിനാൽ ആവശ്യത്തിന് കാറ്റോട്ടവുമുണ്ടാകും എന്നതാണ് എടുത്തു പറയേണ്ട നന്മ. നടന്നു തളർന്നു വരുന്ന യാത്രക്കാർ ഇളവേൽക്കുന്നിടം, സായാഹ്നത്തിൽ ആളുകൾ ഒത്തുകൂടി ചതുരംഗമോ, പകിടയോ കളിയ്ക്കുന്നിടം, ഉത്സവനാളുകളിൽ മതിൽക്കു പുറത്തെ കലാപരി







പാടികൾക്ക് വേദിയാകുന്നിടം, ഒരു ചെറിയ യോഗമോ അഥവാ നാട്ടുകൂട്ടമോ ചേരുന്നതിന് തെരഞ്ഞെടുക്കുന്ന സ്ഥലം- ഇങ്ങനെ നാട്ടിലെ കളിത്തട്ടിന് എത്രയെത്ര ഉപയോഗങ്ങളായിരുന്നു.

ക്ഷേത്രത്തോടുചേർന്നുള്ള കളിത്തട്ടുകൾക്ക് മറ്റു പല പ്രയോജനങ്ങൾ കൂടിയുണ്ടായിരുന്നു. പ്രധാനമായും ക്ഷേത്രദർശനവും പ്രദക്ഷിണവും കഴിഞ്ഞ് ഭക്തജനങ്ങൾക്ക് വിശ്രമിക്കുവാനുള്ള ഇടം! അതിലുപരി കൂത്ത്, കൂടിയാട്ടം, ഓട്ടൻതുള്ളൽ തുടങ്ങിയ ക്ഷേത്രകലകൾ അരങ്ങേറുന്നതും ഇവിടെയായിരുന്നു. നാലുവശവും കെട്ടിയടയ്ക്കാതെയുള്ള ഘടനാപരമായ നിർമ്മിതി കളിത്തട്ടുകളെ ഒരു തുറന്ന വേദിയാക്കി മാറ്റുന്നു.

വാഹനസൗകര്യം വളരെ പരിമിതിമായിരുന്ന കാലത്ത് വില്ലുവണ്ടികളും കാളവണ്ടികളും മാത്രമായിരുന്നു പ്രധാന യാത്രാ ഉപാധികൾ. ഇതും സമൂഹത്തിലെ സമ്പന്നർക്ക് മാത്രമേ പ്രാപ്യമായിരുന്നുള്ളൂ. ഏറിയ പങ്കും കാൽനടയായി തന്നെയായിരുന്നു യാത്രകൾ. സ്കൂളിൽ പഠിക്കുവാനായിപ്പോലും പത്തും പതിനഞ്ചും കിലോമീറ്റർ നടന്നു പോകേണ്ട അവസ്ഥ! വീടുകളേക്കാൾ

**വാഹനസൗകര്യം വളരെ പരിമിതിമായിരുന്ന കാലത്ത് വില്ലുവണ്ടികളും കാളവണ്ടികളും മാത്രമായിരുന്നു പ്രധാന യാത്രാഉപാധികൾ. ഇതും സമൂഹത്തിലെ സമ്പന്നർക്ക് മാത്രമേ പ്രാപ്യമായിരുന്നുള്ളൂ. ഏറിയപങ്കും കാൽനടയായി തന്നെയായിരുന്നു യാത്രകൾ. സ്കൂളിൽ പഠിക്കുവാനായിപ്പോലും പത്തും പതിനഞ്ചും കിലോമീറ്റർ നടന്നു പോകേണ്ട അവസ്ഥ!**

കൂടുതൽ കാറുകളും നിരത്തുകളേക്കാളേറെ വാഹനങ്ങളുമുള്ള, ജീവിതത്തിന് വല്ലാതെ സ്പീഡ് കൂടിയ ഇക്കാലത്ത് പുതിയ തലമുറയ്ക്ക് ഇതൊക്കെ മുത്തശ്ശി കഥയായേ തോന്നൂ! പക്ഷേ സത്യമാണ്, വാഹനങ്ങൾ തീർത്തും അത്യപൂർവ്വവും അപര്യാപ്തവുമായിരുന്ന ഒരു സമീപഭൂതകാലമുണ്ടായിരുന്നു! മൈലുകൾ താണ്ടി കാൽനടയായി യാത്ര ചെയ്ത് ക്ഷീണിച്ചവശരായെത്തുന്ന വഴിയാത്രികർക്ക് ഇരിക്കുവാനും വിശ്രമിക്കുവാനും കളിത്തട്ടുകളായിരുന്നു ഏക ആശ്രയം. കളിത്തട്ടുകൾക്കു സമീപം ചുമടുതാങ്ങിയും, കുളവും, വഴിക്കിണറും ഉണ്ടാകും. തലയിൽ ചുമടേറ്റി വരുന്ന വഴിയാത്രക്കാർക്ക് പരസഹായം കൂടാതെ അത് ഇറക്കിവയ്ക്കുവാനും വീണ്ടും യാത്ര തുടങ്ങുമ്പോൾ തലയിലേറ്റുവാനും ചുമടുതാങ്ങി വലിയസഹായഹസ്തമായിരുന്നു. കുടിവെള്ളസ്രോതസ്സായി കിണറുമുണ്ടായിരുന്നു. ഭക്ഷണവും വിശ്രമവും സാദ്ധ്യമാക്കുന്ന ഇന്നത്തെ 'യാത്രീനിവാസ്സുകളുടെ' പ്രാചീനരൂപം എന്നുവേണമെങ്കിൽ കളിത്തട്ടിനെ വിശേഷിപ്പിക്കാം.


വഴിയോരങ്ങളിലെ പഴയ കളിത്തട്ടുകളിലേറെയും തറവാട്ടുമഹിമ വിളിച്ചറിയി

## ...എന്ന് വായനക്കാർ

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ മുൻനിര ലക്ഷ്യങ്ങളിൽ ഒന്നായ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ തൊഴിൽ ദാതാവായി മാറുക എന്നത് നേടിയെടുക്കുന്നതിനു വേണ്ടി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ള തൊഴിൽ സഭകളെപറ്റിയും അതിൻറെ പ്രാധാന്യത്തെയും സംഘാടനത്തെപ്പറ്റിയും  വിശദീകരിക്കുന്നതിനു വേണ്ടി ഹുസൈൻ എം. മിന്നത്ത് പ്രസിദ്ധീകരിച്ച തൊഴിൽ സഭകൾ തൊഴിലിന്റെ പ്രാദേശിക സാദ്ധ്യതകൾ എന്ന ലേഖനം വളരെ മികച്ചതായിരുന്നു. കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരെ പുത്തൻതൊഴിൽ മേഖലകളിലേക്ക് എത്തിക്കുന്നതിനും അതുവഴി തൊഴിലില്ലായ്മക്ക് പരിഹാരം എന്ന ലക്ഷ്യം എപ്രകാരം നേടാൻ സാധിക്കും എന്നും അദ്ദേഹം തന്റെ ലേഖനത്തിലൂടെ സ്ഥിതി വിവരകണക്കുകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ വിവരിക്കുന്നത് വളരെ പ്രയോജനപ്പെട്ടു എന്ന് പറയട്ടെ. ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട് തൊഴിൽ എങ്ങനെ ഫലപ്രദമായ രീതിയിൽ സംഘടിപ്പിക്കാൻ കഴിയും എന്നത് സംബന്ധിച്ച് ദിശാബോധം നൽകുന്നതുമായിരുന്നു ലേഖനം. ഈജിപ്തിലെ ഷാം എൽ ഷേയ്ക്കിൽ നടന്ന ഇരുപത്തേഴാമത് കാലാവസ്ഥ ഉച്ചകോടി ഉൾപ്പെടെയുള്ള കൂടിച്ചേരൽ സംബന്ധിച്ച് ടി ഷാഹുൽ ഹമീദ് പ്രസിദ്ധീകരിച്ച ലേഖനം വളരെയധികം അറിവ് പകരുന്നതായിരുന്നു.  കാർബൺ ബഹിർഗമനം പിടിച്ചുനിർത്തുന്നതിന്  കാർബൺ പാദമുദ്ര എപ്രകാരം പ്രാധാന്യം അർഹിക്കുന്നുവെന്ന് അദ്ദേഹം തന്റെ ലേഖനത്തിലൂടെ ചൂണ്ടികാണിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ പ്രാദേശിക ആസൂത്രണ പ്രവർത്തനങ്ങളിൽ കാലാവസ്ഥാവ്യതിയാനവും അതുമൂലമുണ്ടാകുന്ന ദുരന്ത സാധ്യതകളും വലിയ പ്രാധാന്യം നേടുന്ന ഈ കാലത്ത് അദ്ദേഹത്തിന്റെ ലേഖനം കാലികപ്രസക്തവും വിവരദായകവും ആയിരുന്നുവെന്ന് പ്രത്യേകം സൂചിപ്പിക്കേണ്ടതില്ല. ചുരുക്കത്തിൽ ഒക്ടോബർ മാസത്തെ പഞ്ചായത്ത് രാജ് മാസികയിൽ പ്രസിദ്ധീകരിച്ച എല്ലാ ലേഖനങ്ങളും ഉയർന്ന നിലവാരത്തിലുള്ളതും അറിവ് പകരുന്നതുമായിരുന്നു. പ്രസിദ്ധീകരണത്തിന് പിന്നണിയിൽ പ്രവർത്തിച്ച എല്ലാപേർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**നിഷ കെ.**
കണ്ണൂർ

പഞ്ചായത്ത് രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും കത്തുകളും prmdp2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കേണ്ടതാണ്.



ക്കുന്നതിന് പഴയ സമ്പന്ന കുടുംബങ്ങൾ പണികഴിപ്പിച്ചു നൽകിയിട്ടുള്ളവയാണ്. നിർമ്മാണം ഏറ്റെടുക്കുന്ന തറവാടുകളുടെ സാമ്പത്തിക സ്ഥിതിയ്ക്കനുസരിച്ച് കളിത്തട്ടുകളുടെ മേൽക്കൂരയിലും തൂണുകളിലും കൊത്തുപണികളും ചാരുതയാർന്ന ശില്പങ്ങളും കൊത്തിവയ്ക്കുമായിരുന്നു. വാഹനപ്പെരുപ്പത്താൽ നിരത്തുകൾ വല്ലാതെ വീർപ്പുമുട്ടുന്ന ഇക്കാലത്ത് അകലവും ദൂരവും ഇന്നൊരു പ്രശ്നമേയല്ല. ഇപ്പോഴും മലയാളി അതിരാവിലെ എഴുന്നേറ്റ് കിലോമീറ്ററുകൾ നടക്കുന്നുണ്ട്. പക്ഷേ അത് അവശ്യനടപ്പല്ല, മറിച്ച് ആരോഗ്യരക്ഷയ്ക്കായുള്ള നടപ്പാണ്. എന്നാൽ സൈക്കിളുകൾ പോലും സാർവ്വത്രികമല്ലാതിരുന്ന ഒരു കാലത്തെക്കുറിച്ച് സങ്കൽപ്പിച്ചാൽ മാത്രമേ കളിത്തട്ടുകളുടെ പ്രാധാന്യം ബോധ്യമാകൂ.

കേരളത്തിൽ ചിലേടങ്ങളിലെങ്കിലും ഇപ്പോഴും കളിത്തട്ടുകൾ സംരക്ഷിക്കപ്പെടുന്നുണ്ട്. ഗ്രാമനന്മയുടെ നാട്ടുകൂട്ടായ്മയുടെ പഴയകാല ജീവിതത്തിന്റെയൊക്കെ ഓർമ്മയിലേക്ക് നമ്മെ നയിക്കാൻ കളിത്തട്ട് ഒരു ഉപാധിയാണ്. ഇപ്പോൾ നാം വീടുവയ്ക്കുമ്പോൾ ആഡംബരധാടിയോടെ കോൺക്രീറ്റുകൊണ്ട് പടിപ്പുരയുണ്ടാക്കി സ്വർണ്ണവർണ്ണത്തിൽ മണിച്ചിത്രത്താഴ് വയ്ക്കുന്നുണ്ട്! ഇതേപോലെ പഴയ കളിത്തട്ടുകൾ അത്യാഢംബരങ്ങളോടെ തിരിച്ചുവരില്ലെന്നാരുകണ്ടു! പുതിയ പഞ്ചായത്തീരാജ് നിയമവ്യവസ്ഥയിൽ മൂന്നുമാസത്തിലൊരിക്കൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുകയെന്നത് ഭരണഘടനപരമായ ഉത്തരവാദിത്തമാണ്. എന്നാൽ ഇങ്ങനെ നിയമപരമായ നിബന്ധനകളൊന്നുമേയില്ലാതെ നാട്ടിലുണ്ടാകുന്ന എന്ത് പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതിനും, തീരുമാനങ്ങളെടുക്കുന്നതിനുമായി പണ്ട് നാട്ടുകൂട്ടങ്ങൾ ചേർന്നിരുന്ന കളിത്തട്ടുകൾ ഒരു കൗതുക കാഴ്ചയ്ക്കായെങ്കിലും പുനർജനിക്കുമോ? ഓരോ ഗ്രാമപഞ്ചായത്തും ഓരോ കളിത്തട്ടുകൾ പണിയുമോ? അത് ദുരുപയോഗം ചെയ്യപ്പെടാതെ നോക്കുന്ന ചുമതല ജനങ്ങൾ ഏറ്റെടുക്കുമോ? കാലം വല്ലാതെ മാറിപ്പോയില്ലേ? അങ്ങനെയൊരുറപ്പ് ആർക്കാണ് നൽകാൻ കഴിയുക. എങ്കിലും അങ്ങിങ്ങ് ഒരു തിരുശേഷിപ്പായി അവശേഷിക്കുന്ന കളിത്തട്ടുകളെങ്കിലും നിലംപൊത്താതെ സംരക്ഷിക്കാം. ഇങ്ങനെയുള്ള വഴിയമ്പലങ്ങൾ ഉണ്ടായിരുന്നുവെന്ന് പുതിയതലമുറ ഒന്നു കാണുകയെങ്കിലും ചെയ്യട്ടെ. □




## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



PANCHAYAT RAJ (Monthly) November 2022
Annual Subscription ₹120, Published on 20 November 2022 RNI. No. : 7959/61




Printed & Published by H. Dineshan IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Gramalakshmi Mudralayam, Kanjikodu, Palakkad, Kerala and
Published at Directorate of Panchayats, Kowdiar P.O., Thiruvananthapuram - 695 003, Kerala. Editor: H. Dineshan IAS